# ജനപഥം

ഫെബ്രുവരി 2013


## കവർസ്റ്റോറി


8
2013 ബജറ്റ് സമീപനം
വികസനത്തിന് കൂടുതൽ വിഭവങ്ങൾ
ഡോ. ബി.എ. പ്രകാശ്

11
സംസ്ഥാന ബജറ്റിനൊരു
ട്രാഫിക് ലൈൻ
ഡോ. ജോസ് ജേക്കബ്

4
ഉത്തിഷ്ഠത... ജാഗ്രത...
എഴുമാവിൽ രവീന്ദ്രനാഥ്

13
പ്രവാസി ഭാരതീയ ദിവസ്
ദിശാബോധം പകർന്ന സംഗമം
നാഫി മുഹമ്മദ്






14
ഞങ്ങൾ ഇന്ത്യക്കാർ;
ഇത് അപൂർവ സമാഗമം
കിരൺ റാം

16
മരുക്കാട്ടിലെ
നന്മമരം
മുസാഫിർ

19
ആഘോഷത്തിമിർപ്പടങ്ങാതെ
മലപ്പുറം
നബീൽ റാശിദ്





22
ആധുനിക മലയാളത്തിന്റെ
വളർത്തച്ഛൻ
ഡോ. കെ.എസ്. രവികുമാർ





26
ഫോട്ടോഫീച്ചർ

28
സംരംഭകർക്ക് താങ്ങും
തണലും
ടി.എസ്. ചന്ദ്രൻ

30
പഞ്ചാബിന്റെ ഹൃദയത്തിലൂടെ
ഒരു യാത്ര
ജേക്കബ് സാംസൺ മുട്ടട

32
പാടങ്ങൾ ഹരിതാഭമാക്കാൻ
പച്ചപ്പട
സുരേഷ് മുതുകുളം





34
വയൽനാടിന്റെ
കമ്പള നർത്തകർ
രമേശ്കുമാർ വെള്ളമുണ്ട

36
ശാസ്ത്ര ഭാവനകൾക്ക് മിഴിവേകി
ശാസ്ത്ര കോൺഗ്രസ്





38
കുളിർമാരിയായ് തൃപ്പരപ്പ്
വെള്ളച്ചാട്ടം
പി.എം. മണി വെള്ളറട


## പുതിയ പംക്തി തുടങ്ങുന്നു


50 ശാസ്ത്രലോകം
ഡോ. എം. രാജഗോപാൽ കമ്മത്ത്

40 ജില്ലകളിലൂടെ
44 വാർത്തയിൽ
46 പുസ്തക പരിചയം
47 പെൺജീവിതം
49 ശാസ്ത്രം
51 സമീക്ഷ
52 കാലത്തിനൊപ്പം




# സമയോചിതം

**പ്ര**തിരോധം ഫലപ്രദം എന്നു തുടങ്ങിയ തലക്കെട്ടുകളിൽ എയ്ഡ്സ് നിയന്ത്രണ പരിപാടികളുടെ സ്വാധീനം വിശദമാക്കി വന്ന ലേഖനങ്ങൾ ജനപഥത്തിന്റെ ഡിസംബർ ലക്കത്തെ സമയോചിതമാക്കി. വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾക്ക് ബഹുജനാധിഷ്ഠിത ശ്രമങ്ങൾ ഇനിയും ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം ഈ ലേഖനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. മലപ്പുറത്തിന്റെ സീറോ  പോസിറ്റീവ് സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തിയതും സാന്ദർഭികമായിത്തോന്നി.  അഭിനന്ദനങ്ങൾ.

**എം.പി. ചന്ദ്രൻ**
*മുണ്ടുമുഴി, വഴക്കാട്, മലപ്പുറം*

# ഗൃഹാതുരത്വത്തിനുമപ്പുറം

**പ്ര**വാസിയുടെ ഹൃദയം തൊട്ടറിയുന്ന പതിപ്പായിരുന്നു ജനുവരി ലക്കം ജനപഥം. മലയാളി പ്രവാസി ജീവിതത്തിന്റെ സമസ്ത തലങ്ങളെയും സ്പർശിക്കുവാൻ പൂർണമായി കഴിഞ്ഞെന്നു പറയാനാവില്ലെങ്കിലും അതിനു നടത്തിയ ശ്രമങ്ങൾതന്നെ വലിയൊരു കാര്യമാണ്. കാരണം പ്രവാസികളെക്കുറിച്ചുള്ള ചർച്ചകളെല്ലാം ഗൃഹാതുരത്വം തുളുമ്പിനിൽക്കുന്ന പതിവുചർച്ചകളിൽ അവസാനിക്കുകയാണ് പതിവ്. അതിനുമപ്പുറം ജീവിക്കാനായി വീടും നാടുമുപേക്ഷിച്ച് മറുനാട്ടിൽ പോവുന്ന മലയാളി നേരിടുന്ന പ്രശ്നങ്ങൾ, അവർ തൊഴിലിടങ്ങളിൽ നേരിടുന്ന സംഘർഷങ്ങൾ, ഭീഷണികൾ, ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ സാധാരണ വിസ്മരിക്കപ്പെടുകയാണ് പതിവ്. അവർ കൊണ്ടുവരുന്ന പെട്രോ ഡോളറുകളുടെ സുഖാലസ്യത്തിൽ മയങ്ങിക്കിടക്കുന്നവരാണ് ശരാശരി പ്രവാസികുടുംബങ്ങളെന്ന് കുറ്റം പറയുന്നവരും കുറവല്ല. എന്നാൽ യാഥാർത്ഥ്യം അതല്ലെന്നും ഗൗരവതരമായി കേരളം ചർച്ച ചെയ്യുകയും പരിഹാരം കാണുകയും ചെയ്യേണ്ട നിരവധി പ്രശ്നങ്ങൾ ഉണ്ടെന്നും സൂചിപ്പിക്കുന്നവയായിരുന്നു ഈ പതിപ്പിലെ മിക്ക ലേഖനങ്ങളും. സ്നേഹസ്പർശം പകരുന്ന മലയാളി മാലാഖമാർ, വിമാനയാത്രക്കാരായ തൊഴിലാളികൾ, പണം കായ്ക്കുന്ന മരങ്ങൾ, ഗൾഫ് കുടിയേറ്റത്തിന്റ്െ ചരിത്രവും വർത്തമാനവും തുടങ്ങിയ ലേഖനങ്ങൾ ഉദാഹരണം. പ്രവാസി എന്നുകേൾക്കുമ്പോൾ ഗൾഫ് മലയാളിയുടെ ചിരപരിചിത ചിത്രമാണ് ഓടിയെത്തുന്നതെങ്കിലും യൂറോപ്പിലെയും അമേരിക്കയിലെയും സിംഗപ്പൂരിലെയുമൊക്കെ മലയാളികളുടെ അനുഭവക്കുറിപ്പുകൾ കൂടി ഉൾപ്പെടുത്തിയത് സന്തോഷകരമാണ്. ഉത്തരേന്ത്യൻ മലയാളിപ്രവാസികളെ മറക്കരുതെന്ന ഓംചേരി എൻ. എൻ. പിള്ളയുടെ ഓർമ്മപ്പെടുത്തലും നന്നായി.

**സി.രാജീവ്ശങ്കർ**
*ആലുവ*

# വളരുന്ന പ്രവാസിസാഹിത്യം

**ഇ**ന്ത്യൻ പ്രവാസികൾ ജീവിതം,ഗൃഹാതുരത,സാഹിത്യം എന്ന ടി.പി. ശ്രീനിവാസന്റെ ലേഖനം ശ്രദ്ധേയമായി. അദ്ദേഹം പറഞ്ഞതുപോലെ ഇന്ത്യൻ പ്രവാസികളുടെ ജീവിതത്തിൽ ഇന്നു ,സൂര്യനസ്തമിക്കുന്നില്ല. പ്രവാസികളുടെ സാഹിത്യത്തിലും എന്നുകൂടി കൂട്ടിച്ചേർക്കാമെന്നുതോന്നുന്നു. റുഷ്ദിയും നൈപാളും അമിതാവ് ഘോഷും ജുംപ ലാഹിരിയും ബെന്യാമിനെപ്പോലുള്ള മലയാളി സാഹിത്യകാരന്മാരും മാത്രമല്ല ബ്ളോഗുകളിലും മറ്റും വരുന്ന പുതുതലമുറ സാഹിത്യകാരന്മാരും സാഹിത്യകാരികളും സൂചിപ്പിക്കുന്നതും അനുദിനം പടരുകയും വളരുകയും ചെയ്യുന്ന പ്രവാസി ജീവിതാനുഭവങ്ങളെക്കൂടിയാണ്.

**യാസ്മിൻ. എം.കെ**
*കണ്ണൂർ*

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2013
പുസ്തകം 1 ലക്കം 12

e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**നാഫിഹ് എം.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**എൻ. സുനിൽകുമാർ**

കവർ & ലേഔട്ട്
**കെ. ബിജു**

പ്രതിനിധികൾ:

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **അശ്വതി വി.പി.,** പത്തനംതിട്ട
- **പ്രവീൺ എസ്.ആർ.,** ഇടുക്കി
- **പി.ആർ. റോയി,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്**, വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**




# കൺകെട്ടല്ല വികസനം

നാടിന്റെ പുരോഗതിയെയും വികസനത്തെയും കുറിച്ചുള്ള ചർച്ചകളിൽ എന്നും ഉത്സുകരാണ് മലയാളികൾ. നമ്മുടെ രാഷ്ട്രീയ പ്രബുദ്ധതയും സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ കുറിച്ച പ്രതീക്ഷയും സ്വപ്നങ്ങളുമാണ് ഈ ചർച്ചകളുടെ പ്രധാന ഇന്ധനം. വിവിധതലങ്ങളിൽ പങ്കുവയ്ക്കപ്പെടുന്ന വികസന കാഴ്ചപ്പാടുകൾ സംസ്ഥാനത്തിന്റെ വികസന നയങ്ങൾ രൂപീകരിക്കുന്നതിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. കേരളത്തെ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന നിലവാരത്തിലേക്ക് വളർത്താൻ ലക്ഷ്യമിട്ട് ആസൂത്രിതവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ചിരിക്കെ വികസനം നമ്മുടെ മുഖ്യചർച്ചാവിഷയമായി മാറേണ്ടത് അനിവാര്യമാണ്.

എന്നാൽ വികസിത കേരളത്തിലേക്ക് പിന്നിടേണ്ട വഴിദൂരത്തെ കുറിച്ചും തരണം ചെയ്യേണ്ട പ്രതിബന്ധങ്ങളെ കുറിച്ചും യാഥാർഥ്യബോധത്തോടെയുള്ള വിശകലനങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ നമ്മുടെ ചുവടുകൾ സൂക്ഷ്മവും ഭദ്രവുമാവുകയുള്ളൂ. കേവലം വാചോടാപങ്ങളോ കൺകെട്ടുകളോ കൊണ്ട് കയ്യെത്തിപ്പിടിക്കാവുന്നതല്ല നമ്മുടെ ലക്ഷ്യം.

മോശമായ ധനസ്ഥിതിയും വിഭവങ്ങളുടെ അപര്യാപ്ത തയും പതിറ്റാണ്ടുകളായി നാം നേരിടുന്ന കടമ്പകളാണ്. ഉയർന്ന ധനക്കമ്മി, നിത്യനിദാന ചെലവുകൾക്കുപോലും കടം വാങ്ങേണ്ടി വരുന്ന നിർബന്ധിതാവസ്ഥ, അവയ്ക്ക് അടച്ചു തീർക്കേണ്ട വൻതോതിലെ പലിശ ഇവയൊക്കെ കണക്കിലെടുത്തുകൊണ്ട് വേദനാജനകമെങ്കിലും ഉറച്ച ചില നടപടികൾ കൈക്കൊണ്ടെങ്കിൽ മാത്രമേ കേരളത്തിന് വെല്ലുവിളികളെ അതിജീവിക്കാൻ സാധിക്കൂ. അടിസ്ഥാന സൗകര്യ മേഖലയുടെ വികസനത്തിനും മാലിന്യനിർമാർജ്ജനം, വൈദ്യുതി, ജലസേചനം, നഗരവികസനം തുടങ്ങിയ അടിയന്തിര പ്രാധാന്യമുള്ള മേഖലയിൽ ജനതാത്പര്യങ്ങൾക്ക് അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാന്റുകൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ കുറ്റമറ്റ നിലയിൽ നടപ്പാക്കുന്നതിനും മോശമായ ധനസ്ഥിതി പ്രതിസന്ധി തീർക്കുന്നുണ്ട്. ഈ സർക്കാർ സ്വീകരിച്ച ഉറച്ച നടപടികൾ ധനപ്രതിസന്ധിയിൽ അയവ് വന്നിട്ടുണ്ടെങ്കിലും കാലാകാലങ്ങളായി വർധിച്ചുകൊണ്ടിരിക്കുന്ന പൊതുകടവും ഉയരുന്ന ധനകമ്മിയും കണ്ടില്ലെന്ന് നടിക്കാനാവില്ല. കഴിഞ്ഞ ആറു വർഷത്തിനിടയിൽ പൊതുകടം ഇരട്ടിയിലധികമായി വർദ്ധിച്ചിട്ടുണ്ട്.

സർക്കാരിന്റെ മൊത്തം ചെലവിന്റെ പകുതിയും പെൻഷൻ, ശമ്പളം എന്നിവയ്ക്കാണ് ചെലവാക്കുന്നത്. ഇവയാകട്ടെ അടിക്കടി വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ സർക്കാർ നിർബന്ധിതരായത്. പൊതുസമൂഹം ആ തീരുമാനത്തെ സ്വാഗതം ചെയ്തത് സർക്കാരിന്റെ നിലപാടിന് ലഭിച്ച അംഗീകാരം മാത്രമല്ല, വികസന സമീപനങ്ങളിൽ ജനങ്ങൾ പുലർത്തുന്ന ജാഗ്രതയുടെ കൂടി സൂചകമാണ്. ഉറച്ച ചുവടുകളോടെ വികസന പാതയിൽ കൂടുതൽ മുന്നേറാൻ സർക്കാരിന് ഇത് കരുത്തു പകരുമെന്ന് ആശിക്കാം.

കഴിഞ്ഞ മാസം കേരളത്തിൽ അരങ്ങേറിയ രണ്ട് മഹാസംഗമങ്ങളെ കുറിച്ച് കൂടി ഇവിടെ പരാമർശിക്കാതിരിക്കാനാവില്ല. കൊച്ചിയിൽ അരങ്ങേറിയ പ്രവാസി ഭാരതീയ ദിവസും മലപ്പുറം ആതിഥേയത്വം വഹിച്ച സംസ്ഥാന സ്കൂൾ കലോത്സവവുമാണവ. എല്ലാ അർഥത്തിലും പ്രതീക്ഷകളെ ബഹുദൂരം പിന്നിലാക്കും വിധം ഗംഭീരവിജയമായിരുന്നു അവ. ഇന്ത്യൻ പ്രവാസികളുടെ ഒത്തുചേരലിന്റെ വേദിയായ പ്രവാസി ഭാരതീയ ദിവസ് ആദ്യമായാണ് കേരളത്തിൽ എത്തുന്നത്. യാതൊരു വിധ അലോസരത്തിനും ഇടംനൽകാതെ കൊടിയിറങ്ങിയ സംഗമം പ്രവാസിക്ഷേമത്തിലും ഈ മേഖലയിൽ കേരളത്തിന്റെ താത്പര്യം ഉയർത്തിപ്പിടിക്കുന്നതിനും തുണയായി.

സംസ്ഥാന സ്കൂൾ കലോത്സവം ഇക്കുറി സംഘാടനത്തിന്റെ പുതിയ ചരിത്രം തന്നെ കുറിച്ചിരിക്കുന്നു. കലോത്സവത്തെ നാട് ഒറ്റക്കെട്ടായി ഏറ്റെടുത്തപ്പോൾ വേദികളിൽ നിന്ന് ഹൃദയങ്ങളിലേക്ക് അവിസ്മരണീയമായ അനുഭവമായി അത് ചേക്കേറി. കൂട്ടായ്മയുടെയും സമർപ്പണത്തിന്റെയും മധുരിക്കുന്ന ഓർമ്മയായി കലോത്സവ ചരിത്രത്തിൽ അത് എന്നെന്നും നിലനിൽക്കുക തന്നെ ചെയ്യും.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ

എഴുമാവിൽ രവീന്ദ്രനാഥ്

# ഉത്തിഷ്ഠത... ജാഗ്രത...

ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാൻ നിബോധത... എന്ന മന്ത്രം കൊണ്ട് ലോകജനതയെ ആലസ്യത്തിൽ നിന്നുണർത്തിയ മഹാത്മാവാണ് സ്വാമി വിവേകാനന്ദൻ. 1863 ജനുവരി 12 ന് തിങ്കളാഴ്ച ഉത്തര കൊൽക്കത്തയിലെ സിമുലിയയിലാണ് സ്വാമിയുടെ ജനനം. കൊൽക്കത്ത ഹൈക്കോടതിയിലെ അറ്റോർണി ആയിരുന്ന വിശ്വനാഥദത്തയും ഭുവനേശ്വരി ദേവിയുമായിരുന്നു അച്ഛനമ്മമാർ. ആചാരമനുസരിച്ച് അദ്ദേഹത്തിന് മാതാപിതാക്കൾ ഇട്ട ആദ്യ പേര് വീരേശ്വരൻ എന്നായിരുന്നു. വീട്ടിലെ വിളിപ്പേര് ബിലെ. യഥാർഥ നാമം നരേന്ദ്രനാഥദത്ത എന്നായിരുന്നുവെങ്കിലും കൂട്ടുകാർക്ക് അദ്ദേഹം നരേൻ ആയിരുന്നു. തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്ന അമ്മയിൽ നിന്നാണ് ഇതിഹാസകഥകളും പുരാണ പാഠങ്ങളുമൊക്കെ നരേൻ അഭ്യസിച്ചത്. ആറു വയസ്സുവരെ അമ്മയായിരുന്നു നരേന്ദ്രന്റെ ഗുരു.

എട്ടാമത്തെ വയസ്സിലാണ് (1871) മെട്രോപൊളിറ്റൻ സ്കൂളിലേക്ക് നരേന്ദ്രനെ സ്കൂൾ വിദ്യാഭ്യാസത്തിന് അയക്കുന്നത്. ഈശ്വരചന്ദ്ര വിദ്യാസാഗർ സ്ഥാപിച്ച ഈ വിദ്യാലയം കൊൽക്കത്തയിലെ മികച്ച സ്കൂളെന്ന ഖ്യാതി നേടിയിരുന്നു. പഠനത്തിലും കളികളിലും ഒന്നുപോലെ തിളങ്ങിയ നരേന്ദ്രൻ അധ്യാപകരുടെ ക്രൂരതയ്ക്കും പക്ഷപാതപരമായ നടപടികൾക്കുമെതിരെ നാവുയർത്താൻ മടിച്ചിരുന്നില്ല. തുടർന്ന് പ്രസിഡൻസി കോളേജ്, സ്കോട്ട് ചർച്ച് കോളേജ് എന്നിവിടങ്ങളിലായി എഫ്.എ. കോഴ്സ് പൂർത്തിയാക്കി. 1884 ൽ ബി.എ. പരീക്ഷയും ജയിച്ചു. നല്ല പ്രസംഗങ്ങൾ കേൾക്കുക, വിവിധ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു വായിക്കുക എന്നിവയായിരുന്നു കോളേജ് ജീവിതകാലത്തെ നരേന്ദ്രന്റെ ഹോബികൾ. നാടകാഭിനയം, സംഗീതം ഇവയിലും ഇക്കാലത്ത് അദ്ദേഹം തന്റെ പ്രാവീണ്യം തെളിയിച്ചിരുന്നു.

വിദേശ ഭാഷകളുമായും എഴുത്തുകാരുമായി നരേന്ദ്രനെ ബന്ധപ്പെടുത്തുന്നതിൽ മുഖ്യ പങ്കുവഹിച്ച ആളായിരുന്നു പ്രൊഫ. വില്യം ഹേസ്റ്റി. പ്രകൃതിയെ പ്രണയിച്ച വില്യം വേർഡ്സ്വർത്ത് അങ്ങനെ നരേന്ദ്രന്റെ ഹൃദയത്തിലും കയറിക്കൂടി. അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങളെ ഇളക്കിമറിച്ചു. ഹ്യൂമിന്റെ പ്രമാണ നിഷേധചിന്തയും ഹെർബർട്ട് സ്പെൻസറുടെ ജ്ഞാനഗമ്യവാദവും അവനിലെ തത്വചിന്തകനെയും വിശകലന വിദഗ്ധനേയും വെളിച്ചത്തു കൊണ്ടുവന്നു. ഷെല്ലിയുടെ സർവഭൂത സൗഹൃദവും പ്ലേറ്റോയുടെ അതിന്ദ്രീയ തത്വചിന്തയും അവനെ അഗാധമായി സ്പർശിച്ചു. തന്റെ വത്സലശിഷ്യൻ പ്രതീക്ഷകൾക്കുമപ്പുറത്തേക്കുയരുന്നതു തിരിച്ചറിഞ്ഞ ഹേസ്റ്റി ഇത്തവണ ഗ്രന്ഥങ്ങൾക്കു പകരം ഒരു മഹാത്മാവിനെത്തന്നെയാണ് നരേന്ദ്രനു പരിചയപ്പെ



ടുത്തിക്കൊടുത്തത്. അതായിരുന്നു സാക്ഷാൽ ശ്രീരാമകൃഷ്ണ പരമഹംസൻ.

## രണ്ടു നക്ഷത്രങ്ങൾ

ഹേസ്റ്റിയിൽ നിന്നും ശ്രീരാമകൃഷ്ണനെക്കുറിച്ചറിഞ്ഞ നരേൻ അദ്ദേഹത്തെ നേരിട്ടു കാണാനാഗ്രഹിച്ചു. അങ്ങനെയിരിക്കെയാണ് സിമുലിയായിലെ സുരേന്ദ്രനാഥമിത്രയുടെ ഭവനത്തിൽ ശ്രീരാമകൃഷ്ണൻ സദ്സംഗത്തിനായി എത്തിച്ചേർന്നത്. അവിടേക്ക് കീർത്തനാലാപനത്തിനായി നരേന്ദ്രനും ക്ഷണിക്കപ്പെട്ടു. ആരാധകർക്കിടയിൽ ചമ്രം പടഞ്ഞിരിക്കുന്ന അർധനഗ്നനായ ആ മധ്യവയസ്കനെ നരേന്ദ്രൻ നോക്കിക്കണ്ടു. ഹേസ്റ്റി വാഴ്ത്തുന്ന ഏതു മഹത്വമാണ് ഇദ്ദേഹത്തിലുള്ളത്? അവൻ സ്വയം ചോദിച്ചു.


എന്നാൽ സദ്സംഗവേളയിൽ അദ്ദേഹത്തിൽനിന്നൊഴുകിയ വാഗ്പ്രവാഹം നരേന്ദ്രനെ അമ്പരപ്പിക്കുകതന്നെ ചെയ്തു. "എന്തു പേരിട്ടു വിളിച്ചാലും ഈശ്വരനെ സാക്ഷാത്കരിക്കണമെങ്കിൽ ഭക്തി കൂടിയേ കഴിയൂ. ഈശ്വര ഭക്തിയുണ്ടായാൽ വിവേകവും ജ്ഞാനവും വൈരാഗ്യവും എല്ലാം ഉണ്ടാകും. ഈശ്വര ഭക്തിയാവട്ടെ, മനുഷ്യസ്നേഹത്തിലൂടെയാണ് പ്രകടമാകുന്നത്. എല്ലാ ജീവജാലങ്ങളിലും ദൈവത്തെ കാണുന്നവനാണ് യഥാർഥ ഭക്തൻ" അദ്ദേഹം പറഞ്ഞുകൊണ്ടേയിരുന്നു. ആ സദ്സംഗത്തിൽ നരേൻ ഹൃദയമലിഞ്ഞു പാടി. ഗാനങ്ങൾ അവസാനിച്ചശേഷം ശ്രീരാമകൃഷ്ണൻ നരേന്ദ്രനെ തന്നോടു ചേർത്തുനിർത്തി ചോദിച്ചു. എത്ര കാലമായി ഞാൻ നിന്നെ കാത്തിരിക്കുന്നു? നിയെന്തേ വരാൻ വൈകി? ഒന്നിനും ഉത്തരമേകാൻ നരേന്ദ്രനായില്ല. നിറകണ്ണുകളോടെ അവൻ എല്ലാം കേട്ടുനിന്നു. സിമുലിയയിലെ സദ്സംഗം ഒരു നിമിത്തമായിരുന്നു. രണ്ടു നക്ഷത്രങ്ങളുടെ സംഗമഭൂവായി ആ ഭജനപ്പുരമാറി എന്ന് മഹർഷി അരബിന്ദോ പറയുന്നു. ഇതു ശരിവെച്ചുകൊണ്ട് റൊമേൻ റോളാങ് ഇപ്രകാരം പറഞ്ഞു 'ശ്രീരാമകൃഷ്ണ വിവേകാനന്ദോദയം ആധുനിക ഭാരതത്തിലെ എത്രയും വലിയ ഒരു ചരിത്രസംഭവമാണെന്നുള്ളതിൽ എനിക്ക് തെല്ലും സംശയമേയില്ല' തന്റെ വിജ്ഞാനമത്രയും പകരുവാൻ വേണ്ടുന്ന ഒരു സത്പാത്രത്തെ ശ്രീരാമകൃഷ്ണൻ കണ്ടെത്തിയെന്നായിരുന്നു ഈ കൂടിക്കാഴ്ചയെക്കുറിച്ച് ടാഗോർ പറഞ്ഞത്.

അങ്ങനെ നരേന്ദ്രൻ ശ്രീരാമകൃഷ്ണപരമഹംസരുടെ ആശ്രമം സ്ഥിതിചെയ്യുന്ന ദക്ഷിണേശ്വരത്തെ ഒരു സന്ദർശകനായി മാറി. തന്റെ സംശയങ്ങൾക്കെല്ലാമുള്ള മറുപടി ശ്രീരാമകൃഷ്ണന്റെ ഹൃദയത്തിലുണ്ടെന്ന് നരേന്ദ്രനറിഞ്ഞു. അവനിലെ ദാർശനികനെ രാമകൃഷ്ണൻ വളരെ മുമ്പേ അകലെനിന്നുതന്നെ അറിഞ്ഞിരുന്നു. ശ്രീരാമകൃഷ്ണനുമായുള്ള അടുപ്പം നരന്ദ്രന്റെ മനസ്സിലും മസ്തിഷ്കത്തിലും പുതിയ ഊർജപ്രവാഹം തന്നെ സൃഷ്ടിച്ചു.

## ദുരിതപർവം

പിതാവിന്റെ അപ്രതീക്ഷിതമായ മരണം നരേന്ദ്രനിൽ ഏൽപിച്ച ആഘാതം കനത്തതായിരുന്നു. കൊട്ടാരസദൃശമായ വീട്ടിൽ നിന്നും ആശ്രിതരും സേവകവൃന്ദവുമൊക്കെ ആ വേർപാടോടെ അകന്നകന്നു പോകുന്നത് അവൻ കണ്ടു. ആർഭാടപൂർവമായ ജീവിതം നയിച്ചിരുന്ന വിശ്വനാഥദത്ത വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേടുകളെപ്പറ്റി ചിന്തിച്ചിരുന്നതേയില്ല. ദാനശീലനായിരുന്ന അദ്ദേഹത്തെ ചൂഷണം ചെയ്തവർ ധാരാളമായിരുന്നു. മരണാനന്തരചടങ്ങുകൾ പോലും പൂർത്തിയാകുന്നതിനുമുമ്പേ കുടുംബം ഭാഗം വെക്കണമെന്ന ആവശ്യവുമായി ബന്ധുക്കളും ജപ്തിഭീഷണിയുമായി കുറേ പണമിടപാടുകാരും ആ മാളികവീട്ടിൽ കയറിയിറങ്ങിത്തുടങ്ങി. വീട്ടിലേക്ക് ഇരുൾച്ചിറകുമായി ദാരിദ്ര്യം പറന്നിറങ്ങുന്നതു കണ്ട് നരേന്ദ്രൻ പകച്ചുനിന്നുപോയി. കുടുംബം പുലർത്താനായി ഫ്രീമേസൺ എന്ന സംഘടനയിൽ ചേർന്ന നരേന്ദ്രന് അവിടെ അധികകാലം പിടിച്ചുനിൽക്കാനായില്ല. നരേന്ദ്രന്റെ കഷ്ടപ്പാടുകളറിഞ്ഞ ഈശ്വര ചന്ദ്രവിദ്യാസാഗർ തന്റെ ബൗബസാർ ഹൈസ്കൂളിലെ പ്രധാനാധ്യാപകനായി അവനെ നിയമിച്ചു. ആ നിയമനത്തോടു യോജിക്കാനാവാത്ത സാഗറിന്റെ ബന്ധുകൂടിയായ സ്കൂൾ സെക്രട്ടറി നരേന്ദ്രനെ ഏതുവിധേനയെങ്കിലും പുറത്തു ചാടിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ആത്മാഭിമാനം പണയം വെച്ചുകൊണ്ടുള്ള ജോലി, അതെത്രതന്നെ മുന്തിയതായാലും തനിക്ക് സ്വീകാര്യമല്ലെന്ന നിലപാടായിരുന്നു നരേന്ദ്രന്.

സ്കൂളിനോടു വിടപറഞ്ഞ നരേന്ദ്രൻ വക്കീലോഫീസിലെ ഗുമസ്തനായും വിവർത്തകനായും ജോലിനോക്കി. തന്റെ കഷ്ടപ്പാടുകളെപ്പറ്റി ആരോടെങ്കിലും ചർച്ചചെയ്യാൻ നരേന്ദ്രൻ തയാറായില്ല. എന്നാൽ ശ്രീരാമകൃഷ്ണൻ ഇതറിയുന്നുണ്ടായിരുന്നു. കാളീഘട്ടിൽ ചെന്ന് തന്റെ ദുരിതങ്ങൾ മാറ്റിത്തരണേ എന്നു പറഞ്ഞ് മനമുരുകി പ്രാർഥിക്കാൻ അദ്ദേഹം നരേന്ദ്രനോടുപദേശിച്ചു. ഒരു ദിവസം രാത്രി ഒൻപതു മണിയോടെ ശ്രീരാമകൃഷ്ണൻ നരേന്ദ്രനെ അടുത്തുവിളിച്ച് ഇപ്പോൾത്തന്നെ ക്ഷേത്രദർശനം നടത്തി ഇഷ്ടമുള്ള വരം ദേവിയോടു ചോദിക്കാൻ ആജ്ഞാപിച്ചു.


പ്രൊഫ. വില്യം ഹേസ്റ്റി

അതിൻ പ്രകാരം ശ്രീകോവിലിനു മുമ്പിലെത്തിയ നരേന്ദ്രൻ ദേവിയോടു ചോദിച്ച വരമിതായിരുന്നു 'അമ്മേ അടിയനു വിവേകമരുളിയാലും, ത്യാഗം നൽകിയാലും, അടിയനു ജ്ഞാനവും ഭക്തിയും നൽകിയാലും'.

നിറഞ്ഞ മനസ്സോടെയാണ് നരേന്ദ്രൻ ഗുരുസന്നിധിയിലെത്തിയത്. നടന്ന കാര്യങ്ങൾ അവൻ ഗുരുവിനോടു പറഞ്ഞു. അദ്ദേഹം അവനെ കളിയാക്കുകയും വീണ്ടും ക്ഷേത്രസന്നിധിയിൽപ്പോയി ദാരിദ്ര്യദുഃഖമകറ്റാൻ വേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ, സ്വന്തം ഭൗതിക സുഖത്തിനു വേണ്ടി യാചിക്കാൻ അവനായില്ല. ഓരോതവണ പ്രാർഥിക്കുമ്പോഴും നരേന്ദ്രനിലെ ആത്മശക്തി വർധിച്ചുവന്നു. നരേന്ദ്രന് ഒരിക്കലും സ്വന്തം കുടുംബത്തിന്റെ സമ്പദ്സമൃദ്ധിക്കായിമാത്രം പ്രാർഥിക്കാനാവില്ലെന്ന് ശ്രീരാമകൃഷ്ണന് അറിയാമായിരുന്നു. സ്വന്തം ദാരിദ്ര്യത്തെക്കുറിച്ചു ചിന്തിച്ചു മനസ്സു പുണ്ണാക്കാൻ വിധിക്കപ്പെട്ടവനല്ല താനെന്ന ബോധം അവനിൽ അരക്കിട്ടുറപ്പിക്കാൻ ഈ മൂന്നു ക്ഷേത്രദർശനങ്ങൾ സഹായിച്ചു. നരേന്ദ്രന്റെ കുടുംബത്തിന് ഉണ്ണാനും ഉടുക്കാനും മുട്ടുവരില്ലെന്ന അനുഗ്രഹം നൽകിയാണ് ശ്രീരാമകൃഷ്ണൻ അന്ന് കൊൽക്കത്തയിൽ നിന്നു മടങ്ങിയത്.


വില്യം വേർഡ്സ്‌വർത്ത്

തന്റെ കഷ്ടപ്പാടുകളെക്കുറിച്ച് വിവേകാനന്ദന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കൂ: 'അച്ഛന്റെ മരണാനന്തര ചടങ്ങുകൾ പൂർത്തിയാക്കും മുമ്പേ എനിക്കൊരു ജോലി തേടി തെണ്ടിത്തിരിയേണ്ടിവന്നു. പൊരിയുന്ന വയറോടെ, കാലിൽ ചെരിപ്പുമില്ലാതെ, നട്ടുച്ചത്തെ എരിവെയിലിൽ കയ്യിലൊരു അപേക്ഷയുമായി ഞാൻ ഓഫീസുതോറും കയറിയിറങ്ങി. എന്റെ ദുരവസ്ഥയിൽ അനുതപിക്കുന്ന ഒന്നോ രണ്ടോ കൂട്ടുകാർ ചിലപ്പോൾ കൂടെയുണ്ടായിരിക്കും. പക്ഷെ എവിടെയും എനിക്കെതിരെ വാതിൽ കൊട്ടിയടച്ചു. ജീവിതയാഥാർഥ്യവുമായുള്ള എന്റെ ഈ ആദ്യത്തെ സമ്പർക്കത്തിൽ നിന്നും നിസ്വാർഥമായ സഹതാപം ഈ ലോകത്തിൽ വിരളമാണെന്ന് എനിക്കു ബോധ്യമായി. ദീനർക്കും ദരിദ്രർക്കും ഉലകത്തിൽ സ്ഥാനമില്ലെന്ന് എനിക്കു മനസ്സിലായി. കുറച്ചു ദിവസം


ശ്രീരാമകൃഷ്ണ പരമഹംസൻ



സ്വാമി വിവേകാനന്ദൻ ചിക്കാഗോയിൽ

മുമ്പുവരെ എനിക്കെന്തെങ്കിലും സഹായം ചെയ്യുന്നത് അഭിമാനമായി കരുതിയിരുന്നവർ, തങ്ങൾക്കു വേണ്ടതിലധികമുണ്ടായിട്ടും എന്നെ കൈവിട്ടു'.

ഗുരുവിന്റെ അനുഗ്രഹമുണ്ടായതിനുശേഷം പൂർണമായും സമർപ്പിതമായ ഒരു ജീവിതമാണ് നരേന്ദ്രൻ തുടർന്നത്. വായന, പഠനം, ധ്യാനം, വ്യായാമം, സദ്സംഗം എന്നിവ സമന്വയിപ്പിച്ച പൊതുപ്രവർത്തനം തന്നെയായിരുന്നു അത്.

## ഭാരത പര്യടനം

1886 ആഗസ്റ്റ് 16 ന് ശ്രീരാമകൃഷ്ണപരമഹംസർ സമാധിയായി. അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളെ ഏകോപിപ്പിക്കാനും ഗുരുസ്മരണയ്ക്കായി ഒരു സ്ഥാപനം തുടങ്ങുവാനും നരേന്ദ്രനാണ് മുൻകയ്യെടുത്തത്. അദ്ദേഹത്തിന്റെ ചിത്രം വെച്ചു പൂജിച്ചിരുന്ന വരാഹനഗര മഠത്തിലെ ഒരു മുറിയിൽ നിന്നാണ് ശ്രീരാമകൃഷ്ണാശ്രമത്തിന്റെ തുടക്കം. രാമകൃഷ്ണശിഷ്യന്മാരിൽ ഒൻപതു പേരാണ് ആദ്യം സന്യാസം സ്വീകരിച്ചത്. ഓരോരുത്തർക്കും ഓരോ ചുമതലകൾ നൽകിയശേഷമാണ് നരേന്ദ്രൻ തന്റെ ഭാരതപര്യടനം ആരംഭിച്ചത്. 1887 മുതൽ രണ്ടു വർഷക്കാലം കൊണ്ട് അദ്ദേഹം തന്റെ രാഷ്ട്രത്തിന്റെ ഉള്ളിലേക്കിറങ്ങിച്ചെന്നു.

വാരണാസി, അയോദ്ധ്യ, ലക്നൗ, വൃന്ദാവനം, ഋഷികേശം തുടങ്ങിയ പുണ്യസ്ഥലങ്ങളിലെ യാത്രയ്ക്കുശേഷം അദ്ദേഹം ഡൽഹിയിലെത്തി. അവിടെ നിന്ന് ആൾവാർ, ജയ്പൂർ, പുണെ, കോലാപ്പൂർ വഴി മൈസൂരിലെത്തിയ വിവേകാനന്ദൻ അവിടെ മഹാരാജാവിന്റെ അതിഥിയായി കഴിഞ്ഞു. ഒരോ നാട്ടിലും അദ്ദേഹത്തെ കാണാനും ഉപദേശങ്ങൾ തേടാനും ആയിരക്കണക്കിനാളുകളാണ് തടിച്ചുകൂടിയത്. ശ്രീരാമകൃഷ്ണന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും അതിനായി പ്രാദേശികമായി സ്ഥാപനങ്ങൾ തുടങ്ങാൻ സഹായം അഭ്യർഥിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം.

1892 അവസാനമായിരുന്നു അദ്ദേഹം ബാംഗ്ലൂരിൽനിന്നും കേരളത്തിലെത്തിയത്. തൃശൂർ, കൊടുങ്ങല്ലൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ അദ്ദേഹം താമസിച്ചു. എറണാകുളത്തുവെച്ച് ഡോ. പല്പുവുമായും തിരുവനന്തപുരത്തുവെച്ച് ചട്ടമ്പിസ്വാമികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഒൻപതു ദിവസമാണ് അദ്ദേഹം തിരുവനന്തപുരത്തു താമസിച്ചത്. തുടർന്ന് കന്യാകുമാരിയിലെത്തിയ വിവേകാനന്ദൻ കടൽ നീന്തിക്കടന്ന് ഒരു വലിയ പാറമേൽ ധ്യാനം നടത്തുകയുണ്ടായി. അതാണ് വിഖ്യാതമായ വിവേകാനന്ദപ്പാറ. കന്യാകുമാരിയിൽനിന്നും പോണ്ടിച്ചേരിവഴി മദിരാശിയിലെത്തിയ സ്വാമികൾക്ക് ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വരവേൽപ്പാണു ലഭിച്ചത്. അവിടെ നിന്നും ഹൈദ്രാബാദിലേക്കും ജയ്പൂരിലേക്കും അദ്ദേഹം യാത്ര ചെയ്തു. ഖേത്രി മഹാരാജാവിന്റെ സഹായത്താലാണ് സ്വാമികൾ 1893 മെയ് 31 ന് അമേരിക്കയിലേക്കു യാത്രതിരിച്ചത്. 1893 സെപ്റ്റംബർ 11 നായിരുന്നു ലോകമത പാർലമെന്റ് എന്നറിയപ്പെട്ട സമ്മേളനം ആരംഭിച്ചത്.

> എറണാകുളത്തുവെച്ച് ഡോ. പല്പുവുമായും തിരുവനന്തപുരത്തുവെച്ച് ചട്ടമ്പിസ്വാമികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഒൻപതു ദിവസമാണ് അദ്ദേഹം തിരുവനന്തപുരത്തു താമസിച്ചത്. തുടർന്ന് കന്യാകുമാരിയിലെത്തിയ വിവേകാനന്ദൻ കടൽ നീന്തിക്കടന്ന് ഒരു വലിയ പാറമേൽ ധ്യാനം നടത്തുകയുണ്ടായി.

ഈ സമ്മേളനത്തിൽ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി 'അമേരിക്കയിലെ സഹോദരീ സഹോദരന്മാരെ' എന്ന അഭിസംബോധനയോടെ അദ്ദേഹം പ്രസംഗം തുടങ്ങിയതോടെ ജനങ്ങൾ നിശബ്ദരായി. കാവിവസ്ത്രം ചുറ്റിയ, മഞ്ഞത്തലപ്പാവണിഞ്ഞ യുവ സന്യാസിയുടെ തിളങ്ങുന്ന കണ്ണുകളും തുടുത്ത ചുണ്ടുകളും ജ്വലിക്കുന്ന വാക്കുകളും നാനാജാതി മതസ്ഥരുടെയും ഹൃദയം കവരുകതന്നെ ചെയ്തു.

## മടക്കയാത്ര

സമ്മേളനാന്തരം അമേരിക്കയിലും ഇംഗ്ലണ്ടിലും വിവിധ പ്രവിശ്യകളിലായി അദ്ദേഹത്തിനു സ്വീകരണങ്ങളൊരുക്കി. ഓരോ പ്രഭാഷണവും കേൾക്കാൻ പതിനായിരങ്ങൾ തടിച്ചുകൂടി. ദിനപ്പത്രങ്ങളെല്ലാം ആ യുവ സന്യാസിയുടെ മൊഴി

മുത്തുകൾ ഒന്നുപോലും നഷ്ടപ്പെടാതെ പകർത്തി. സർവകലാശാലകളും ദേവാലയങ്ങളും സന്നദ്ധ സംഘടനകളും അദ്ദേഹത്തിനുവേണ്ടി ക്യൂ നിന്നു. നാലുവർഷക്കാലം യൂറോപ്പിലാകെ തരംഗം സൃഷ്ടിച്ച ശേഷം 1897 ജനുവരി 26 ന് അദ്ദേഹം മടങ്ങിയെത്തി.

തുടർന്ന് മദിരാശി നഗരത്തിലെത്തിയ സ്വാമികൾ വൻ ജനാവലിയെ അഭിസംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു 'നമുക്കു വേണ്ടത് കരുത്തും ചുറുചുറുക്കും ശ്രദ്ധയും ആർജവവും നട്ടെല്ലുമുള്ള ചെറുപ്പക്കാരെയാണ്. ഇരുമ്പുകൊണ്ടുള്ള മാംസപേശികളും ഉരുക്കുകൊണ്ടുള്ള സിരാപടലവുമുള്ള ചെറുപ്പക്കാർ. ഇംഗ്ലീഷുകാർ നമ്മെ അലസരാക്കി മാറ്റി... ഓരോ ദിവസവും നാം പൂജ്യമായിക്കൊണ്ടിരിക്കുകയാണ്. കരഞ്ഞുതളരേണ്ട ജന്മമല്ല നമ്മുടേത്. അതൊക്കെ നമുക്കു മാറ്റിവെക്കാം... നമുക്കു സ്വന്തം കാലിൽ നിൽക്കാം. ആണുങ്ങളാവാം, ചുണക്കുട്ടികളെ വാർത്തെടുക്കുന്ന സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാം, അതിനായുള്ള വിദ്യാഭ്യാസ പരിപാടികൾ ആവിഷ്ക്കരിക്കാം'.

**1897 മെയ് ഒന്നിന് ശ്രീരാമകൃഷ്ണഭക്തരുടെ യോഗത്തിൽ രാമകൃഷ്ണമിഷൻ അസോസിയേഷൻ എന്ന സംഘടന അദ്ദേഹം പ്രഖ്യാപിച്ചു. ക്രമേണ രാജ്യത്തുടനീളം മിഷന്റെ ആഭിമുഖ്യത്തിൽ ആശ്രമങ്ങളും വിദ്യാലയങ്ങളും സ്ഥാപിക്കപ്പെട്ടു**

## അസ്തമനം

1897 ഫെബ്രുവരി 15 ന് ജന്മനാട്ടിൽ മടങ്ങിയെത്തിയ സ്വാമിജിക്ക് ആചാരപരമായ വരവേല്പാണു ലഭിച്ചത്. തന്റെ എല്ലാമെല്ലാമായ ഗുരുനാഥന്റെ ചിരസ്മരണയ്ക്കായി ഒരു സ്ഥാപനം എന്ന തന്റെ ആശയത്തെപ്പറ്റി മറുപടി പ്രസംഗത്തിൽ അദ്ദേഹം പ്രതിപാദിച്ചു. തുടർന്നുള്ള ഏതാനും മാസങ്ങൾ അതു സംബന്ധിച്ച പ്രവർത്തനങ്ങളിൽ അദ്ദേഹം മുഴുകി. 1897 മെയ് ഒന്നിന് ശ്രീരാമകൃഷ്ണഭക്തരുടെ യോഗത്തിൽ രാമകൃഷ്ണമിഷൻ അസോസിയേഷൻ എന്ന സംഘടന അദ്ദേഹം പ്രഖ്യാപിച്ചു. ക്രമേണ രാജ്യത്തുടനീളം മിഷന്റെ ആഭിമുഖ്യത്തിൽ ആശ്രമങ്ങളും വിദ്യാലയങ്ങളും സ്ഥാപിക്കപ്പെട്ടു. പ്രബുദ്ധഭാരതം, ഉദ്ബോധൻ, വേദാന്തകേസരി തുടങ്ങിയ പ്രസിദ്ധീകരണങ്ങളും മിഷന്റേതായി പ്രസിദ്ധീകരിച്ചുതുടങ്ങി. മിഷന്റെ പ്രചരണാർഥം സ്വാമിജി 1899 ജൂൺ 20 ന് വീണ്ടും വിദേശത്തേക്കു യാത്ര തിരിച്ചു. പ്രഭാഷണങ്ങളും സദ്സംഗങ്ങളുമായി അഞ്ചു മാസത്തോളം വിവിധ രാജ്യങ്ങളിൽ ചെലവഴിച്ചശേഷം അദ്ദേഹവും സംഘവും 1900 ഡിസംബർ 6 ന് കൊൽക്കത്തയിൽ മടങ്ങിയെത്തി. കുറേക്കാലം സംഘടനാ പ്രവർത്തനങ്ങളിൽ മുഴുകിയ ശേഷം 1901 മാർച്ചിൽ അമ്മയോടൊപ്പം പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ പുറപ്പെട്ടു. മെയ് 15ന് മടങ്ങിയെത്തിയ സ്വാമികൾ ബേലൂർമഠത്തിൽ എഴുത്തും വായനയും സംഘടനയുടെ അവലോകനവുമായി കഴിച്ചുകൂട്ടി. ആ വർഷത്തെ പൂജാമഹോത്സവം (നവരാത്രി) സ്വാമികളുടെ സാന്നിധ്യത്തിലായിരുന്നു മഠം കൊണ്ടാടിയത്.



ചിക്കാഗോയിലെ ലോകമത സമ്മേളന ദൃശ്യം

1902 ജൂലൈ 4 ാം തീയതി വെള്ളിയാഴ്ച ദീപാരാധനയ്ക്കു ശേഷം സ്വാമിജി തന്റെ വിശ്രമമുറിയിൽ കയറി വാതിലുകളും ജനാലകളും അടച്ചിട്ട് പ്രാർഥനയിൽ മുഴുകി. പ്രാർഥന കഴിഞ്ഞ് ഒരു ശിഷ്യനെ വിളിച്ച് അൽപനേരം വീശിത്തരണമെന്നു പറഞ്ഞശേഷം അദ്ദേഹം നിദ്രയിൽ ലയിച്ചു. അത് അന്ത്യനിദ്രയായിരുന്നുവെന്ന് ലോകമറിഞ്ഞത് വളരെ നേരം കഴിഞ്ഞാണ്.

സ്വാമികളെക്കുറിച്ചു പറയുമ്പോൾ ആദ്യം ഓർമയിൽ വരുന്നത് രഘുവംശത്തിലെ ദിലീപവർണനയാണ് (1.15)

*ആകാരസദൃശ പ്രജ്ഞഃ പ്രജ്ഞയാസദൃശാഗമ*
*ആഗമൈഃ സദൃശാരംഭഃ ആരംഭസദൃശോദയ*

*(ചേതോഹരമായ രൂപം; രൂപത്തിനനുരൂപമായ ബുദ്ധി, ബുദ്ധിക്കൊത്ത ശാസ്ത്രവിജ്ഞാനം; വിജ്ഞാനത്തിനൊത്ത കർമം, കർമത്തിനൊത്ത ഫലസിദ്ധി)*

അതെ എല്ലാംതികഞ്ഞ ആ ഉത്തമപുരുഷന് 39 വർഷവും അഞ്ചു മാസവും 24 ദിവസവും മാത്രമേ ഭൂലോകവാസം വിധിച്ചിരുന്നുള്ളൂ. ഇക്കാലയളവിനുള്ളിൽ 300 വർഷങ്ങൾ കൊണ്ടു ചെയ്തു തീർക്കാവുന്ന കാര്യങ്ങളാണ് ആ മഹാത്മാവ് പൂർത്തിയാക്കിയത്.

സ്വാമികളെക്കുറിച്ച് ശിഷ്യയായ സിസ്റ്റർ ക്രിസ്റ്റീൻ പറഞ്ഞ വാക്കുകളോടെ പൂർത്തിയാക്കാം.

*വളരെക്കാലം കൂടുമ്പോൾ ചിലപ്പോഴൊക്കെ മറ്റേതോ വിദൂര മണ്ഡലത്തിൽ നിന്ന്, ഒരു വ്യക്തി നിശ്ചയമായും ഈ ഭൂമണ്ഡലത്തിൽ വന്നുചേരുന്നു. അദ്ദേഹം ആ വിദൂര മണ്ഡലത്തിന്റെ മഹത്വവും വൈഭവവും തേജസും ഇവിടേക്കു കൊണ്ടുവരുന്നു. മനുഷ്യരോടൊത്തു വിഹരിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന് ഇവിടം സ്വന്തമായിത്തോന്നുകയില്ല. കേവലം ഒരു രാത്രി തങ്ങി മടങ്ങിപ്പോകുന്ന ഒരു തീർഥാടകൻ, തീർത്തും അപരിചിതൻ...* ■

■ ഡോ. ബി.എ. പ്രകാശ്



# 2013 ബജറ്റ് സമീപനം
# വികസനത്തിന് കൂടുതൽ വിഭവങ്ങൾ

സംസ്ഥാന സർക്കാർ വർഷങ്ങളായി അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നം മോശമായ ധനസ്ഥിതിയാണ്. വിഭവങ്ങളുടെ അപര്യാപ്തത സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനും മറ്റു മേഖലകളിലെ വികസനത്തിനും പ്രധാന തടസമായി നിൽക്കുന്നു. ഈ സർക്കാർ സ്വീകരിച്ച നടപടികൾ മൂലം ധനപ്രതിസന്ധിയിൽ കുറെ അയവു വന്നുവെങ്കിലും ധനകമ്മി ഉയർന്ന തോതിൽ നിലനിൽക്കുന്നു. നിത്യനിദാന ചെലവുകൾക്കും കടംവാങ്ങേണ്ട സ്ഥിതി തുടരുന്നു. വേണ്ടത്ര പണം ഇല്ലാത്തതുമൂലം അടിസ്ഥാന ഘടകമേഖല വികസനപ്രതിസന്ധിയിലാണ്. വർധിച്ചുവരുന്ന യാത്രാ ആവശ്യങ്ങൾക്കനുസരിച്ച് റോഡുകൾ വീതികൂട്ടാനോ, പുതിയവ പണിയാനോ, പാലങ്ങൾ, മറ്റു ഗതാഗത സംവിധാനങ്ങൾ എന്നിവ വികസിപ്പിക്കാനോ കഴിയുന്നില്ല. കുടിവെള്ള വിതരണം, വൈദ്യുതി, ജലസേചനം, മാലിന്യനിർമാർജനം, നഗരങ്ങളുടെ അടിസ്ഥാനസൗകര്യം തുടങ്ങിയ മേഖലകളുടെ വികസനത്തിനും വേണ്ടത്ര പണമില്ലാത്ത സ്ഥിതിയാണ്. ഇതോടൊപ്പം സർക്കാർ ഗ്രാന്റുകൾ, മറ്റു സഹായങ്ങൾ എന്നിവയെ ആശ്രയിച്ചു പ്രവർത്തിക്കുന്ന സർവകലാശാലകൾ, മറ്റു സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ധനസ്ഥിതിയും മോശമായിവരുന്നു. ധനപ്രതിസന്ധിമൂലം കെ.എസ്.ആർ.ടി.സി സമ്പൂർണ തകർച്ചയുടെ വക്കിലാണ്. ഈ സാഹ



ചര്യത്തിൽ സംസ്ഥാന സർക്കാരിന്റെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതു മേഖലാ സ്ഥാപനങ്ങളുടെയും ധനസ്ഥിതി മെച്ചമാക്കി വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ വിഭവങ്ങൾ കണ്ടെത്തിയാൽ മാത്രമേ കേരളത്തിന് വികസന മുരടിപ്പിൽ നിന്നും രക്ഷനേടാൻ കഴിയൂ.

### ധനസ്ഥിതി: ഒരവലോകനം

2001 ലും 2011 ലും പുറത്തിറക്കിയ ധവളപത്രങ്ങൾ സംസ്ഥാനസർക്കാരിന്റെ ധനസ്ഥിതി വളരെ മോശമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. നിത്യനിദാന ചെലവുകൾക്കുപോലും കടംവാങ്ങുന്ന, പെൻഷൻ ആനുകൂല്യങ്ങൾ, പി.എഫ്. വായ്പ, ഡി.എ. കുടിശിക, പൊതുമരാമത്തു പണികൾ, ആശുപത്രികളിൽ മരുന്നുവാങ്ങിയ കുടിശിക, സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പാ പലിശ കുടിശികകൾ തുടങ്ങിയവ പോലും കൊടുക്കാൻ കഴിവില്ലാത്ത സമ്പൂർണമായി തകർന്ന ഒരു ഖജനാവിന്റെ ചിത്രമാണ് 2001 ലെ ധവളപത്രം നൽകുന്നത്.

സർക്കാർ രൂക്ഷമായ ധനപ്രതിസന്ധിയിലാണെന്നുംരാജ്യത്ത് ഏറ്റവും കൂടുതൽ കടബാധ്യതയുള്ള മൂന്നു സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്നും 2011 ലെ ധവളപത്രം പറയുന്നു. തൊണ്ണൂറുകളിൽ റവന്യൂ കമ്മി ചെറിയതോതിലായിരുന്നു. എന്നാൽ കഴിഞ്ഞ ദശാബ്ദത്തിൽ റവന്യൂ കമ്മിയിൽ വൻ വർധനവന്നിരിക്കുന്നു.

### പൊതു കടം

സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ വൻവർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ടു ദശാബ്ദത്തിനുള്ളിൽ പൊതുകടം 4717 കോടിയിൽ നിന്ന് 93,132 കോടിയായി വർധിച്ചു. കഴിഞ്ഞ ആറു വർഷത്തിൽ പൊതുകടം ഇരട്ടിയിലധികമായി (പട്ടിക 1). ഇപ്പോൾ സർക്കാരിന്റെ പൊതുകടം ഒരു ലക്ഷം കോടിയോളമാണ്. സർക്കാരിന് താങ്ങാൻ കഴിയാത്ത നിലയ്ക്ക് പൊതുകടം വർധിച്ചുകൊണ്ടിരിക്കുന്നു.



**2011–12 സാമ്പത്തിക വർഷം സർക്കാരിന്റെ മൊത്തം ചെലവ് ഏതാണ്ട് 50,000 കോടി രൂപയാണ്. ഇതിൽ അഞ്ചിലൊന്നിലധികവും കടംവാങ്ങിയ തുകയാണ് (10712 കോടി). കടം വാങ്ങിയ തുകയിൽ പകുതിയിലധികവും ശമ്പളം, പെൻഷൻ തുടങ്ങിയ നിത്യനിദാന ചെലവുകൾക്കുവേണ്ടി വിനിയോഗിക്കുന്നു**

**പട്ടിക 1**
**പൊതുകടത്തിൽ വന്ന വർധന**

| വർഷം | പൊതു കടം (രൂപ. കോടി) | വർധന (ശതമാനം) |
|---|---|---|
| 1990 – 91 | 4,717 | – |
| 1995 – 96 | 10,113 | 114 |
| 2000 – 01 | 23,919 | 136 |
| 2005 – 06 | 45,929 | 92 |
| 2011 – 12 | 93,132 | 103 |

പലിശ ഇനത്തിലുള്ള ചെലവും തുടർച്ചയായി വർധിക്കുന്നു. 2000–01 ൽ പലിശ ചെലവ് 2257 കോടിയായിരുന്നത് 2011–12 ൽ 6305 കോടിയായി വർധിച്ചു. രാജ്യത്ത് ഏറ്റവും കൂടുതൽ കടബാധ്യതയുള്ള മൂന്നു സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. മറ്റു സംസ്ഥാനങ്ങൾ പശ്ചിമബംഗാൾ, പഞ്ചാബ് എന്നിവയാണ്. 2011–12 സാമ്പത്തിക വർഷം സർക്കാരിന്റെ മൊത്തം ചെലവ് ഏതാണ്ട് 50,000 കോടി രൂപയാണ്. ഇതിൽ അഞ്ചിലൊന്നിലധികവും കടംവാങ്ങിയ തുകയാണ് (10712 കോടി). കടം വാങ്ങിയ തുകയിൽ പകുതിയിലധികവും ശമ്പളം, പെൻഷൻ തുടങ്ങിയ നിത്യനിദാന ചെലവുകൾക്കുവേണ്ടി ചെലവാകുന്നു.

### പ്രധാന ചെലവിനങ്ങൾ

സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി മോശമാക്കുന്ന പ്രധാന നാലു ചെലവിനങ്ങൾ 1) വർധിച്ചു വരുന്ന ജീവനക്കാരുടെ ശമ്പളം, 2) സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകുന്ന ടീച്ചിങ് ഗ്രാന്റ്, 3) പെൻഷൻ (4) പലിശ എന്നിവയാണ്. 2011–12 ൽ മൊത്തം ചെലവിന്റെ 63 ശതമാനവും ഇതിനുവേണ്ടിയാണ് ചെലവാക്കിയത്.

സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന ജീവനക്കാരുടെ എണ്ണം 2012 മാർച്ചിൽ 5,02,675 ആണ്. ഇവരിൽ 72 ശതമാനം പേർ സർക്കാർ ജീവനക്കാരും 28 ശതമാനം പേർ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുമാണ് (പട്ടിക 2).

**പട്ടിക 2**
**സർക്കാർ ജീവനക്കാരുടെ എണ്ണം (മാർച്ച് 2012)**

| വിഭാഗം | എണ്ണം | (ശതമാനം) |
|---|---|---|
| സർക്കാർ ജീവനക്കാർ | 3,61,313 | 72 |
| സ്വകാര്യഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 1,41,362 | 28 |
| **മൊത്തം** | **5,02,675** | **100** |

സർക്കാർ ജീവനക്കാരെ പബ്ലിക് സർവീസ് കമ്മിഷൻ നിയമിക്കുമ്പോൾ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരെയും ജീവനക്കാരെയും സ്ഥാപനങ്ങളുടെ മാനേജ്മെന്റ് നിയമിക്കുന്നു. സർക്കാർ അധ്യാപകർക്കു തുല്യമായ വേതനവും പെൻഷനുമാണ് സ്വകാര്യ അധ്യാപകർക്കു നൽകുന്നത്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ സർവീസ് വ്യവസ്ഥകളും ബാധകമല്ല.

സംസ്ഥാനത്ത് പ്രതിമാസം പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം 4,59,432. ഇവർ മൂന്നു വിഭാഗത്തിൽപ്പെടുന്നു. ഒന്ന് സർക്കാർ വകുപ്പുകളിൽ നിന്നും സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച സർവീസ് പെൻഷൻകാർ. മൊത്തം പെൻഷൻകാരിൽ 52 ശതമാനവും ഇവരാണ്. രണ്ട്: സർവീസ് പെൻഷൻ ലഭിക്കുന്നവർ. മരിച്ചാൽ അവരുടെ ആശ്രിതർക്കു നൽകുന്ന ഫാമിലി പെൻഷൻ. മൂന്ന്: എക്സ് എം.എൽ.മാർ, സ്വാതന്ത്ര്യ സമര സേനാനികൾ, ദരിദ്രരായ കലാകാരന്മാർ, സാഹിത്യകാരന്മാർ തുടങ്ങിയവർക്കു നൽകുന്ന പെൻഷൻ (പട്ടിക 3).

**പട്ടിക 3**
**പെൻഷൻ വാങ്ങുന്നവർ (മാർച്ച് 2012)**

| വിഭാഗം | എണ്ണം | (ശതമാനം) |
|---|---|---|
| സർവീസ് പെൻഷൻ | 2,37,780 | 51.76 |
| ഫാമിലി പെൻഷൻ | 93,015 | 20.25 |
| മറ്റു വിഭാഗം | 1,28,637 | 27.99 |
| **മൊത്തം** | **4,59,432** | **100.00** |

സർക്കാരിന്റെ മൊത്തം ചെലവിൽ പകുതിയും ചെലവാകുന്നത് ശമ്പളം, പെൻഷൻ എന്നിവയ്ക്കാണ്. മാത്രവുമല്ല സർക്കാരിന്റെ ചെലവിനങ്ങളിൽ ഏറ്റവും വലിയ വർധനയുണ്ടായിക്കൊണ്ടിരിക്കുന്നതും ഈയിനങ്ങളിലാണ്. കഴിഞ്ഞ

അഞ്ചു വർഷത്തിനിടെ ഈ ഇനത്തിലുള്ള ചെലവിൽ വൻ വർധനയാണ് ഉണ്ടായിട്ടുള്ളത് (പട്ടിക 4).

**പട്ടിക 4**
**ശമ്പളം, പെൻഷൻ ഇനത്തിലുള്ള ചെലവ്**

| വിഭാഗം | ചെലവ് 2006-07 (രൂപ കോടി) | ചെലവ് 2011-12 (രൂപ കോടി) | വർധന (ശതമാനം) |
|---|---|---|---|
| ശമ്പളം | 6,550 | 16,082 | 145 |
| പെൻഷൻ | 3,295 | 8,746 | 165 |
| ശമ്പളവും പെൻഷനും | 9,845 | 24,828 | 152 |
| മൊത്തം ചെലവ് | 22,077 | 49,897 | 126 |

ശമ്പളമിനത്തിലുള്ള ചെലവ് അഞ്ചു വർഷത്തിനുള്ളിൽ 145 ശതമാനം വർധിച്ചു. പെൻഷൻ ഇനത്തിലെ ചെലവ് അഞ്ചു വർഷത്തിനുള്ളിൽ 165 ശതമാനം വർധിച്ചു. ചുരുക്കത്തിൽ ശമ്പളവും പെൻഷനും ഇനത്തിലുള്ള ചെലവ് 152 ശതമാനമായി വർധിച്ചു.

2011-12 സാമ്പത്തിക വർഷത്തെ മൊത്തം ചെലവായ 49,897 കോടി രൂപയിൽ ശമ്പളത്തിന് 32 ശതമാനവും പെൻഷന് 12 ശതമാനവുമാണ് ചെലവാകുന്നത്. 2011-12 ൽ പലിശയിനത്തിലുള്ള ചെലവ് 6,305 കോടിയാണ്. മൊത്തം ചെലവിന്റെ 13 ശതമാനം. ചുരുക്കത്തിൽ മൊത്തം ചെലവിന്റെ 63 ശതമാനവും ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കു വേണ്ടി ചെലവാക്കുന്നു. ഈ ഇനങ്ങളിലെ ചെലവ് നിയന്ത്രിച്ചാൽ മാത്രമെ സർക്കാരിന്റെ ധനസ്ഥിതി മെച്ചമാക്കാൻ കഴിയൂ.

> സർക്കാരിന്റെ മൊത്തം ചെലവിൽ പകുതിയും ചെലവാകുന്നത് ശമ്പളം, പെൻഷൻ എന്നിവയ്ക്കാണ്. മാത്രവുമല്ല സർക്കാരിന്റെ ചെലവിനങ്ങളിൽ ഏറ്റവും വലിയ വർധനയുണ്ടായിക്കൊണ്ടിരിക്കുന്നതും ഈയിനങ്ങളിലാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ഈ ഇനത്തിലുള്ള ചെലവിൽ വൻ വർധനയാണ് ഉണ്ടായിട്ടുള്ളത്



## സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസ്ഥിതി

ശമ്പളം പെൻഷൻ എന്നിവയുടെ പ്രശ്നം സ്വയംഭരണസ്ഥാപനങ്ങളുടെ ധനസ്ഥിതിയെയും തകർച്ചയിലേക്കു നയിച്ചിരിക്കുന്നു. കെ.എസ്.ആർ.ടി.സിയിൽ 37000 പെൻഷൻകാരും ഏതാണ്ട് 40000 തൊഴിലാളികളുമുണ്ട്. പെൻഷൻ നൽകാൻ മാത്രം പ്രതിവർഷം 400 കോടി രൂപ വേണം. പ്രതിദിന നഷ്ടം രണ്ടു കോടിയിലധികമാണ്. അതായത് ഒരു വർഷത്തെ നഷ്ടം 730 കോടിയിലധികം. വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാൻ വർഷങ്ങൾ കാത്തിരിക്കേണ്ട അവസ്ഥ. പ്രതിമാസ പെൻഷൻ പോലും സമയത്തിനു നൽകാൻ കഴിയുന്നില്ല.

കേരളത്തിലെ സർവകലാശാലകളുടെ ധനസ്ഥിതിയും മോശമായിക്കൊണ്ടിരിക്കുന്നു. കേരള കാർഷിക സർവകലാശാലയുടെ ധനബാധ്യത 218 കോടിയാണ്. ജീവനക്കാരുടെ പി.എഫ്. ഫണ്ടിൽ നിക്ഷേപിക്കേണ്ട തുക, പെൻഷൻ ആനുകൂല്യങ്ങൾ, സറണ്ടർകുടിശിക നൽകാൻവേണ്ടതും വകമാറ്റി ചെലവാക്കിയ തുക, ശമ്പളം, തുടങ്ങിയവ ഉൾപ്പെടുന്നതാണിത്. ധനപ്രതിസന്ധിമൂലം സർവകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങുന്ന സ്ഥിതിയിലെത്തി നിൽക്കുന്നു. ഇത്തരത്തിൽ രൂക്ഷമായ ധനപ്രതിസന്ധി നേരിടുന്ന സ്വയംഭരണസ്ഥാനങ്ങളുടെ ധനസ്ഥിതിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

മോശമായ ധനസ്ഥിതിയും വിഭവങ്ങളുടെ അപര്യാപ്തതയും കേരളത്തെ വികസനമുരടിപ്പിലേക്ക് നയിക്കും. ഇതു പരിഹരിക്കണമെങ്കിൽ സർക്കാരിന്റെയും മറ്റ് അർധസർക്കാർ സ്ഥാപനങ്ങളുടെയും ധനസ്ഥിതി മെച്ചമാക്കിയേ മതിയാവൂ. ഇതിനു മറ്റ് കുറുക്കുവഴികളില്ല. 2013 ലെ ബജറ്റ് ഏറ്റവും പ്രാധാന്യം നൽകേണ്ടതും ധനസ്ഥിതി മെച്ചമാക്കുന്ന നടപടികൾക്കാവണം, രണ്ടു മാർഗങ്ങൾ വഴിയാണ് ധനസ്ഥിതി മെച്ചമാക്കേണ്ടത്. ഒന്ന്: നികുതി, നികുതി ഇതര വരുമാനങ്ങൾ വർധിപ്പിക്കാൻ തീവ്രമായ ശ്രമം നടത്തുക. നിരക്കുകളിൽ മാറ്റം വരുത്തിയും നികുതി ഭരണം മെച്ചപ്പെടുത്തിയും വരുമാനം വർധിപ്പിക്കാം. രണ്ട്: സർക്കാരിന്റെ പ്രധാന ചെലവിനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുക (ശമ്പളം, പെൻഷൻ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകുന്ന ടീച്ചിങ് ഗ്രാന്റ്, പലിശ). ഭരണനവീകരണം, ഇ-ഗവേണൻസ് നടത്തിപ്പ്, മറ്റ് അനാവശ്യചെലവുകൾ ചുരുക്കുക എന്നിവ വഴിയും ഈ ലക്ഷ്യം നേടാം. പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റിയുടെ 2010-11 ലെ റിപ്പോർട്ടിൽ സർക്കാരിന്റെ വരുമാനം വർധിപ്പിക്കാനും ചെലവു ചുരുക്കാനും ഒട്ടനവധി നിർദേശങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട്. അവ നടപ്പിലാക്കാവുന്നതാണ്. രൂക്ഷമായ ധനകാര്യപ്രശ്നങ്ങളെ അഭിമുഖീകരിക്കാനോ പ്രതിവിധി കാണാനോ ശ്രമിക്കാതെ അവയെ രാഷ്ട്രീയ പ്രശ്നങ്ങളായി ചിത്രീകരിച്ച് വിവാദം സൃഷ്ടിക്കുന്ന പ്രവണത കേരളത്തിലുണ്ട്. ഈ സമീപനം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ സംസ്ഥാനത്തെ വികസന രംഗത്ത് മുന്നോട്ടു നയിക്കാനോ സഹായകരമല്ലായെന്നു നാം ഓർക്കുന്നത് നന്നായിരിക്കും. ■

*കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റിയുടെ അധ്യക്ഷനാണ് ലേഖകൻ.*

ഡോ. ജോസ് ജേക്കബ്

# സംസ്ഥാന ബജറ്റിനൊരു ട്രാഫിക് ലൈൻ

സംസ്ഥാന ബജറ്റിനു മുന്നോടിയായി ധനമന്ത്രിമാർ വിവിധ മേഖലകളിൽ നിന്നും വിവരശേഖരണം നടത്തുക പതിവാണ്. അതിൽ ചിലത് കൊള്ളുകയും പലതും തള്ളേണ്ടിവരികയും ചെയ്യുക സ്വാഭാവികമാണ്. എന്തെന്നാൽ പരിമിതികൾ തന്നെയാണ് പ്രശ്നം. കേരളത്തെ സംബന്ധിച്ച് തനതു വരുമാനത്തിന്റെ 80.9 ശതമാനവും ഉദ്യോഗസ്ഥരുടെ ശമ്പളവും പെൻഷനുമായി ചെലവാക്കും. പിന്നൊരു 17 ശതമാനത്തോളം മുൻകാലങ്ങളിൽ വിവിധ സർക്കാരുകൾ വാങ്ങിക്കൂട്ടിയ വായ്പയുടെ പലിശയിനത്തിൽ പോകും. സർക്കാർ വാഹനങ്ങളുടെ ഇന്ധനം, അറ്റകുറ്റപ്പണികൾ, സ്റ്റേഷനറി, ടെലിഫോൺ ചാർജ്, വൈദ്യുതി ചെലവ്, വാട്ടർ ചാർജ് എന്നിവയ്ക്കൊക്കെയായി ഏകദേശം മൂന്നര ശതമാനവും. വിധവാ പെൻഷൻ തുടങ്ങിയ ക്ഷേമപെൻഷനുകളുടെ ചെലവ്, വായ്പയുടെ തിരിച്ചടവ് (പലിശ കൊടുക്കുന്നതിനപ്പുറം മുതലും തിരിച്ചുകൊടുക്കണമല്ലോ) എന്നിവയ്ക്കുപോലും കേന്ദ്രവിഹിതത്തെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്.

അതിനാൽ ബജറ്റുമായി ബന്ധപ്പെട്ട് വരുമാനം എങ്ങനെ വർധിപ്പിക്കാം എന്നതിലാണ് ചർച്ച തുടങ്ങേണ്ടത്. സംസ്ഥാനത്തിന്റെ വരുമാനവഴിയിൽ തനതു നികുതി, നികുതിയിതര വരുമാനങ്ങൾ, കേന്ദ്രനികുതി വിഹിതം, പ്ലാനിങ് കമ്മിഷൻ നൽകുന്ന സഹായങ്ങൾ, ധനകാര്യ കമ്മിഷൻവഴി നൽകുന്ന സഹായങ്ങൾ, വായ്പ എന്നിവയാണുള്ളത്. ഇതിൽ തനതു നികുതിയിനത്തിൽ അയൽ സംസ്ഥാനങ്ങളേക്കാൾ കൂടിയ നിരക്കു ചുമത്തി വരുമാനം വർധിപ്പിക്കാൻ പരിധിയുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ പ്രധാന വരുമാനമായ വിൽപനനികുതിക്കു പകരം എല്ലാ സംസ്ഥാനങ്ങളും ചരക്കു സേനവനികുതി സ്വീകരിക്കേണ്ട സമയം ഏതാണ്ട് സമാഗതമാകുന്നു. അതിനാൽ നിരക്കുകൂട്ടി വരുമാന വർധനയ്ക്കുള്ള സാധ്യത തുലോം കുറവാണ്. ഒരു 'സ്റ്റോപ്പ് ഗ്യാപ്' സംവിധാനമെന്ന നിലയ്ക്ക് ചില താത്കാലിക നീക്കുപോക്കുകളിലൂടെ ചെറിയ ചില നേട്ടത്തിനപ്പുറത്തേക്ക് നികുതി നിരക്കു വർധന പോകാനാവില്ല. കഴിവതും നികുതിചോർച്ച തടയാൻ ശ്രമിക്കുകയാണ് അഭിലഷണീയം.

മറ്റു പല സംസ്ഥാനങ്ങളെയും പോലെ ധാതുസമ്പത്തോ, എണ്ണ നിക്ഷേപമോ ഒന്നും കേരളത്തിലില്ല. ആകെയുള്ളത് അല്പം വനം മാത്രം. അതും വലിയ



വരുമാന സ്രോതസ്സാക്കാൻ വ്യാപ്തിയില്ല.

കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഏറ്റവും 'ക്ലിക്' ചെയ്ത നികുതിയിതര വരുമാന സ്രോതസ്സാണ് കാരുണ്യ ലോട്ടറി. അതിൽ നിന്നുള്ള വരുമാനം നിർധനരുടെ രോഗചികിത്സയ്ക്കായി മാറ്റിവയ്ക്കാനുള്ള തീരുമാനവും അതിന്റെ വിജയത്തിനു നിദാനമായി. അത്തരം ഭാവനാപൂർണമായ പദ്ധതികൾ കെ.എം. മാണിയുടെ ഭാവനയിലേ വിരിഞ്ഞിട്ടുള്ളു. ഇതുപോലെ ഏതെങ്കിലും ആവനാഴിയിലുണ്ടെങ്കിൽ കൊള്ളാം.

ഇതുപോലൊരു സാധ്യതയുള്ള രംഗം 'ട്രാഫിക്' ആണ്. കേരളത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നത് ഭക്ഷ്യവസ്തുക്കൾക്കോ തുണിക്കോ അല്ല. പ്രഥമസ്ഥാനം വാഹനങ്ങൾക്കാണ്. 2012 ഡിസംബർ വരെ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ എണ്ണം ഏകദേശം 68 ലക്ഷമാണ്. അതായത് അഞ്ചിലൊരാൾക്ക് വാഹനം. ഇതെല്ലാം ഓടിക്കാൻ നമുക്ക് റോഡോ പാർക്കു ചെയ്യാൻ സ്ഥലമോ ഇല്ല. ട്രാഫിക് നിയമങ്ങൾ ലംഘിക്കാൻ ജനം മത്സരിക്കുന്നു. ഫലമോ, ദിനംപ്രതി അപകടങ്ങളും അപകടമരണങ്ങളും വർധിക്കുന്നു. ഇതിന്റെ ഫലമായി പ്രതിവർഷം 500 കോടി രൂപയെങ്കിലും ഇൻഷുറൻസ് ചെലവും ശതകോടികളുടെ ചികിത്സാച്ചെലവും ലക്ഷക്കണക്കിന് മനുഷ്യദിനങ്ങളിലെ അധ്വാനനഷ്ടവും അനാഥമാകുന്ന കുടുംബങ്ങളുടെ നെടുവീർപ്പും അരക്ഷിതാവസ്ഥയും നാം ഏറ്റുവാങ്ങേണ്ടി വരുന്നു.

ഇതിലൊരു വമ്പൻ 'റവന്യൂ പൊട്ടൻഷ്യൽ' ഒളിഞ്ഞു കിടപ്പുണ്ട്.

കേരളത്തിലെ ഓരോ വാഹനവും വർഷത്തിലൊരിക്കൽ ശരാശരി ഒരു തവണ ട്രാഫിക് നിയമലംഘനം നടത്തുന്നു എന്ന് കണക്കാക്കിയാൽ പോലും പ്രതിവർഷം ഏകദേശം 500കോടി രൂപയെങ്കിലും ഈടാക്കാം. ഈ 'ബെനവലന്റ് പെനാൽറ്റി' യിലൂടെ ജനത്തിനല്പം ആശ്വാസവും വാഹനം ഓടിക്കുന്നവർക്ക് നിയമം പാലിക്കാനൊരു പ്രചോദനവും നൽകാം

സംസ്ഥാനത്തെ ദേശീയപാതകളിലും സംസ്ഥാന പാതകളിലുമെങ്കിലും ഒരു കിലോമീറ്റർ ഇടവിട്ടും പ്രധാന ജംഗ്ഷനുകളിലും നിരീക്ഷണ ക്യാമറ സ്ഥാപിക്കുക. അതു നിരീക്ഷിക്കാൻ കരാർ അടിസ്ഥാനത്തിൽ വിമുക്തഭടന്മാരെയും എൻ.സി.സി.ക്കാരെയും നാഷണൽ സർവീസ് സ്കീം വോളന്റിയർമാരെയും നിയമിക്കുക. ഓരോ ട്രാഫിക് നിയമലംഘനത്തിനും മോശമല്ലാത്ത പിഴയിടുക, ഒന്നാം പ്രാവശ്യത്തെ





ഓവർ സ്പീഡ് – 500 രൂപ, ഇടതുവശത്തു കൂടിയുള്ള ഓവർടേക്കിങ് – 500 രൂപ, നിശ്ചിത സ്പീഡ് പാലിക്കാതിരുന്നാൽ 400 രൂപ, അനുവദനീയമല്ലാത്തിടത്തെ യു-ടേൺ 500 രൂപ, വൺവേ ലംഘനം 500 രൂപ, ഓവർ ലോഡ് 1000, സീറ്റ്ബെൽറ്റ് ധരിക്കാതിരുന്നാൽ 200, സിഗ്നൽ ലൈറ്റ് പ്രവർത്തിക്കാത്ത വാഹനമോടിച്ചാൽ 500, ഒരു ഹെഡ്ലൈറ്റ് മാത്രം തെളിയിച്ചു വാഹനമോടിച്ചാൽ – 1000, ട്രാഫിക് സിഗ്നൽ ലംഘിച്ചാൽ 500, ഇൻഷുറൻസ് ഇല്ലാതെ വാഹനമോടിച്ചാൽ 500, ഡ്രൈവിങ് ലൈസൻസില്ലാത്ത ഡ്രൈവിങ്ങിന് 500 എന്നിങ്ങനെ ഒന്നാം പ്രാവശ്യത്തെ നിയമലംഘനത്തിന് 'സൗഹൃദഫീസ്' ഈടാക്കാം. രണ്ടാം പ്രാവശ്യം 50 ശതമാനവും മൂന്നാം പ്രാവശ്യം 60 ശതമാനവും എന്ന കണക്കിന് വർധിപ്പിച്ച് നൽകിയാൽ നിയമലംഘകർക്കൊരു ചെറിയ താഡനവും ജനത്തിന് വലിയ തലോടലും ഖജനാവിന് ആർക്കും പരാതിപ്പെടാനാവാത്ത ഒരു 'നല്ല' വരുമാനസ്രോതസ്സുമാകും.

കേരളത്തിലെ ഓരോ വാഹനവും വർഷത്തിലൊരിക്കൽ ശരാശരി ഒരു തവണ ട്രാഫിക് നിയമലംഘനം നടത്തുന്നു എന്ന് കണക്കാക്കിയാൽ പോലും പ്രതിവർഷം ഏകദേശം 500കോടി രൂപയെങ്കിലും ഈടാക്കാം. ഈ 'ബെനവലന്റ് പെനാൽറ്റി' യിലൂടെ ജനത്തിനല്പം ആശ്വാസവും വാഹനം ഓടിക്കുന്നവർക്ക് നിയമം പാലിക്കാനൊരു പ്രചോദനവും നൽകാം.

മാർക്സിനും, കെയ്ൻസിനും സൈമൺ കുനഡ്സിനും തിരുത്തൽ നിർദേശിച്ച കെ.എം. മാണി, ബ്രിട്ടന്റെ ചരിത്രത്തിലാദ്യമായി അവരുടെ പാർലമെന്റിൽ ക്ലാസെടുക്കാൻ ക്ഷണിക്കപ്പെട്ട വിദേശ ധനമന്ത്രിയാണ്. കെ.എം. മാണിയെന്ന പ്രതിഭയ്ക്കു കിട്ടിയ നിരവധി അംഗീകാരങ്ങളിലൊന്നാണിത്. ■

*(ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസേർച്ചിന്റെ വൈസ് ചെയർമാനാണ് ലേഖകൻ)*

നാഫി മുഹമ്മദ്

# പ്രവാസി ഭാരതീയ ദിവസ്
# ദിശാബോധം പകർന്ന സംഗമം

ലോകത്തെമ്പാടുമുള്ള ഇന്ത്യൻ പ്രവാസികളുടെ മഹത്തായ ഒത്തുചേരലിന്റെ വേദിയായിരുന്നു 2013 ജനുവരി ഏഴു മുതൽ ഒമ്പതു വരെ കൊച്ചിയിൽ അരങ്ങേറിയ പ്രവാസി ഭാരതീയ ദിവസ്. ആദ്യമായി കേരളത്തിൽ വിരുന്നെത്തിയ ഈ പ്രവാസി സംഗമം, കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർ രവി വിശേഷിപ്പിച്ച പോലെ കേരളത്തിന് അക്ഷരാർഥത്തിൽ അമൂല്യമായ ഒരു പുതുവത്സര സമ്മാനമായിരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള സംസ്ഥാനമെന്ന നിലയിൽ മാത്രമല്ല, ലോകമെമ്പാടും സാന്നിദ്ധ്യം തെളിയിച്ച ഒരു ജനവിഭാഗം എന്ന നിലയിലും പതിനൊന്നാമത് പ്രവാസി ഭാരതീയ ദിവസിന് ആതിഥേയത്വം വഹിക്കാനായത് കേരളീയർക്ക് അഭിമാനമുഹൂർത്തമായി.

ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ വൈവിധ്യവും വൈപുല്യവും വിളിച്ചോതുന്നതായിരുന്നു പ്രവാസികളുടെ ഈ മഹോത്സവം. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഒഴുകി പരന്ന് വ്യത്യസ്ത രാഷ്ട്ര-ഭാഷാ സംസ്കാരങ്ങളിൽ ഇഴുകി ചേരുമ്പൊഴും ഇന്ത്യ എന്ന വികാരത്താൽ കൂട്ടിയോജിപ്പിക്കപ്പെട്ട വിശ്വപൗരനാണ് ഇന്ത്യൻ പ്രവാസി. വ്യത്യസ്ത വൻകരകളിൽ നിന്ന് വിവിധ രാഷ്ട്രങ്ങളിലെ ഇന്ത്യൻ സമൂഹത്തെ പ്രതിനിധീകരിച്ച് ആയിരങ്ങൾ സംഗമിച്ചപ്പോൾ കൊച്ചി ലോകത്തിന്റെ പരിഛേദമായി മാറി. വിവിധ രാജ്യങ്ങളിൽ പൗരത്വം നേടിയ ഇന്ത്യൻ വംശജരുടെ രണ്ടും മൂന്നും തലമുറയിൽപ്പെട്ട ഇളംനാമ്പുകൾ പോലും സ്വന്തം വേരുകൾ തേടി ഈ സംഗമത്തിനെത്തിയിരുന്നു. അവരിൽ പലരും ആദ്യമായാണ് പൂർവ്വികരുടെ നാട്ടിൽ



■ കിരൺ റാം

# ഞങ്ങൾ ഇന്ത്യക്കാർ; ഇത് അപൂർവ സമാഗമം

ഇന്ത്യയിലെത്തിയതിൽ സന്തോഷമേറെ, ഇന്ത്യയെ അറിയാൻ പൂർവികരുടെ മാതൃഭാഷയും സംസ്കാരവും പഠിക്കാൻ ഞങ്ങൾക്ക് താത്പര്യമുണ്ട്. ഇന്ത്യക്കാരെന്ന് അറിയപ്പെടാനാണ് ഞങ്ങൾക്ക് ഇഷ്ടം. വിവിധ രാജ്യങ്ങളിൽ നിന്നും എത്തി ഒന്നിച്ചുകൂടാനായത് ഭാഗ്യം'. കൊച്ചിയിൽ നടന്ന പ്രവാസി ഭാരതീയ ദിവസിൽ പങ്കെടുത്ത ഒൻപതു രാജ്യങ്ങളിൽ നിന്നെത്തിയ യുവ പ്രവാസികൾക്ക് ഇന്ത്യ മാതൃരാജ്യമെന്നു പറയുന്നതിൽ അഭിമാനമുണ്ട്. ഇന്ത്യയിൽ അവർ ആദ്യമായി എത്തിയതായിരുന്നു. അതുകൊണ്ടുതന്നെ കേട്ടറിഞ്ഞ കാര്യങ്ങൾ കാണാനും പങ്കുവെക്കാനും അവർ മിഴിയും മനസ്സും തുറന്നു.

കേന്ദ്രപ്രവാസി മന്ത്രാലയവും കേരള നോർക്കയും ചേർന്നാണ് യുവ പ്രവാസികൾക്ക് ഇന്ത്യയിലെത്താൻ അവസരമൊരുക്കിയത്. 18 മുതൽ 25 വരെ പ്രായമുള്ള ഇന്ത്യ സന്ദർശിച്ചിട്ടില്ലാത്ത ഇന്ത്യൻ വംശജരിൽ നിന്ന് തിരഞ്ഞെടുത്തവരാണ് വേരറ്റുപോകാത്ത ബന്ധവുമായി പൂർവികരുടെ ദേശം കാണാനെത്തിയത്. ഫിജി, ദക്ഷിണാഫ്രിക്ക, ഇസ്രായേൽ, യു.എസ്.എ., മലേഷ്യ, ന്യൂസിലാൻഡ്, യു.എസ്.എ., മ്യാൻമർ, മൗറീഷ്യസ്, മലേഷ്യ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ എന്നീ രാജ്യങ്ങളിൽ നിന്നാണ് 34 പേരുടെ സംഘം എത്തിയത്.

കേരളത്തിൽ വികസന സാധ്യതകൾ ഒട്ടനവധിയുണ്ട്. റബർ, മത്സ്യമേഖലകളിൽ ഇനിയും വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. നഗരങ്ങൾ വളർച്ചയുടെ പാതലാണ് സഞ്ചാരികൾക്ക് യാത്രാമധ്യേ എത്തുന്നത് തന്നെ. ഇന്ത്യയെക്കുറിച്ച തെളിമയാർന്ന ഓർമ്മകൾ ഹൃദയത്തിലേറ്റു വാങ്ങിയാണ് അവരുടെ മടക്കം. ഇന്ത്യയുടെ വെളിച്ചം ലോകത്തിലെമ്പാടും പ്രസരിപ്പിക്കാൻ കെൽപ്പുള്ള ഈ ദൗത്യസംഘങ്ങളുടെ ഒത്തുചേരൽ എന്ന നിലയിൽ തന്നെ സംഗമം സാർഥകമാണ്.

പ്രവാസി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവർക്ക് വേണ്ടി പുതിയ പദ്ധതികൾക്ക് രൂപംനൽകുന്നതിനും ലക്ഷ്യമിട്ടാണ് വർഷം തോറും സംഗമം ഒരുക്കുന്നത്. രാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്ര മന്ത്രിമാർ, മുഖ്യമന്ത്രിമാർ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ പ്രവാസി പ്രതിനിധികൾക്കൊപ്പം ഒന്നിച്ചിരുന്ന് അവരുടെ പ്രശ്നങ്ങൾ ആഴത്തിൽ ചർച്ച ചെയ്യാൻ അവസരമൊരുക്കുന്നത്, രാജ്യത്തിന് വിലപ്പെട്ട സേവനം നിർവഹിക്കുന്ന പ്രവാസികളോടുള്ള നമ്മുടെ കടപ്പാടിന്റെ ഭാഗമാണ്.

വിവിധ പ്രവാസി സംഘടനകളെ പ്രതിനിധീകരിച്ചും ഒറ്റക്കും കൂട്ടായും ഒട്ടേറെ നിവേദനങ്ങൾ ഓരോ പ്രവാസി ഭാരതീയ ദിവസിലും കേന്ദ്ര സർക്കാരിന് മുന്നിലെത്തുന്നു. ഇവയിൽ പ്രാധാന്യമുള്ള ആവശ്യങ്ങൾ പിന്നീട് കേന്ദ്ര മന്ത്രിസഭയുടെ മുന്നിലെത്തുകയും അർഹമായ പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ടെന്ന് കഴിഞ്ഞ ഏഴു വർഷമായി തുടർച്ചയായി പ്രവാസി ഭാരതീയ ദിവസിൽ പങ്കെടുത്തു വരുന്ന സൗദിയിൽ നിന്നുള്ള മലയാളി പ്രവാസി ശിഹാബ് കൊട്ടുകാട് ജനപഥത്തോട് പറഞ്ഞു. പാവപ്പെട്ടവരും സാധാര




**പ്രവാസി ഭാരതീയ പുരസ്കാര ജേതാക്കൾ രാഷ്ട്രപതി പ്രണബ് മുഖർജിക്കും പ്രവാസികാര്യമന്ത്രി വയലാർ രവിക്കുമൊപ്പം**

ണക്കാരുമായ പ്രവാസികൾക്കിടയിൽ ദീർഘകാലമായി സ്തുത്യർഹ സേവനം നിർവഹിച്ചു വരുന്ന ശിഹാബ് കൊട്ടുകാടിന്റെ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് കേരള സർക്കാർ അദ്ദേഹത്തെ സൗദി അറേബ്യയിലെ നോർക്ക റൂട്ട്സ് ജനറൽ കൺസൾട്ടന്റായി നിയമിച്ചിരിക്കുകയാണിപ്പോൾ. ആഗോളതലത്തിൽ വ്യാപാര വാണിജ്യ ശൃംഖല കെട്ടിപ്പടുത്ത് കേരളത്തിന്റെ അഭിമാനമായി മാറിയ സംരംഭകൻ എം.എ.യൂസഫലി, ഇക്കൊല്ലത്തെ പ്രവാസി സമ്മാന് അർഹരായ കെ.ടി.റബീഉള്ള, ബാവഹാജി, എന്നിവരും ഇതേ അഭിപ്രായം പങ്കുവയ്ക്കുന്നു. ഇന്ത്യൻ പ്രവാസി സംരംഭകർക്ക് പരസ്പരം കൂടിക്കാഴ്ച നടത്താനും രാജ്യത്തെ നിക്ഷേപ മേഖലയെക്കുറിച്ച് പുതിയ വിവരങ്ങൾ പങ്കുവയ്ക്കാനും പ്രവാസി ഭാരതീയ ദിവസ് ഏറെ സഹായകമാണെന്ന് എം.എ.യൂസഫലി ചൂണ്ടിക്കാട്ടി. ഇംഗ്ലണ്ട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഉരുക്ക് വ്യവസായ രംഗത്തെ അതികായൻ ലക്ഷ്മി മിത്തലിനെ സംഗമത്തിൽ എത്തിക്കാൻ സാധിച്ചത് വലിയ നേട്ടമാണെന്നും അദ്ദേഹം പറഞ്ഞു.

രാജ്യപുരോഗതിയിൽ പ്രവാസി പങ്കാളിത്തത്തിന് ഊന്നൽ നൽകുന്നതായിരുന്നു പതിനൊന്നാമത് പ്രവാസി ഭാരതീയ

കൂടുതൽ താമസസൗകര്യങ്ങൾ ഒരുക്കിയാൽ വിനോദ സഞ്ചാരം കൂടുതൽ വളരുമെന്ന് അവർ അഭിപ്രായപ്പെട്ടു.

'ഇന്ത്യൻ വംശജരുടെ എണ്ണത്തിൽ രണ്ടാം സ്ഥാനമുണ്ട് ദക്ഷിണാഫ്രിക്കയ്ക്ക് അവിടെ ഇന്ത്യൻ യുവജനത സജീവമാണ്. പാശ്ചാത്യ സംസ്കാരത്തോട് അടുക്കാനാണ് പൊതുവേ താത്പര്യം. എന്നാൽ ഞങ്ങൾക്ക് ഇന്ത്യൻ സംസ്കാരത്തോടാണ് പ്രിയം'. നാല് തലമുറയ്ക്കുമുൻപ് ദക്ഷിണാഫ്രിക്കയിലേക്ക് കുടിയേറിയവരുടെ ഇളമുറക്കാരി നവിഷ്ക ബ്രിജ്‌ലാൽ പറഞ്ഞു. ഒക്കുപ്പേഷണൽ തെറാപ്പി പഠിക്കുന്ന നവിഷ്കയ്ക്ക് ഡൽഹിയിൽ ബന്ധുക്കളുണ്ട്. ദക്ഷിണാഫ്രിക്കയിൽ ഇവർ സന്ദർശനത്തിന് ചെല്ലാറുണ്ട്. ഹിന്ദി എഴുതാൻ അറിയില്ല. എന്നാൽ ഒരുവിധം വായിക്കും. കേരളത്തിലെ സംസ്കാരത്തോടും വിവിധ നൃത്തങ്ങളോടും നവിഷ്കയ്ക്ക് താത്പര്യമുണ്ട്.

അക്കൗണ്ടിങ് വിദ്യാർഥിയായ വിനയ് ജേസൺ സിങ് പ്രവാസി ദിവസ് സംഗമത്തിന് നന്ദി പറഞ്ഞു. 'ഞങ്ങൾക്ക് ഇന്ത്യയിലെത്താൻ പ്രവാസി സംഗമം കാരണമായി. പഠനശേഷം ഇന്ത്യയിലെത്തി വ്യവസായത്തിൽ ഏർപ്പെടാൻ ആഗ്രഹമുണ്ട്'. പഞ്ചാബിൽ ബന്ധുക്കളുള്ള വിനയിന് കേരളത്തിലെ കായൽഭംഗി ആകർഷണീയമായി.

വന്നവരിൽ മാതൃഭാഷയായ തമിഴ് ഭംഗിയായി സംസാരിക്കാനും മലയാളം മനസ്സിലാക്കാനും ആവുന്നത് ഒരാൾക്കുമാത്രം. പൂർവികർ തമിഴ്നാട്ടുകാരായ നവിനി സുബ്രഹ്മണ്യം മലേഷ്യയിൽ നിയമവിദ്യാർഥിയാണ്. തെലുങ്കുകൂടി പഠിക്കാനുള്ള ശ്രമത്തിലാണ് നവിനി.

ന്യൂസിലന്റിൽനിന്നെത്തിയ സേസ്ന പ്രൂജേനാനന്ദ്, ഇസ്രയേലിലെ യോവ് റോബർട്ട് ടിഗാലോ, കീർത്തിസിങ് എന്നിവർക്ക് പൂർവികരുടെ മാതൃഭാഷ വശമില്ല. എന്നാൽ മാതൃഭാഷ പഠിക്കാൻ ശ്രമിക്കുമെന്നവർ പറഞ്ഞു. ഇന്ത്യയിലേക്ക് തിരികെയെത്തി സ്ഥിരതാമസത്തിന് സാധ്യമല്ലെങ്കിലും ഭാവിയിൽ കുട്ടികളുമായി എത്താനും പൂർവികരുടെ ജന്മദേശത്തെ അടുത്തറിയാനും ശ്രമിക്കുമെന്നും അവർ പറഞ്ഞു.

ഡൽഹിയിൽ നിന്നും കന്യാകുമാരിയിലെത്തി കുമളിയിലും സന്ദർശനം നടത്തിയശേഷമാണ് യുവപ്രവാസികൾ കൊച്ചിയിലെത്തിയത്. കഥകളി കാണാൻ അവർ ഏറെ താല്പര്യം പ്രകടിപ്പിച്ചതായും സംഘത്തെ അനുഗമിച്ച നോർക്ക അസിസ്റ്റന്റ് മാനേജർ (പ്രോജക്ട്) ഫിറോസ് ഷാ പറഞ്ഞു. കഥകളി കാണാനും ഇവർക്ക് അവസരമൊരുക്കിയിരുന്നു. ഇന്ത്യയുടെ വളർച്ചയിൽ സംഭാവന നൽകാൻ തങ്ങളുടെ കൂട്ടായ്മ നിലനിർത്തുമെന്ന പ്രതിജ്ഞയോടെയാണ് അവർ മടങ്ങിയത്. ■




**പുതുതലമുറയുടെ കൂട്ടായ്മ: പ്രവാസി ഭാരതീയദിവസിൽ പങ്കെടുക്കാൻ എത്തിയ യുവപ്രവാസികൾ**

ദിവസ്. പ്രവാസി പങ്കാളിത്തം: ഇന്ത്യൻ കുതിപ്പിന്റെ കഥ എന്ന തലക്കെട്ടിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് രാജ്യം ഉയർന്ന വളർച്ചാ നിരക്കിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും സാമ്പത്തിക വളർച്ചയിൽ പ്രവാസികൾ നിസ്തുലമായ പങ്കാണ് നിറവേറ്റിക്കൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കി. വിദേശത്ത് ജയിലിൽ കഴിയുന്ന ഇന്ത്യക്കാരുടെ പ്രശ്നത്തിൽ ക്രിയാത്മകമായി ഇടപെടുമെന്നും ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ടിന്റെ വിനിയോഗം കൂടുതൽ തലങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്നുമുള്ള കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർ രവിയുടെ പ്രഖ്യാപനങ്ങൾ ആഹ്ലാദത്തോടെയാണ് പ്രവാസികൾ സ്വീകരിച്ചത്.

ജയിലിൽ കുടുങ്ങിയ മലയാളികൾക്ക് നിയമസഹായം നൽകുമെന്ന് മാത്രമല്ല, മടക്കയാത്രക്ക് ടിക്കറ്റ് ചെലവ് സർക്കാർ വഹിക്കുമെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടന ചടങ്ങിൽ പ്രഖ്യാപിച്ചത് മലയാളി പ്രവാസികളുടെ ചിരകാല ആവശ്യത്തിന്റെ പൂർത്തീകരണമായി. മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി. ഗൾഫ് മലയാളികൾ അനുഭവിക്കുന്ന രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവിഷ്ക്കരിച്ച എയർ കേരള യാഥാർഥ്യമാക്കാനുള്ള കേരളത്തിന്റെ ഇഛാശക്തി സംഗമത്തിൽ പ്രകടമായിരുന്നു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി, നോർക്ക മന്ത്രി കെ.സി.ജോസഫ് എന്നിവർ തങ്ങൾ പങ്കെടുത്ത സെഷനുകളിൽ ആവശ്യം ശക്തമായി ഉന്നയിക്കുകയുണ്ടായി. എയർ കേരള എന്തുവില കൊടുത്തും യാഥാർഥ്യമാക്കണമെന്ന് ആദ്യ ദിനത്തിൽ ഗൾഫിലെ ഇന്ത്യൻ പ്രവാസികൾ എന്ന തലക്കെട്ടിൽ നടന്ന സെഷനിൽ തന്നെ മന്ത്രി കെ.സി.ജോസഫ് ആവശ്യപ്പെട്ടു. കേന്ദ്ര വ്യവസ്ഥകളിൽ ഇളവ് നൽകി ഇക്കാര്യത്തിൽ കേരളത്തിന് അനുകൂലമായി തീരുമാനമുണ്ടാകണമെന്ന് ഉദ്ഘാടന ചടങ്ങിലും പിന്നീട് നടത്തിയ പത്രസമ്മേളനത്തിലും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ഇന്ത്യൻ വളർച്ചയിൽ യുവ പ്രവാസികളുടെ പങ്കാളിത്തം എന്ന തലക്കെട്ടിൽ നടന്ന സെഷനിൽ പങ്കെടുത്ത കേന്ദ്രവ്യോമയാന സഹമന്ത്രി കെ.സി.വേണുഗോപാൽ പ്രവാസികളുടെ യാത്രാക്ലേശം പരിഹരിക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടു വരുന്നതായി വ്യക്തമാക്കിയിരുന്നു.

ഇക്കൊല്ലത്തെ പ്രവാസി ഭാരതീയ സമ്മാന് അർഹരായ പ്രവാസി പ്രതിഭകൾക്ക് പുരസ്കാരം സമ്മാനിക്കാൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി എത്തിച്ചേർന്നത് സംഗമത്തിന് കൂടുതൽ പ്രൗഢി പകർന്നു. ഇന്ത്യൻ വംശജനായ മൗറീഷ്യസ് പ്രസിഡന്റ് രാജ്കേശർ പുര്യാഗാണ് ഇക്കുറി സംഗമത്തിൽ മുഖ്യതിഥിയായി പങ്കെടുത്തത്. വിവിധ സംസ്ഥാനങ്ങൾ അണിനിരന്ന പ്രദർശനത്തിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരുക്കിയ കേരള പവലിയൻ ഏറെ ശ്രദ്ധേയമായി. വികസന–സാംസ്കാരിക മേഖലകളെ ആധികാരികമായി സമീപിക്കുന്ന നിരവധി സെഷനുകളും സാംസ്കാരിക സായാഹ്നങ്ങളും സംഗമത്തെ അവിസ്മരണീയമാക്കി മാറ്റി. ഇന്ത്യൻ ജനത പ്രവാസികളുടെ സേവനങ്ങളെ അങ്ങേയറ്റം വിലമതിക്കുന്നുവെന്ന സന്ദേശം പകർന്നു നൽകിയും പ്രവാസി ക്ഷേമത്തിനും രക്ഷയ്ക്കും പുതിയ ദിശാബോധം കൈവന്നിരിക്കുന്നുവെന്ന് വ്യക്തമാക്കിയുമാണ് സംഗമത്തിന് തിരശ്ശീല വീണത്. ■

■ മുസാഫിർ



{]hmkhoYnbnse hnPbNcnX§Ä

2

# മരുക്കാട്ടിലെ നന്മമരം

**ഉയർച്ച സ്വപ്നം കാണുന്ന ഏതൊരാൾക്കും ആവേശകരമാണ് കെ.ടി. റബിഉള്ളയുടെ ജീവിതം. ഒരു സാധാരണ പ്രവാസിയായി കടൽകടന്ന റബിഉള്ള ഇന്ന് ഗൾഫിലെമ്പാടും വ്യാപിച്ച ആതുരാലയ ശൃംഖലയുടെ അധിപനാണ്. ഇക്കൊല്ലത്തെ പ്രവാസിഭാരതീയ ദിവസിൽ പ്രവാസി സമ്മാൻ ലഭിച്ച മലയാളികളിലൊരാൾ കൂടിയായ അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക്...**

കഠിനാധ്വാനത്തിലൂടെ ഉയരങ്ങളിലെത്തി കാൽനൂറ്റാണ്ടിന്റെ ഗൾഫ് ജീവിതം സാർഥകമാണെന്നു തെളിയിക്കുകയും പ്രവാസത്തിന്റെ കയ്പും മധുരവും ജന്മഗ്രാമത്തിലെ സാധാരണക്കാരുമായി പങ്കിടുകയും ചെയ്യുന്ന, ഗൾഫിലെമ്പാടും പോളിക്ലിനിക് ശൃംഖല സ്ഥാപിച്ച കെ.ടി. റബീഉള്ളയുടെ ജീവിതത്തിലേക്ക്.

ഒരു സാധാരണ മലയാളി യുവാവിന്റെ ഗൾഫ് സ്വപ്നം. 1979 ൽ കടൽ കടക്കുമ്പോൾ മലപ്പുറം ഈസ്റ്റ് കോടൂർ സ്വദേശി കരുവാൻതൊടി റബീഉള്ള എന്ന ചെറുപ്പക്കാരന്റെ മനസ്സിലും ആ സ്വപ്നം മാത്രമേയുണ്ടായിരുന്നുള്ളു.

കൂട്ടുകാരും നാട്ടുകാരുമായ ചെറുപ്പക്കാരൊക്കെ ഗൾഫ് തേടിപ്പോകുന്ന കാലമായിരുന്നു അത്. പ്രത്യേകിച്ചും മലപ്പുറം ജില്ലയിലെ യുവാക്കൾ. സൗദി അറേബ്യയിൽ സമൃദ്ധിയുടെ പൂക്കാലം വിടർന്നതും എഴുപതുകളുടെ അവസാനം മുതലാണ്. സൗദിയുടെ കിഴക്കൻ മേഖലയിലെ ദമാമിലാണ് റബീഉള്ളയുടെ പ്രവാസ ജീവിതത്തിന് തുടക്കമായത്. പക്ഷെ സ്വപ്നം കണ്ട ഗൾഫായിരുന്നില്ല നേരിട്ടു കണ്ടത്. മോഹങ്ങൾക്കും കിനാക്കൾക്കും നേർവിപരീതമായിരുന്നു ഈ ചെറുപ്പക്കാരന്റെ പ്രവാസത്തിന്റെ പൂർവകാലമെന്നർഥം. കേവലം 600 റിയാൽ ശമ്പളത്തിന് റബീഉള്ളയുടെ നിറം മങ്ങിയ ദിനരാത്രങ്ങളും അവയുടെ തീക്ഷ്ണതയും ദേഹത്ത് വിളയിച്ചെടുത്ത വിയർപ്പ് തുറമുഖനഗരത്തിലെ മരുക്കാറ്റിലലിഞ്ഞത് ആരുമറിഞ്ഞില്ല.



കെ.ടി. റബീഉള്ള

പക്ഷെ കഠിനമായ അധ്വാനശീലം, കനത്ത ഇച്ഛാശക്തി, അകളങ്കമായ അർപ്പണബോധം, ഏതു പ്രതിസന്ധിയേയും പുഞ്ചിരിയോടെ നേരിടൽ... ഇതായിരുന്നു റബീഉള്ളയുടെ മനസ്സിന് കരുത്തു പകർന്ന ജൈവികമായ ചോദന. മറ്റേത് മലയാളി യുവാവും ഒരു പക്ഷെ ജോലി ഭാരവും കുറഞ്ഞ വേതനവും കാരണം മനസ്സ് മടുത്ത് നാട്ടിലേക്കുതന്നെ മടങ്ങിപ്പോകുന്നതിനെക്കുറിച്ച് ആലോചിക്കുമായിരുന്ന ക്ലേശപൂർണമായ ആ നാളുകളിൽ റബീഉള്ളയുടെ മനസ്സ് മന്ത്രിച്ചു: ഇല്ല, മരുഭൂമി ഭാവിയുടെ സ്വപ്നജാലകങ്ങൾ ഇന്നല്ലെങ്കിൽ നാളെ എനിക്കു മുമ്പിൽ മലർക്കെത്തുറക്കും. അതു വരെ കാത്തിരിക്കുക. അല്ലാഹുവിന്റെ ഇച്ഛക്കപ്പുറം ഒന്നും നടക്കില്ല. തികഞ്ഞ വിശ്വാസിയായ റബീഉള്ള പ്രാർഥനകളോടെ കാത്തിരുന്നു.

ആ വിശ്വാസത്തിന്റെ സുദൃഢമായ കരുത്തിൽ ജീവിതവിജയത്തിലേക്കുള്ള സ്വപ്നയാനം തുഴഞ്ഞ റബീഉള്ള പതിനൊന്നു മാസത്തെ കാഠിന്യം നിറഞ്ഞ ദമാം ജീവിതത്തിനുശേഷം ജിദ്ദയിലെത്തി. വിശ്വഗതി തിരുത്തിയെഴുതിയ വിശ്വാസപ്രമാണത്തിന്റെ തിരുപ്പിറവിക്ക് സാക്ഷ്യം വഹിച്ച പരിശുദ്ധ മക്കയുടെ കവാടനഗരമായ ജിദ്ദ. ഗൾഫിലെ നിധികുംഭങ്ങൾ മോഹിച്ച് അക്കാലത്ത് മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രവഹിച്ചെത്തിയ ചെറുപ്പക്കാരുടെ കിനാക്കൾ പുഷ്പജാലം ചൂടിനിന്ന ജിദ്ദാ നഗരത്തിൽ കാൽകുത്തിയപ്പോൾ റബീഉള്ളയുടെ ഗൃഹാതുരത്വം പറന്നകന്നു. സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും നാട്ടുകാരുടെയും സാമീപ്യവും സഹവാസവും അനുഭവിക്കുമ്പോഴും മനസ്സിൽ തെളിഞ്ഞു കത്തിയ ഒരു മോഹമുണ്ടായിരുന്നു: ജീവിതത്തിന് സ്വന്തമായൊരു മേൽവിലാസമുണ്ടാക്കണം. അതോടൊപ്പം തനിക്കു ചുറ്റും കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പാനും ശ്രമം നടത്തണം. സഹജീവി സ്നേഹം സഹായമനസ്കനായ ബാപ്പ പഠിപ്പിച്ചതാണ്. അതുകൊണ്ട് തന്നെ സ്വന്തം വിശപ്പ് മാറും മുമ്പേ മറ്റുള്ളവന്റെ വിശപ്പ് മാറ്റുകയെന്ന സമഭാവനയുടെ ബാലപാഠം ഇല്ലായ്മകൾക്കിടയിലും റബീഉള്ള മറന്നില്ല.

## അശ്വമേധത്തിന്റെ തുടക്കം

ജിദ്ദയിലെ പ്രശസ്തനായ ഡോ. മുഹമ്മദ് സഊദ് ബദറുദ്ദീനോടൊപ്പമായിരുന്നു റബീഉള്ളയുടെ സഹോദരൻ അന്ന് ജോലി ചെയ്തിരുന്ന്. അദ്ദേഹത്തിന്റെ സ്വാധീനം റബീഉള്ളയെ ജിദ്ദ ശാരാസിത്തീനിലുള്ള ഡോ. ബദറുദ്ദീന്റെ ക്ലിനിക്കിലെത്തിച്ചു. ക്ലിനിക്കിലെ സുഡാനിയായ റിസപ്ഷനിസ്റ്റ് അവധിയായതിനാൽ ആ ഒഴിവുകാല വേക്കൻസിയിൽ റബീഉള്ള ജോലിക്കു കയറി. ഇത് ജീവിതത്തിന്റെ ഒരു വഴിത്തിരിവായിരുന്നു. ഈ ജോലി, റബീഉള്ളയുടെ ജീവിതത്തിലെ ഏറ്റവും ഭാഗ്യപൂർണമായ സമൃദ്ധിയുടെയും സമ്പന്നതയുടെയും കനകച്ചെപ്പു തുറക്കാനുള്ള മാന്ത്രികത്താക്കോലായി മാറിയത് യാദൃച്ഛികം. ശോഭനമായൊരു വരുംകാലത്തിന്റെ പിറവിക്ക് ഡോ. ബദറുദ്ദീനുമായുള്ള സൗഹൃദം പിൽക്കാലത്ത് വഴിവെച്ചു. പിതൃതുല്യമായ സ്നേഹമാണ് ഡോ. ബദറുദ്ദീൻ നൽകിയതെന്ന് റബീഉള്ള എപ്പോഴും കടപ്പാടുകളോടെ സ്മരിക്കുന്നു. തീർച്ചയായും റബീഉള്ള കൃതജ്ഞതാഭരിതനാണ്. പുരോഗതിയിലേക്കുള്ള തന്റെ കുതിപ്പിന്, വളർച്ചയിലേക്കുള്ള തന്റെ അശ്വമേധത്തിന് ഫ്ളാഗ് ഓഫ് ചെയ്ത ബദറുദ്ദീൻ ക്ലിനിക്കിന്റെ ആദ്യകാല സാരഥിയോട്.




**കൊച്ചിയിൽ നടന്ന പ്രവാസിഭാരതീയ ദിവസിൽ രാഷ്ട്രപതി പ്രണബ് മുഖർജിയിൽ നിന്ന് റബീഉള്ള പുരസ്കാരം സ്വീകരിക്കുന്നു**

### കാലം 1979.

600 റിയാലിൽ നിന്ന് 1300 റിയാലിലേക്കുയർന്നു, റബീഉള്ളയുടെ ശമ്പളം. ക്ലിനിക്കിലെ ജോലിക്കിടയിലാണ് റബീഉള്ളയുടെ മനസ്സിൽ ജിദ്ദയിലും പരിസരങ്ങളിലുമുള്ള പാവപ്പെട്ട പ്രവാസികളുടെ ചില ചിത്രങ്ങൾ തെളിഞ്ഞുവന്നത്. രോഗം വന്ന് ഈജിപ്ഷ്യൻ ഡോക്ടർമാരുടെയും മറ്റും അടുത്തെത്തി അസുഖത്തിന്റെ വിവരം യഥാവിധി വിശദീകരിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന നൂറുകണക്കിന് മലയാളികൾ. 100 റിയാലും 75 റിയാലും പരിശോധനാഫീസ്. മരുന്നുവില പുറമെ. താങ്ങാനാവാത്ത ചികിത്സാഭാരം. പ്രവാസികളെ സംബന്ധിച്ചിടത്തോളം വിദഗ്ധ ചികിത്സയെന്നത് ബാലികേറാമലയായ കാലം.

പ്രവാസികളുടെ ഹൃദയസ്പന്ദനം റബീഉള്ള തൊട്ടറിയുകയായിരുന്നു. അന്ന് മനസ്സിൽ മൊട്ടിട്ട മോഹമായിരുന്നു വിദഗ്ധരായ മലയാളി ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ഏറ്റവും ചുരുങ്ങിയ ചെലവിൽ മലയാളികളായ പ്രവാസികൾക്ക് ആതുരസേവനം നൽകുകയെന്നത്. ഡോ. ബദറുദ്ദീന്റെ ക്ലിനിക്കിൽ രോഗികൾക്ക് ചീട്ടെഴുതിക്കൊടുക്കുമ്പോഴും അവരെ ഊഴമനുസരിച്ച് ഡോക്ടറുടെ മുറിയിലേക്ക് വിടുമ്പോഴുമൊക്കെ റബീഉള്ളയുടെ മനസ്സിൽ ഇത്തരമൊരു ചികിത്സാലയത്തിന്റെ സ്വപ്നത്തിനു ചിറകു മുളയ്ക്കുകയായിരുന്നു. എപ്പോഴും നല്ല സ്വപ്നങ്ങളായിരുന്നു റബീഉള്ളക്ക് അന്നും ഇന്നുംകൂട്ടിനുണ്ടായിരുന്നത്.


പ്രവാസികളുടെ ഹൃദയസ്പന്ദനം റബീഉള്ള തൊട്ടറിയുകയായിരുന്നു. അന്ന് മനസ്സിൽ മൊട്ടിട്ട മോഹമായിരുന്നു വിദഗ്ധരായ മലയാളി ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ഏറ്റവും ചുരുങ്ങിയ ചെലവിൽ മലയാളികളായ പ്രവാസികൾക്ക് ആതുരസേവനം നൽകുകയെന്നത്


ജിദ്ദയിലെ മലയാളികളുടെ സംഗമകേന്ദ്രമായ ഷറഫിയയിൽത്തന്നെ ഒരു മലയാളി ക്ലിനിക് എന്നതായിരുന്നു അദ്യത്തെ മോഹം. തന്റെ സ്വപ്നങ്ങളോടും ആശയങ്ങളോടും അതീവ താത്പര്യം പ്രകടിപ്പിച്ച ഡോ. സഊദ് ബദറുദ്ദീന്റെ സഹായത്തോടെ പോളിക്ലിനിക് ആരംഭിച്ചു. പിൽക്കാലത്ത് മലയാളികളുടെ പോളിക്ലിനിക് പ്രവണതയുടെ സമാരംഭവും അതായിരുന്നു. ഭാഷയറിയാത്ത ഡോക്ടർമാർക്കു മുമ്പിൽ തപ്പിത്തടയുന്ന പ്രവാസികൾക്ക് രോഗവിവരം നേരിൽ പറയാനും ആശ്വാസത്തിന്റെ തലോടൽ അനുഭവിക്കാനും മലയാളി ഡോക്ടർമാരെത്തന്നെ ലഭിച്ചു തുടങ്ങിയത് അക്കാലത്തെ അനുഗ്രഹങ്ങളിലൊന്നായിരുന്നു. ഇന്ന് അതൊരു അദ്ഭുതവാർത്തയായി തോന്നാമെങ്കിലും എഴുപതുകളുടെ അന്ത്യത്തിലും എൺപതുകളിലും രോഗബാധിതരായ പ്രവാസികൾക്ക് ഡോക്ടർമാരുമായുള്ള ആശയവിനിമയം ഒരു പ്രശ്നം തന്നെയായിരുന്നു സൗദിയുടെ എല്ലാ ഭാഗങ്ങളിലും. ഈ സമസ്യയാണ് ദീർഘദർശിയായ റബീഉള്ള പൂരിപ്പിച്ചത്. ഡോ. പൂളക്കുണ്ടൻ മുഹമ്മദ്, ഡോ. ടി.എം. കുട്ടി, ഡോ. ഫർഹ അലി,

ഡോ. പി. മുഹമ്മദ് കാസിം, ഡോ. കുഞ്ഞിമൂസ, ഡോ. ജമീല തുടങ്ങിയവരുടെ സേവനം മലയാളികൾക്ക് ലഭ്യമാക്കാനായത് റബീഉള്ളയുടെ പരിശ്രമം മൂലമായിരുന്നു. സൗജന്യ മെഡിക്കൽ ക്യാംപുകളിലൂടെ ആതുരസേവനം എല്ലാ അർഥത്തിലും റബീഉള്ള ജനകീയമാക്കി. (ഇന്ന് സർവസാധാരണമായ സൗജന്യ മെഡിക്കൽ ക്യാമ്പ് എന്ന ആശയത്തിന് ഇന്ത്യക്കാർക്കിടയിൽ വിത്തുപാകിയത് റബീഉള്ളയായിരുന്നു.)

പാവപ്പെട്ട പല രോഗികൾക്കും സൗജന്യമായി ചികിത്സയും മരുന്നും നൽകി. വളർച്ചയുടെ ഓരോ പടവും പിന്നിടുമ്പോഴും കൂടുതൽ വിനയാന്വിതനായ റബീഉള്ള തന്റെ കഠിനാധ്വാനം തുടരുകയും ചെയ്തു. ഇതിനിടെ, പല കേന്ദ്രങ്ങളിൽ നിന്നും തിരിച്ചടി നേരിട്ട റബീഉള്ള സാമ്പത്തികമായ പ്രതിസന്ധിയെ ധീരമായി മറികടന്നത് പലർക്കും അദ്ഭുതമായി. ധനേച്ഛയെക്കാൾ കഷ്ടപ്പാടും കണ്ണീരുമായി വരുന്ന ഒരു പ്രവാസി സംതൃപ്തിയുടെ പാൽപുഞ്ചിരിയോടെ മടങ്ങുന്നുവെന്നതാണ് റബീഉള്ളയുടെ ജീവിതത്തിന് സാഫല്യത്തിന്റെയും സാക്ഷാത്കാരത്തിൻരെയും കുളിർകാറ്റ് നൽകിയത്. ചെറുതും വലുതുമായ എല്ലാ പ്രവാസി സംരംഭങ്ങൾക്കും സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും കയ്യയച്ച് സംഭാവന ചെയ്ത് ഇദ്ദേഹം പരോപകാരത്തിന്റെ പുതിയൊരു ചരിത്രം മലയാളി സമൂഹത്തിനു സൃഷ്ടിച്ചുകൊടുത്തു.



**റബീഉള്ളയുടെ ജിദ്ദയിലെ പോളിക്ലിനിക്കുകളിൽ ഒന്ന്**

## സാധാരണക്കാരുടെ ആശ്രയം

പ്രിൻസ് അബ്ദുല്ല ബിൻ മൻസൂർ ബിൻ ജലവി അൽസൗദ് രാജകുമാരന്റെ വിദഗ്ധ നേതൃത്വം റബീഉള്ളക്ക് തുണയായി. ജിദ്ദയിലെ ഇവരുടെ മാനേജ്മെന്റിലുള്ള ക്ലിനിക്കുകൾ പ്രവാസികൾക്കു മാത്രമല്ല, സ്വദേശികൾക്കും അനുഗ്രഹമായി. സാധാരണക്കാരായ രോഗികളുടെ സമ്പൂർണ ചികിത്സയെന്ന ആശയം സാക്ഷാത്ക്കരിക്കപ്പെട്ട സംതൃപ്തിയോടെ റബീഉള്ള റിയാദിലേക്കും ദമാമിലേക്കും ജിസാനിലേക്കും ഖമീസ് മുഷൈത്തിലേക്കും ക്ലിനിക് ശൃംഖല വ്യാപിപ്പിച്ചു. മലയാളികൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ട് കാർഡ് മുഖേന പത്തു റിയാൽ മാത്രമായി പരിശോധനാഫീസ് പരിമിതപ്പെടുത്തി. ബഹ്റൈൻ, മസ്കത്ത് എന്നിവിടങ്ങളിലേക്കും പോളിക്ലിനിക്കുകളും ഫാർമസികളും വ്യാപിപ്പിച്ചു. കുവൈത്തിലും ഖത്തറിലും മെഡിക്കൽ സെന്ററുകൾ സ്ഥാപിക്കാൻ മുൻകയ്യെടുത്തതോടെ ഈ രംഗത്ത് റബീഉള്ള മികച്ച നേട്ടം കൊയ്തു. സൗദിയിലെ വിരലിലെണ്ണാവുന്ന പ്രവാസി ബിസിനസ് നിക്ഷേപകരിലൊരാളെന്ന പദവിയും റബീഉള്ളക്ക് സഹായകമായി. സൗദിയിൽ വിപുലസൗകര്യത്തോടെ സ്വദേശികൾക്കും വിദേശികൾക്കും വേണ്ടി വിപുലമായ ഒരു ആശുപത്രി സമുച്ചയം എന്ന സ്വപ്നമാണ് ഇനി റബീഉള്ളക്കുള്ളത്. ശ്രീലങ്കൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഹോസ്പിറ്റൽ മാനേജ്മെന്റിലെ മികവിന് റബീഉള്ളക്ക് ഡോക്ടറേറ്റ് ബിരുദം ലഭിച്ചത് അടുത്തകാലത്താണ്.

സാധാരണക്കാരിൽ സാധാരണക്കാരായ പ്രവാസികൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുകയെന്ന റബീഉള്ളയുടെ ചിന്തയുടെ ഫലമാണ് ഗൾഫിലെമ്പാടുമുള്ള ഇത്തരം ക്ലിനിക്കുകൾ. പ്രവാസികളുടെ ക്രമം തെറ്റിയ ജീവിതരീതിയും അമിതമായ ഭക്ഷണവും അവരിൽ രക്തസമ്മർദം, പ്രമേഹം, ഹൃദ്രോഗം എന്നിവക്ക് കാരണമാകുന്നുവെന്ന് തിരിച്ചറിഞ്ഞ് ഈ മേഖലകളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുകയാണ് ക്ലിനിക്കുകളുടെയും മെഡിക്കൽ സെന്ററുകളുടെയും ആശുപത്രിയുടെയും ആത്യന്തികലക്ഷ്യമെന്ന് റബീഉള്ള അടിവരയിടുന്നു.

## ജന്മനാടിന്റെ വളർത്തച്ഛൻ

ജന്മദേശമായ മലപ്പുറം ഈസ്റ്റ് കോടൂർ ഗ്രാമം ദത്തെടുത്തുകൊണ്ടാണ് തന്റെ സേവനപ്രവർത്തനങ്ങൾക്ക് ജീവകാരുണ്യത്തിന്റെ പുതിയൊരു മുഖം റബീഉള്ള നൽകിയത്. കോടൂരിലെ മുഹമ്മദ് ഫസലുല്ല സ്റ്റേഡിയം അതിന്റെ തുടക്കം മാത്രമായിരുന്നു. നിരവധി ചെറുപ്പക്കാർക്ക് ഓട്ടോറിക്ഷകൾ വാങ്ങിക്കൊടുത്ത് അവരുടെ കുടുംബത്തിന് ഉപജീവനത്തിന്റെ ഉപ്പും ചോറും നൽകിയതിലൂടെ സ്വന്തം ഗ്രാമത്തിന്റെ ഹൃദയം കവരാൻ റബീഉള്ളക്ക് കഴിഞ്ഞു. പാവപ്പെട്ട വിദ്യാർഥികൾക്ക് ഫീസും സ്കോളർഷിപ്പും നൽകുക വഴി കോടൂരിൽ അക്ഷരവിപ്ലവത്തിന് ആരംഭം കുറിക്കാനും സാധിച്ചു. ഈസ്റ്റ് കോടൂരിനെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തിലേക്കുള്ള കാൽവയ്പ്പാണിത്. ഗവൺമെന്റ് ഏജൻസികളുമായി സഹകരിച്ചും അല്ലാതെയും പുരോഗതിയുടെ പടവുകൾ കീഴടക്കാനുള്ള ഈ യത്നം ഇതിനകം എല്ലാ വിഭാഗങ്ങളുടെയും പ്രശംസ നേടിയിട്ടുണ്ട്. സാമ്പത്തിക പ്രശ്നം കാരണം ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നവരെ കയ്യയച്ച് സഹായിക്കാനുള്ള പദ്ധതിയും റബീഉള്ളക്കുണ്ട്. ജീവകാരുണ്യത്തിലൂടെ സ്വന്തം നാടിനെ നെഞ്ചേറ്റിയിരിക്കുകയാണ് ഇപ്പോൾ രണ്ടു ഡസനിലധികം ക്ലിനിക്കുകളും അത്രയും ഫാർമസികളും സ്വന്തമായുള്ള സ്ഥിരോത്സാഹിയായ ഈ പ്രവാസി വ്യവസായി. വിദേശങ്ങളിലേക്കു ചേക്കേറി സ്ഥിരവാസമുറപ്പിക്കുന്ന പല മലയാളി ബിസിനസുകാർക്കും റബീഉള്ള അപവാദമാണ്. എത്ര ഔന്നത്യത്തിലെത്തിയാലും ജനിച്ച നാടിനെയും സ്നേഹം പകർന്ന നാട്ടുകാരെയും അദ്ദേഹത്തിന് അത്രവേഗം മറക്കാനാവില്ല. ഓരോ ഈസ്റ്റ് കോടൂർക്കാരന്റെയും വളർച്ച, അതുകണ്ട് സംതൃപ്തിയടയാനുള്ള മോഹം – അതാണ് തന്നെ ഗ്രാമീണനിഷ്കളങ്കതയുടെ പിൻവിളിയിൽ തളച്ചിടുന്നതെന്ന് റബീഉള്ള വിശ്വസിക്കുന്നു.

എല്ലാ ജി.സി.സി. രാഷ്ട്രങ്ങളിലേക്കും ആതുര ചികിത്സാരംഗത്തെ മലയാളി സ്പർശം അനുഭവവേദ്യമാക്കണമെന്ന് അതിയായി ആഗ്രഹിക്കുമ്പോഴും റബീഉള്ളയുടെ മനസ്സ് മന്ത്രിക്കുന്നു: ജിദ്ദയിലെ സാധാരണക്കാരായ മലയാളികളാണ് എന്നെ ക്ഷേമൈശ്വര്യങ്ങളുടെ പടവുകൾ കയറ്റിയത്. അവരിലൊരാളായി, അവരുടെ സുഖദുഃഖങ്ങളിൽ പങ്കാളിയായി എനിക്കു കഴിയണം. ഉയരങ്ങളെത്തിപ്പിടിക്കുമ്പോഴും കോടികളുടെ ലാഭം കൊയ്യുമ്പോഴും ഈ ലളിതമായ സ്വപ്നമാണ് കരുവാൻതൊടി റബീഉള്ള എന്ന വിനയാന്വിതനായ ബിസിനസുകാരന്റെ സ്വപ്നം, മോഹം, പ്രാർഥന. ■

(തുടരും...)




നബീൽ റാശിദ്

# ആഘോഷത്തിമിർപ്പടങ്ങാതെ മലപ്പുറം

**ഒരു ജനത ഒന്നാകെ നെഞ്ചേറ്റിയ കലോത്സവമായിരുന്നു മലപ്പുറത്ത് കഴിഞ്ഞത്. ജനപ്രാതിനിധ്യംകൊണ്ടും സംഘാടന മികവുകൊണ്ടും ശ്രദ്ധേയമായ സ്കൂൾ കലോത്സവത്തെക്കുറിച്ച്...**

മലപ്പുറത്തിന്റെ മനസിളക്കിയ പകലിരവുകളുടെ അലയടങ്ങിയിട്ടില്ല. ഒപ്പനപ്പാട്ടിന്റെ ഇശലുകളിൽ മോഹിനിയാട്ടത്തിന്റെ ലാസ്യവും ഭരതനാട്യത്തിന്റെ ചടുലതയും കുച്ചിപ്പുടിയുടെ മുദ്രാവൈവിധ്യങ്ങളും ചിലങ്ക കെട്ടിയാടിയ ദിവസങ്ങളാണ് കടന്നുപോയത്. ഒരുപക്ഷെ ഏഷ്യയിലെ ഏറ്റവും വലിയ കൗമാരമേള എന്ന വിഖ്യാതിയുടെ ചരിത്രം ഇന്നോളം കണ്ടിട്ടില്ലാത്ത ജനസഞ്ചയം, അഴിച്ചുവെച്ചിട്ടില്ല ആ ചിലങ്കകൾ... ഇപ്പോഴും മലപ്പുറത്തിന്റെ മനസ്സിലുണ്ട് കൗമാര സ്വപ്നങ്ങളുമായി അരങ്ങുവാണ പ്രതിഭാ വിലാസങ്ങൾ... പ്രഭാതം മുതൽ രാവേറെച്ചെല്ലുമ്പോഴും പ്രതിഭകൾ ആടിയും പാടിയും ആവേശഭരിതമാക്കിയ ആ നിമിഷങ്ങൾ.

ജനപ്രാതിനിധ്യം കൊണ്ടു മാത്രമല്ല, സംഘാടനമികവു കൊണ്ടും ശ്രദ്ധേയമായ കലോത്സവമാണ് ഇപ്രാവശ്യം മലപ്പുറത്തു നടന്നത്. കലോത്സവ ഒരുക്കം മുതൽ സമാപനം വരെയുള്ള ഓരോ നിമിഷവും അതു തെളിയിക്കുന്നതായിരുന്നു.

ജനുവരി 14 ന് വൈകിട്ട് നാലരയ്ക്ക് പ്രധാന വേദിയായ എം.എസ്.പി. മൈതാനത്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 53 ാമത് കലോത്സവത്തിന് ഔദ്യോഗിക തുടക്കം കുറിക്കുമ്പോഴും ഘോഷയാത്രയുടെ നാലിലൊന്നു പോലും ഗ്രൗണ്ടിൽ എത്തിയിരുന്നില്ല.

ഉദ്ഘാടനചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് അധ്യക്ഷത വഹിച്ചു. വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി മുഖ്യപ്രഭാഷണം നടത്തി. മലപ്പുറം എം.പിയും കേന്ദ്ര വിദേശകാര്യ സഹമന്ത്രിയുമായ ഇ. അഹമ്മദ് വിശിഷ്ടാതിഥിയായി. ഇ.ടി. മുഹമ്മദ് ബഷീർ എം.പി, എം.എൽ.എമാരായ പി. ഉബൈദുള്ള, എം.പി. അബ്ദുസമദ് സമദാനി, അഡ്വ. കെ. എൻ.എ. ഖാദർ, അഡ്വ. എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, ടി.എ. അഹമ്മദ് കബീർ, അബ്ദുറഹ്മാൻ രണ്ടത്താണി, സി. മമ്മൂട്ടി, കെ.ടി. ജലീൽ, പി. ശ്രീരാമകൃഷ്ണൻ, പി.കെ. ബഷീർ, അഡ്വ. എൻ. ഷംസുദ്ദീൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട്, ജില്ലാ കളക്ടർ എം.സി. മോഹൻദാസ്, ജില്ലാ പൊലീസ് മേധാവി കെ. സേതുരാമൻ, നഗരസഭാ ചെയർമാൻ കെ.പി. മുഹമ്മദ് മുസ്തഫ എന്നിവർ പങ്കെടുത്തു. സിനിമാതാരം റീമ കല്ലിങ്കലിന്റെ സാന്നിധ്യം ഉദ്ഘാടന ചടങ്ങിന് നിറം പകർന്നു.

കുട്ടികൾക്ക് ആശ്വസിക്കാനുള്ളനിരവധി പ്രഖ്യാപനങ്ങളാണ് കലോത്സവം നൽകിയത്. കലോത്സവത്തിൽ ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് നൽകുന്ന സമ്മാനത്തുക 2000, 1600, 1200 എന്നിങ്ങനെയാക്കി വർധിപ്പിച്ച വിവരം മുഖ്യമന്ത്രി പ്രഖ്യാപിച്ചത് കരഘോഷത്തോടെയാണ് ജനം സ്വീകരിച്ചത്. കഴിഞ്ഞ വർഷം ഇത് 1000, 800, 600 എന്നിങ്ങനെയായിരുന്നു നൽകിയിരുന്നത്. സ്പെഷ്യൽ സ്കൂൾ കലോത്സവ വിജയികൾക്കുള്ള സമ്മാനത്തുകയും വർധിപ്പിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് കലോത്സവത്തിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകുന്നതിന് കോർപസ് ഫണ്ട് രൂപവത്കരിക്കുമെന്ന വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനവും മികവു പുലർത്തുന്ന പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുമെന്ന് വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനവും മലപ്പുറം മേളയുടെ സംഭാവനയാണ്.



**മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സ്കൂൾ കലോത്സവത്തിന് തിരിതെളിച്ചപ്പോൾ**

## മികവുറ്റ സംഘാടനം

മികവുറ്റ സംഘാടനമായിരുന്നു മലപ്പുറം മേളയുടെ പ്രത്യേകത. വിദ്യാഭ്യാസ മന്ത്രിയും മറ്റ് ജനപ്രതിനിധികളും അധ്യാപകരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘാടകസമിതി മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചത്. സംഘാടനത്തിൽ പിഴവുകളുണ്ടോയെന്ന് വിദ്യാർഥികളോടും മാധ്യമപ്രവർത്തകരോടും ഇടയ്ക്കിടെ അന്വേഷിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാഴ്ചയും കാണാനായി.

സബ്കമ്മിറ്റികൾ മികവുറ്റ പ്രവർത്തനമാണ് കാഴ്ചവെച്ചത്. കലോത്സവ ദിവസം തീരുമാനിച്ചതു മുതൽ മേള കൊടിയിറങ്ങുന്നതുവരെ വിശ്രമമില്ലാത്ത പ്രവർത്തനമായിരുന്നു ജനപ്രതിനിധികളുടെ നേതൃത്വത്തിലുള്ള സബ്കമ്മിറ്റി അംഗങ്ങളുടേത്. കപ്പ് സ്വീകരണം മുതൽ അതിഥികളെ സ്വീകരിക്കുന്നതിൽ വരെ പുതുമനിറഞ്ഞതായിരുന്നു കമ്മിറ്റികളുടെ പ്രവർത്തനം. പങ്കെടുത്ത എല്ലാ വിദ്യാർഥികൾക്കും പ്രത്യേക മെമന്റോ നൽകി.

കുട്ടികൾ തന്നെ തയാറാക്കിയ പോസ്റ്ററുകളായിരുന്നു ഇത്തവണ കലോത്സവ പ്രചരണത്തിന് ഉപയോഗിച്ചത്. പ്രതീക്ഷിച്ചതിലുമധികം ജനങ്ങൾ ഊട്ടുപുരയിൽ എത്തിയിട്ടും ആക്ഷേപത്തിന് ഇട നൽകാതെ ഭക്ഷണം വിളമ്പാനും അധികൃതർക്ക് സാധിച്ചു. മലപ്പുറം നഗരത്തിന്റെ പരിസരത്തുള്ള സ്കൂളുകളിലായിരുന്നു താമസ സൗകര്യം ഒരുക്കിയിരുന്നത്. കൂടെയെത്തിയവർ സമീപത്തുള്ള വീടുകളെ ആശ്രയിച്ചു. മുഴുവൻ വേദികളിലും കുടിവെള്ള വിതരണമൊരുക്കിയിരുന്നു. കൂടാതെ പൊലീസ് അസോസിയേഷന്റെ നേതൃത്വത്തിൽ കുടിവെള്ളവും ചുക്കുകാപ്പിയും വിതരണം ചെയ്തു. മാലിന്യം നിറയാതിരിക്കാൻ പ്രത്യേക ശ്രദ്ധയും വെൽഫയർ കമ്മിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടായി.

എട്ടാം വേദിയായ കോട്ടക്കുന്നിൽ സാംസ്കാരിക പരിപാടിയും മറ്റൊരു ചരിത്രമായി. കലോത്സവ വിജയികളെ ആദരിക്കുന്നതോടൊപ്പം നടന്ന ആഴമേറിയ ചർച്ചയിൽ പ്രമുഖർ പങ്കെടുത്തു. അഞ്ചു ദിവസങ്ങളിലായി മികച്ച കലാകാരന്മാർ അണിനിരന്ന കലാപരിപാടികൾ ജനത്തിന് നവ്യാനുഭവമായി മാറി. മേളയുടെ ഭാഗമായി നടത്തിയ പ്രദർശനവും ശ്രദ്ധയാകർഷിക്കുന്നതായിരുന്നു. 53 വർഷത്തെ കലോത്സവ ചരിത്രവും മലപ്പുറത്തിന്റെ ചരിത്രവും ഉൾക്കൊള്ളുന്നതായിരുന്നു പ്രദർശനം.

പുതുതായി രൂപവത്കരിച്ച മീഡിയ കമ്മിറ്റിയുടെ പ്രവർത്തനം ശ്രദ്ധിക്കപ്പെടുന്നതായിരുന്നു. മുഴുവൻ മാധ്യമപ്രവർത്തകർക്കും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡായിരുന്നു ഇത്തവണ വിതരണം ചെയ്തത്. മാധ്യമ പ്രവർത്തകർക്കായി പ്രധാന വേദികളിൽ വൈ.ഫൈ സൗകര്യവും ഒരുക്കിയിരുന്നു. 73 സ്ഥാപനങ്ങളിൽ നിന്നായി ആയിരത്തി ഇരുന്നൂറിലധികം പേരാണ് കലോത്സവം റിപ്പോർട്ട് ചെയ്യാൻ എത്തിയത്. നവമാധ്യമങ്ങളുടെ സാന്നിധ്യവും ഈ കലോത്സവത്തിൽ ശ്രദ്ധേയമായി.

## ഒഴുകിയെത്തിയ ജനസാഗരം

കലോത്സവത്തിലെ ആദ്യ റാങ്ക് സ്വന്തമാക്കിയത് ജില്ലയിലെ കാണികളാണ്. നിറഞ്ഞ സദസ്സിലാണ് മുഴുവൻ മത്സരങ്ങളും നടന്നത്. പുലർച്ചെവരെ നീണ്ട




**വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് സംസാരിക്കുന്നു**

മത്സരങ്ങളിൽപോലും കാലു കുത്താൻ ഇട മില്ലാത്തവിധത്തിലായിരുന്നു ജനത്തിരക്ക്. ഒപ്പനയ്ക്കും കോൽകളിക്കും നാടകത്തിനു മെല്ലാം പൂഴിയിട്ടാൽ നിലത്തു വീഴാത്തത്ര ജനമായിരുന്നു. വാഹനങ്ങൾ നഗരത്തിനു പുറത്തു നിർത്തി കിലോമീറ്ററുകളോളം നടന്നാണ് ജനം വേദിയിലെത്തിയത്. ഫുട്ബോൾ ഗ്രൗണ്ടിലെന്നപോലെ ഇരച്ചെത്തിയ ജനത്തിന്റെ ആവേശം മത്സരാർഥികളുടെ പ്രകടനത്തിനും വീര്യം പകർന്നു. തികഞ്ഞ അച്ചടക്കത്തോടെയായിരുന്നു കാണികൾ മത്സരം വീക്ഷിച്ചത്. ഏഴു ദിവസത്തിനിടയിൽ ഒരു പരാതിപോലും ലഭിച്ചില്ലെന്ന് ജില്ലാപൊലീസ് മേധാവി പറയുന്നു. മോശമായ പ്രവൃത്തി കണ്ടെത്തുന്നതിനായി സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾക്ക് ഒന്നും കണ്ടെത്താനായില്ലെന്നത് മലപ്പുറത്തെ ജനങ്ങൾക്കുള്ള അംഗീകാരമാണ്.

അറബി സാഹിത്യോത്സവവും സംസ്കൃതോത്സവവും അറബി, സംസ്കൃത സെമിനാറുകളു ഒരുപോലെ നിറഞ്ഞ സദസ്സിലാണ് നടന്നത്. അറബി സാഹിത്യോത്സവത്തിന്റെ ഭാഗമായി നടന്ന ചരിത്രപ്രദർശനം കാണാനും ജനങ്ങൾ ഒഴുകി.

മേളയുടെ മറ്റൊരു സവിശേഷതയായിരുന്നു കുട്ടി വോളന്റിയർമാരുടെ സേവനം. ജില്ലാ പഞ്ചായത്തിന്റെ സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്സ്, ജില്ലാ പഞ്ചായത്തിന്റെ തണൽക്കൂട്ട് അംഗങ്ങൾ എന്നിവയിലെ രണ്ടായിരത്തിലധികം അംഗങ്ങളാണ് മേളയുടെ വിജയത്തിനായി പ്രധാനമായും പ്രവർത്തിച്ചത്.

## ചരിത്രമായി കൊടിയിറക്കം

സമാപന സമ്മേളനം വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ചെയർമാൻ പി. ഉബൈദുള്ള എം.എൽ.എ അധ്യക്ഷത വഹിച്ചു. മന്ത്രി എം.കെ. മുനീർ സമ്മാനങ്ങൾ വിതരണംചെയ്തു. കലോത്സവ സുവനീർ മന്ത്രി മഞ്ഞളാംകുഴി അലി വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടർ കെ. അജിത്തിന് നൽകി പ്രകാശനം ചെയ്തു. പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദന്റെ സന്ദേശം ഡി.പി.ഐ. എ. ഷാജഹാൻ വായിച്ചു. കലോത്സവത്തിന് അടുത്ത വർഷം ആതിഥ്യമരുളുന്ന പാലക്കാടിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട് പതാക കൈമാറി. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ, ഡി.ഡി.ഇ., എ. ഗീത എന്നിവർ ചേർന്ന് പതാക ഏറ്റുവാങ്ങി. എം.എൽ.എമാരായ കെ.എൻ.എ. ഖാദർ, എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, ജില്ലാ കളക്ടർ മോഹൻദാസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ. കുഞ്ഞു, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ പി.കെ. ജൽസീമിയ, ടി. വനജ ടീച്ചർ, നഗരസഭാ ചെയർമാൻ കെ.പി. മുഹമ്മദ് മുസ്തഫ, വൈസ് ചെയർപേഴ്സൺ കെ.എം. ഗിരിജ, പ്രതിപക്ഷ നേതാവ് പാലൊളി കുഞ്ഞി മുഹമ്മദ്, കൗൺസിലർ കെ. ആശ, ജില്ലാ പൊലീസ് മേധാവി കെ. സേതുരാമൻ, ഹയർസെക്കൻഡറി ഡയറക്ടർ കേശവേന്ദ്രകുമാർ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ എ.കെ. സൈനുദ്ദീൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ടി.വി. ഇബ്രാഹിം, സ്വീകരണ കമ്മിറ്റി ചെയർമാൻ സലീം കുരുവമ്പലം എന്നിവർ സംസാരിച്ചു.

കലോത്സവത്തിൽ ഉയർത്തിയ പതാക അഴിച്ചു മാറ്റിയപ്പോൾ കെട്ടഴിക്കാൻ അൽപം പാടുപെട്ടു. അപ്പോൾ കൂട്ടത്തിൽനിന്നും ഉയർന്ന കമന്റ് 'പതാകയ്ക്ക് മലപ്പുറം വിട്ടു പോവാൻ തോന്നുന്നില്ല' അതു തന്നെയായിരുന്നു എല്ലാവരുടെയും മനസ്സിലും. മനസ്സില്ലാമനസ്സോടെയാണ് അവർ മലപ്പുറത്തോട് യാത്രപറഞ്ഞത്. ■

*(മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ അസി. എഡിറ്ററാണ് ലേഖകൻ )*





ഘോഷയാത്രയിലെ ദൃശ്യങ്ങൾ



ഡോ. കെ.എസ്. രവികുമാർ

എ.ആർ. രാജരാജവർമ്മയുടെ 150-ാം ജന്മവാർഷികം

# ആധുനിക മലയാളത്തിന്റെ വളർത്തച്ഛൻ



എ.ആർ. രാജരാജവർമ

**മലയാളത്തെ കാലത്തിനൊപ്പം മുന്നേറുന്ന ഒരു ഭാഷയാക്കിത്തീർക്കാൻ എ.ആർ. രാജരാജവർമ നടത്തിയ പരിശ്രമങ്ങളാണ് മലയാളത്തിന്റെ പിൽക്കാല വികാസത്തിന് ഊർജം പകർന്നത്.**

മലയാളത്തെ ആധുനീകരിച്ചതിൽ പ്രധാന പങ്കുവഹിച്ച ആചാര്യനാണ് എ.ആർ. രാജരാജവർമ (1863-1918). 19 ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ ഇന്ത്യയിലെ പ്രാദേശിക ഭാഷകൾക്ക് വികാസമുണ്ടായ കാലമാണ്. ഇതിന് പ്രേരകമായ ചരിത്ര-സാംസ്കാരിക പശ്ചാത്തലം രൂപപ്പെട്ടത് കൊളോണിയൽ ആധുനികതയുടെ വ്യാപനത്തിലൂടെയാണ്. അച്ചടി, കടലാസ് ഉപയോഗിച്ചുള്ള പുസ്തക നിർമാണം, പത്രമാസികകളുടെ ആവിർഭാവം, പാശ്ചാത്യ രീതിയിലുള്ള വിദ്യാഭ്യാസരീതിയുടെ വ്യവസ്ഥാപനം ഇങ്ങനെ പലതും ചേർന്നാണ് ഈ അന്തരീക്ഷം രൂപപ്പെട്ടത്. ഉത്തേജകമായ ഈ അന്തരീക്ഷത്തിൽ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിനുവേണ്ടി തികഞ്ഞ ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ച എ.ആർ. രാജരാജവർമയുടെ 150 ാം ജന്മവാർഷിക സന്ദർഭമാണിത്.

## ഭാഷയ്ക്ക് ബഹുമുഖ സേവനം

മലയാളഭാഷാ പരിപോഷണത്തിനുവേണ്ടിയുള്ള എ.ആർ. രാജരാജവർമയുടെ പരിശ്രമങ്ങൾ ബഹുമുഖമായിരുന്നു. ഭാഷാശാസ്ത്രജ്ഞൻ, സാഹിത്യമീമാംസകൻ, കവി, വ്യാഖ്യാതാവ്, വിമർശകൻ, വിവർത്തകൻ എന്നീ നിലകളിൽ ഷൺമുഖത്വമുള്ളതായിരുന്നു അദ്ദേഹത്തിന്റെ രചനാസ്വത്വം. അധ്യാപകൻ, വിദ്യാഭ്യാസ രംഗത്തെ മാർഗദർശി എന്നീ നിലകളിലും അദ്ദേഹം നിസ്തുലമായ സേവനം അനുഷ്ഠിച്ചു. എ.ആറിന്റെ കൃതികളിൽ നല്ലൊ

രുപങ്ക് ആധ്യാപകൻ എന്ന നിലയിലുള്ള പ്രവർത്തനത്തിന്റെ ഭാഗമായി രചിച്ചവയായിരുന്നുവെന്നതും ഓർക്കേണ്ടതുണ്ട്.

പഴമയുടെ ശീലങ്ങളിൽ നിന്നും ആഭിമുഖ്യങ്ങളിൽ നിന്നും വിട്ടുപോന്ന് പുതിയ കാലത്തിന്റെ ഭാവുകത്വത്തിലേക്ക് മലയാളഭാഷയും സാഹിത്യവും മുന്നേറിയ ഘട്ടത്തിൽ ആ മാറ്റത്തിന്റെ ചാലകശക്തിയായി പ്രവർത്തിച്ച എ.ആർ. രാജരാജവർമയുടെ സംഭാവനകളിൽ പാരമ്പര്യത്തിന്റെ ശക്തിയും ആധുനികതയുടെ ചലനാത്മകതയും സമന്വയിപ്പിച്ചിട്ടുണ്ട്. അന്നത്തെ മലയാള സാഹിത്യരംഗത്ത് സാംസ്കാരികാധികാരത്തിന്റെ ആൾരൂപമായിരുന്ന കേരളവർമ വലിയകോയിത്തമ്പുരാന്റെ ഭാഗിനേയനായിരുന്നു എ.ആർ. രാജരാജവർമ. പാഠപുസ്തകസമിതിയുടെ അധ്യക്ഷൻ എന്ന നിലയിലും മറ്റും മലയാളഭാഷയുടെ ആധുനിക വികാസത്തിന് വഴിയൊരുക്കാൻ കേരളവർമയും ശ്രമിച്ചിരുന്നുവെങ്കിലും ഭാവുകത്വപരമായി നിയോക്ലാസിക് ആഭിമുഖ്യങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. അതിനോട് ആന്തരികമായി കലഹിച്ചുകൊണ്ട് മലയാളത്തിന്റെ ജീനിയസ്സിനെ തിരിച്ചറിഞ്ഞ് അതിന് സ്വതന്ത്രവികാസം നൽകാനായിരുന്നു എ.ആർ. രാജരാജവർമ ശ്രമിച്ചത്.

ചെറുപ്പത്തിലെ പരമ്പരാഗത രീതിയിൽ സംസ്കൃതം പഠിച്ച എ.ആർ. രാജരാജവർമ കലാശാലാ വിദ്യാഭ്യാസകാലത്ത് ബിരുദപഠനത്തിന് കെമിസ്ട്രിയാണ് ഐച്ഛികമായി എടുത്തത്. എം.എ. ബിരുദം നേടിയത് സംസ്കൃതം മുഖ്യവിഷയമായെടുത്തും. ആധുനികതയും പാരമ്പര്യവും തമ്മിലുള്ള ഈ ദ്വന്ദ്വാത്മക ബന്ധം അദ്ദേഹത്തിന്റെ ഭാഷാപോഷണപ്രവർത്തനങ്ങളിലും കാണാം. വ്യാകരണ ഗ്രന്ഥങ്ങളും സാഹിത്യശാസ്ത്രഗ്രന്ഥങ്ങളും മറ്റും രചിച്ചപ്പോൾ അവയിൽ ശാസ്ത്രപഠനത്തിന്റേതായ സൂക്ഷ്മതയും കൃത്യതയും യുക്തിപരതയും അദ്ദേഹം ദീക്ഷിച്ചു. അദ്ദേഹത്തിന്റെ ഗണനീയമായ ആദ്യകാല സർഗാത്മകസാഹിത്യകൃതി ആംഗലസാമ്രാജ്യം എന്ന സംസ്കൃതമഹാകാവ്യമാണ്. എ.ആറിലെ പാരമ്പര്യവാദിയാകണം അതിന് മുന്നിട്ടിറങ്ങിയത്. എന്നാൽ ആ നിയോക്ലാസിക് സാഹിത്യശില്പത്തിന്റെ വിഷയമായി സ്വീകരിച്ചത് ബ്രിട്ടീഷ് സാമ്രാജ്യചരിത്രമാണ് എന്നിടത്ത് അത് പുതുമയാർജിക്കുന്നു. 1900 ൽ ആംഗലസാമ്രാജ്യം പ്രസിദ്ധപ്പെടുത്തിയ കാലത്തിനടുത്താണ് മലയാളത്തിലെ ആദ്യത്തെ കാല്പനികകാവ്യമെന്ന സ്ഥാനം നേടിയ മലയവിലാസം എ.ആർ. രാജരാജവർമ രചിച്ചത് എന്നും ഓർക്കേണ്ടതുണ്ട്. ഈ കാലത്തിനും കുറച്ചുമുമ്പ്, അദ്ദേഹം *ഗൈർവാണീവിജയം* എന്നൊരു ഏകാങ്കനാടകവും രചിച്ചു. സംസ്കൃതവും ഇംഗ്ലീഷും തന്റെ പുത്രിമാരാണെന്നും അവർ കലഹിച്ചുകഴിഞ്ഞാൽ അമ്മയായ തന്റെ സ്ഥിതി വിഷമത്തിലാകുമെന്നും മാതാവായ സരസ്വതീദേവി പറയുന്നമട്ടിലാണ് അതിന്റെ കല്പന. ഈ വീക്ഷണത്തോടു ബന്ധപ്പെട്ടതാണ് മാതൃഭാഷാപോഷണത്തിനായുള്ള അദ്ദേഹത്തിന്റെ യത്നങ്ങളും.

അദ്ദേഹത്തിന്റെ ഗണനീയമായ ആദ്യകാല സർഗാത്മകസാഹിത്യകൃതി ആംഗലസാമ്രാജ്യം എന്ന സംസ്കൃതമഹാകാവ്യമാണ്. എ.ആറിലെ പാരമ്പര്യവാദിയാകണം അതിന് മുന്നിട്ടിറങ്ങിയത്. എന്നാൽ ആ നിയോക്ലാസിക് സാഹിത്യശില്പത്തിന്റെ വിഷയമായി സ്വീകരിച്ചത് ബ്രിട്ടീഷ് സാമ്രാജ്യചരിത്രമാണ് എന്നിടത്ത് അത് പുതുമയാർജിക്കുന്നു



**യൂണിവേഴ്സിറ്റി കോളേജിനുമുന്നിലെ എ.ആർ. പ്രതിമ**

എ.ആർ. രാജരാജവർമയുടെ ചിരസ്മരണീയമായ സംഭാവനകളായി അംഗീകരിക്കപ്പെട്ടിട്ടുള്ളത് *കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം* തുടങ്ങിയ കൃതികളാണ്. അവയെല്ലാംതന്നെ ഭാഷാധ്യാപകൻ എന്നനിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപംകൊണ്ടവയുമാണ്.

തിരുവനന്തപുരം സംസ്കൃതപാഠശാലയുടെ ഇൻസ്പെക്ടർ എന്ന ഉദ്യോഗമാണ് ആദ്യം എ.ആറിനു ലഭിച്ചത്. ആ പദവിയിൽ ഇരുന്നുകൊണ്ട് അദ്ദേഹം പാഠശാലയിലെ സംസ്കൃതപഠനത്തിന് ആധുനിക രീതിയിലുള്ള വ്യവസ്ഥാപനം നൽകി. പിന്നീട് സംസ്കൃത കോളേജിന്റെ പ്രിൻസിപ്പാളായി നിയോഗിക്കപ്പെട്ടു. 1899 ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിലെ (ഇപ്പോഴത്തെ യൂണിവേഴ്സിറ്റി കോളേജ്) സംസ്കൃത ദ്രാവിഡഭാഷകളുടെ തലവനായി നിയമിതനായി. അക്കാലത്ത് ബ്രിട്ടീഷുകാരായ സർവകലാശാലാധികൃതരും വിദ്യാഭ്യാസ വകുപ്പും ആ വിഷയങ്ങളിൽ പ്രൊഫസർ പദവി അനുവദിച്ചിരുന്നില്ല. നാട്ടുഭാഷാപഠനത്തിന്റെ സൂപ്രണ്ട് എന്നായിരുന്നു അദ്ദേഹത്തിന്റെ തസ്തിക.

മദിരാശി സർവകലാശാലയുടെ കീഴിലായിരുന്നു തിരുവനന്തപുരം മഹാരാജാസ് കോളേജ്. മലയാളഭാഷാപഠനത്തിന് അവിടെ ഒട്ടും പ്രാധാന്യമുണ്ടായിരുന്നില്ല. ഭാഷാപഠനത്തിനുവേണ്ട അടിസ്ഥാന ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നില്ലായെന്നതായിരുന്നു അധികാരികൾ അതിന് കാരണം പറഞ്ഞിരുന്നത്. ഈ പശ്ചാത്തലത്തിലാണ്

ഭാഷാ–സാഹിത്യപഠനത്തിനുള്ള അടിസ്ഥാനകൃതികൾ അദ്ദേഹം രചിച്ചത്.

### കാലാതിവർത്തിയായി കേരളപാണിനീയം

എ.ആർ. രാജരാജവർമയുടെ ആ ഗണത്തിൽപ്പെട്ട ഏറ്റവും മൂല്യവത്തായ സംഭാവന *കേരളപാണിനീയ*മാണ്. നാലു കൊല്ലത്തെ പ്രയത്നഫലമായി തയാറാക്കിയ ആ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയത് 1896 ൽ ആയിരുന്നു. സൂത്രവൃത്തി മാതൃകയിൽ രചിച്ച ആ ഗ്രന്ഥം മലയാളത്തിലെ വ്യാകരണപണ്ഡിതന്മാരുടെ കൂലംകഷമായ നിരൂപണത്തിന് പാത്രമായി. കാത്യായനൻ, പതഞ്ജലി തുടങ്ങിയ പേരുകളിൽ വിമർശനങ്ങളും പ്രതിവിമർശനങ്ങളും പുറത്തുവന്നു. ശേഷഗിരി പ്രഭു ഭാഷാപോഷിണിയുടെ പത്രണ്ട്ലക്കങ്ങളിലായി സവിസ്തരവും സമഗ്രവുമായ വിമർശനമാണ് നടത്തിയത്.

ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇരുപതു വർഷമെടുത്ത് എ.ആർ. രാജരാജവർമ *കേരളപാണിനീയം* പാടേ പുതുക്കിയെഴുതി. പഴയ സൂത്രവൃത്തമാതൃക ഉപേക്ഷിച്ച് കാരികയും വിവരണവും എന്ന രീതി സ്വീകരിച്ചാണ് കൃതി പുതുക്കിയെഴുതിയത്. മലയാളഭാഷയുടെ ഉല്പത്തി തുടങ്ങിയ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്ന വിസ്തൃതമായ പീഠിക എഴുതിച്ചേർത്തു. സമഗ്രമായ നവീകരണത്തിനുശേഷം *കേരളപാണിനീയം* പുറത്തുവന്നിട്ട് ഒരു നൂറ്റാണ്ടാകാറായിട്ടും അതിനെ അതിവർത്തിക്കുന്ന ഒരു വ്യാകരണ ഗ്രന്ഥം മലയാളത്തിൽ ഉണ്ടായിട്ടില്ല. പോരായ്മകൾ ചിലതൊക്കെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടെങ്കിലും പകരംവെക്കാൻ മറ്റൊന്നില്ലാത്ത വിധം ഉയരത്തിലാണ് കേരളപാണിനീയത്തിന് മലയാളത്തിലുള്ള സ്ഥാനം.

> മദിരാശി സർവകലാശാലയുടെ കീഴിലായിരുന്നു തിരുവനന്തപുരം മഹാരാജാസ് കോളേജ്. മലയാളഭാഷാപഠനത്തിന് അവിടെ ഒട്ടും പ്രാധാന്യമുണ്ടായിരുന്നില്ല. ഭാഷാപഠനത്തിനുവേണ്ട അടിസ്ഥാന ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നില്ലായെന്നതായിരുന്നു അധികാരികൾ അതിന് കാരണം പറഞ്ഞിരുന്നത്. ഈ പശ്ചാത്തലത്തിലാണ് ഭാഷാ–സാഹിത്യപഠനത്തിനുള്ള അടിസ്ഥാനകൃതികൾ അദ്ദേഹം രചിച്ചത്.


മലയാളസാഹിത്യപഠനത്തിന് അനുപേക്ഷണീയമായ സാഹിത്യശാസ്ത്രകൃതിയാണ് ഭാഷാഭൂഷണം. വൃത്തശാസ്ത്രത്തെ സമഗ്രമായി ആവിഷ്കരിക്കുന്ന വൃത്തമഞ്ജരിയും അതോടുചേർന്നു നിൽക്കുന്നു. ഗദ്യരചനയുടെ സാങ്കേതികകാര്യങ്ങൾ ചർച്ചചെയ്യുന്ന സാഹിത്യസാഹ്യവും പ്രാധാന്യമുള്ള കൃതിയാണ്.

മലയാള സാഹിത്യ വിമർശനരംഗത്തിലെ ആദ്യപഥികരിൽ ഒരാളായ എ.ആർ. രാജരാജവർമ *നളചരിതം* ആട്ടക്കഥയും *കാന്താരതാരകം* എന്നപേരിൽ തയാറാക്കിയ വ്യാഖ്യാനവും അതിനെഴുതിയ ആമുഖവും അദ്ദേഹത്തിന്റെ വിമർശനപ്രതിഭയുടെ തിളക്കമുള്ള മുഖമാണ്. എന്നാൽ വിമർശകൻ എന്ന നിലയിൽ എ.ആറിനെ ശ്രദ്ധേയനാക്കുന്നത് കുമാരനാശാന്റെ നളിനിക്കെഴുതിയ ഹ്രസ്വമെങ്കിലും ആശയസമ്പുഷ്ടമായ അവതാരികയാണ്. മലയാളകവിതയിലെ മാറ്റത്തിന്റെ ഉഷ്ണമാപിനിയാണ് ആ അവതാരിക.

സാഹിത്യരംഗത്തെ എ.ആറിന്റെ ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകളിലൊന്നാണ് പ്രാസവാദത്തോടും ബന്ധപ്പെട്ടുള്ളത്. പരമ്പരാഗതമായ സാഹിത്യനിയമങ്ങൾ പാലിക്കുകയല്ല, ഭാവശക്തിയുള്ള രചനകളാണുണ്ടാകേണ്ടതെന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാടാണ് അവിടെ തെളിഞ്ഞു കണ്ടത്. മലയാള കവിതയുടെ ഉന്മേഷകരമായ വഴികളിലൂടെയുള്ള മുന്നേറ്റത്തിന് അരങ്ങൊരുങ്ങുകയായിരുന്നു സംവാദത്തിന് വഴിയൊരുക്കിയതിലൂടെ എ.ആർ. ചെയ്തത്.

വിവർത്തനങ്ങളാണ് എ.ആറിന്റെ സാഹിത്യസംഭാവനകളുടെ കൂട്ടത്തിലെ ശ്രദ്ധേയമായ ഒരു വിഭാഗം. മാതുലനായ കേരളവർമ വലിയകോയിത്തമ്പുരാന്റെ *ശാകുന്തള* പരിഭാഷയിൽ സംസ്കൃതം കൂടിപ്പോയി എന്ന ആക്ഷേപത്തെത്തുടർന്ന് അത് പരിഷ്കരിക്കാനുള്ള നിയോഗം എ.ആറിൽ നിക്ഷിപ്തമായി. അത് ഒട്ടേറെ വിവാദങ്ങൾക്കിടയാക്കി. ആ പശ്ചാത്തലത്തിൽ കഴിയുന്നത്ര മലയാളത്തിൽ ശാകുന്തളം തർജമചെയ്യാൻ സ്വന്തം നിലയിൽ അദ്ദേഹം ശ്രമിച്ചു. അതിന്റെ ഫലമാണ് *മലയാള ശാകുന്തളം*. കാളിദാസന്റെ *മേഘദൂത്, കുമാരസംഭവം, മാളവികാഗ്നിമിത്രം* എന്നീ

യൂണിവേഴ്സിറ്റി കോളേജ് 1900-ലെ ഒരു ചിത്രം






**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**

കൃതികളും അദ്ദേഹം പരിഭാഷചെയ്തു. *മൃച്ഛകടികം, സ്വപ്നവാസവദത്ത, ചാരുദത്തൻ* തുടങ്ങിയവയാണ് അദ്ദേഹം പരിഭാഷപ്പെടുത്തിയ മറ്റു നാടകങ്ങൾ.

മലയാളഭാഷയുടെയും കേരള സംസ്കാരത്തിന്റെയും വികാസത്തിന് കേരളത്തിൽ ഒരു സർവകലാശാല സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം കരുതി. 1910 ലെ തിരുവനന്തപുരം മഹാരാജാസ് കോളേജ് ദിനത്തിൽ അധ്യക്ഷ സ്ഥാനത്തിരുന്നുകൊണ്ട് നാട്ടുഭാഷാ വിഷയങ്ങളുടെ നേരെ സർവകലാശാലാധികൃതർ പുലർത്തുന്ന നിഷേധാത്മകനിലപാടുകളെ അദ്ദേഹം ശക്തമായി വിമർശിച്ചു. ആ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ അച്ചടിപ്പിച്ച് മദിരാശി സർവകലാശാലയുടെ അധികാരികൾക്കും ഇത്തരം വിഷയങ്ങളിൽ താത്പര്യമുള്ള പൗരമുഖ്യന്മാർക്കും അയച്ചുകൊടുത്തു. നിരന്തര പരിശ്രമങ്ങളുടെ ഫലമായി 1914 അധ്യയന വർഷത്തിൽ മഹാരാജ കലാലയത്തിൽ ബി.എയ്ക്ക് മലയാളവും സംസ്കൃതവും ഐച്ഛികവിഷയങ്ങളായി അംഗീകരിക്കപ്പെട്ടു. അദ്ദേഹം ആ വിഷയങ്ങളുടെ പ്രൊഫസറും ആയിത്തീർന്നു.




**സമഗ്രമായ നവീകരണത്തിനുശേഷം *കേരളപാണിനീയം* പുറത്തുവന്നിട്ട് ഒരു നൂറ്റാണ്ടാകാറായിട്ടും അതിനെ അതിവർത്തിക്കുന്ന ഒരു വ്യാകരണ ഗ്രന്ഥം മലയാളത്തിൽ ഉണ്ടായിട്ടില്ല. പോരായ്മകൾ ചിലതൊക്കെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടെങ്കിലും പകരംവെക്കാൻ മറ്റൊന്നില്ലാത്തവിധം ഉയരത്തിലാണ് കേരളപാണിനീയത്തിന് മലയാളത്തിലുള്ള സ്ഥാനം.**

തിരുവിതാംകൂറിൽ ഒരു സർവകലാശാല സ്ഥാപിച്ചുകിട്ടാനായുള്ള പ്രവർത്തനങ്ങളുമായി അദ്ദേഹം മുന്നോട്ടുപോയി. ആ പ്രവർത്തനങ്ങൾ ക്രമേണ ഫലംകണ്ടു തുടങ്ങി. 1918 ൽ തിരുവിതാംകൂറിൽ ഒരു സർവകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പഠിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ആദ്യയോഗം ചേർന്നു. എന്നാൽ അദ്ദേഹത്തിന്റെ അകാലനിര്യാണം മൂലം അതിന്റെ തുടർപ്രവർത്തനങ്ങൾ മന്ദീഭവിച്ചു. പിന്നീട് 1930 കളിലേ ആ പ്രവർത്തനം സജീവമായുള്ളൂ.

സംസ്കൃതത്തിന്റെ പാരമ്പര്യബദ്ധമായ മേന്മകൾ സ്വാംശീകരിച്ചുകൊണ്ടുതന്നെ മലയാളത്തെ ആധുനിക വിദ്യാഭ്യാസത്തിന്റെ വഴിയിലൂടെ ഉയർത്തിക്കൊണ്ടുവരാനാണ് എ.ആർ. രാജരാജവർമ്മ പരിശ്രമിച്ചത്. അതിനുവേണ്ടിയുള്ള കൃതികൾ രചിക്കുകയും സാഹിത്യരംഗത്ത് പുതിയ കാഴ്ചപ്പാടുകൾക്ക് ഇടംനൽകുകയും ചെയ്തുകൊണ്ട് മലയാളത്തെ ആധുനീകരിക്കാൻ അദ്ദേഹം വഴിയൊരുക്കി. ഒരുവശത്ത് സംസ്കൃതത്തിന്റെ പാരമ്പര്യ ശക്തിയും മറുവശത്ത് ഇംഗ്ലീഷിന്റെ അധികാരശക്തിയും ഞെരുക്കിക്കൊണ്ടിരിക്കുന്ന അന്നത്തെ അവസ്ഥയിൽ നിന്ന് മലയാളത്തെ കാലത്തിനൊപ്പം മുന്നേറുന്ന ഒരു ഭാഷയാക്കിത്തീർക്കാൻ ശ്രമിക്കുകയായിരുന്നു അദ്ദേഹം. ആ പരിശ്രമങ്ങളാണ് മലയാളത്തിന്റെ പിൽക്കാല വികാസത്തിന് ഊർജം പകർന്നത്.




ആധുനികതയും പാരമ്പര്യവും തമ്മിലുള്ള വൈരുദ്ധ്യാത്മകമെങ്കിലും വിധായകമായ ബന്ധത്തിൽ നിന്ന് രൂപപ്പെട്ട എ. ആർ. രാജരാജവർമയുടെ വിശിഷ്ടകൃതികളും ശ്രേഷ്ഠമായ ഭാഷാപോഷണ-വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഇപ്പോഴും പ്രസക്തിയുള്ളവയാണ്. അദ്ദേഹത്തിന്റെ 150 ാം ജന്മവാർഷിക വേളയിലാണ് മലയാള സർവകലാശാല പിറവിയെടുത്തത് എന്നത് ഒരു യാദൃശ്ചികതയാവാമെങ്കിലും അതിൽ ഒരു കാവ്യനീതിയുണ്ട് എന്നു തോന്നുന്നു. ഏതു വിഷയവും പഠിക്കാനും പഠിപ്പിക്കാനും കഴിയുന്ന ഭാഷയായി മലയാളം മാറുമ്പോഴേ അദ്ദേഹത്തിന്റെ സ്വപ്നം സാക്ഷാത്കൃതമാകൂ എന്നു മാത്രം. ■



# സുവർണ ശോഭയിൽ കേരളം

**കേരളത്തിന് ഇത് അംഗീകാരങ്ങളുടെ കാലം. ഭരണമികവിനും വിവിധ മേഖലകളിലെ മികച്ച നേട്ടത്തിനും ദേശീയ-അന്തർദേശീയ തലങ്ങളിലെ ഒട്ടനവധി പുരസ്കാരങ്ങൾ കുറഞ്ഞ കാലയളവിനുള്ളിൽ കേരളത്തെ തേടിയെത്തി. സുവർണ്ണനേട്ടത്തിന്റെ ഏതാനും മുഹൂർത്തങ്ങളിലേക്ക്...**



## വെബ്‌രത്ന അവാർഡ്

**ദേശീയതലത്തിൽ** സർക്കാർ വെബ്സൈറ്റുകൾക്കുള്ള മികവിന്റെ മുഖമുദ്രയായ വെബ്‌രത്ന ഗോൾഡൻ അവാർഡ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ വെബ്സൈറ്റ് (www.keralacm.gov.in) നേടി. കേന്ദ്ര കമ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ അവാർഡ് ആദ്യമായാണ് കേരളത്തിലെ ഒരു വെബ്സൈറ്റിന് ലഭിക്കുന്നത്.

സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭരണത്തിൽ ജനപങ്കാളിത്തം കൊണ്ടുവരുന്നതിന് മുഖ്യമന്ത്രിയുടെ വെബ്സൈറ്റ് നൂതനമായ നിരവധി ആശയങ്ങൾ നടപ്പാക്കിയതായി അവാർഡ് കമ്മിറ്റി കണ്ടെത്തി.




**കേന്ദ്രസർക്കാരിൽ നിന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ വെബ്സൈറ്റിന് ലഭിച്ച വെബ്‌രത്ന അവാർഡ് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്രവാർത്താ വിനിമയ വിവരസാങ്കേതിക വകുപ്പ്മന്ത്രി കപിൽ സിബിലിൽ നിന്നും മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി പി.റ്റി. ചാക്കോ, മുഖ്യമന്ത്രിയുടെ പി.എ. ജോജി ജേക്കബ് എന്നിവർ ഏറ്റുവാങ്ങുന്നു. കേന്ദ്രമന്ത്രിമാരായ മിലിന്ദ് ദേവറ, ഡോ. കൃപാറാണി കില്ലി, കേന്ദ്ര ഐ.ടി. സെക്രട്ടറി സത്യനാരായണ തുടങ്ങിയവർ സമീപം**

## ഇന്ത്യാടുഡേ അവാർഡ്

**ഇന്ത്യയിലെ** മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള ഇന്ത്യാ ടുഡേ 2012 വാർഷിക സർവെയിൽ കേരളത്തിന് ക്രമസമാധാനപാലനത്തിൽ ഒന്നാം സ്ഥാനം. മൊത്തം പ്രകടനത്തിൽ രണ്ടാം സ്ഥാനം. മുൻ വർഷത്തെ ഒൻപത്, നാല് റാങ്കുകളിൽ നിന്ന് സ്ഥാനം ഏറെ മുന്നോട്ട്.

അടിസ്ഥാന സൗകര്യത്തിൽ കേരളം പതിനാലാം സ്ഥാനത്തുനിന്ന് മൂന്നാമതെത്തി. പതിന്നാലിൽ നിന്ന് എട്ടിലേക്കുയർന്ന് ആരോഗ്യരംഗത്തും മികച്ച പ്രകടനം. വ്യവസായനിക്ഷേപ രംഗത്ത് പന്ത്രണ്ടിൽ നിന്ന് എട്ടിലെത്തി.

## യു. എൻ. ഡി. പി.

**ജനങ്ങളെ** നേരിൽക്കണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും അവരിൽ നിന്നു പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന ഭരണരീതിക്ക് ഐക്യരാഷ്ട്രസംഘടനയുടെ പ്രശംസ ലഭിച്ചു. സുതാര്യവും ജനങ്ങളോട് ചേർന്നു നിൽക്കുന്നതുമായ ഇത്തരം പരീക്ഷണങ്ങൾ ലോകത്തിനു മാതൃകയാണെന്നും യു.എൻ.ഡി.പി അഭിപ്രായപ്പെട്ടു.

# ഐ.ബി.എൻ. ഡയമണ്ട്

**രാജ്യവ്യാപകമായി** ഒൻപതു പ്രധാന പ്പെട്ട മേഖലകളിൽ ഐ.ബി.എൻ. നടത്തിയ സർവെയിൽ നാലെണ്ണത്തിൽ കേരളം മുന്നിലെത്തി. വിദ്യാഭ്യാസം, പരിസ്ഥിതി, ആരോഗ്യം, ദാരിദ്ര്യനിർമാർജനം എന്നിവയിലാണ് കേരളം ഒന്നാമതെത്തി ഐ.ബി.എൻ ഡയമണ്ട് സ്റ്റേറ്റ് അവാർഡ് നേടിയത്.







**ഐ.ബി.എൻ. ഡയമണ്ട് പുരസ്കാരം ലോകസഭാ സ്പീക്കർ മീരാകുമാറിൽ നിന്ന് മന്ത്രിമാരായ എം.കെ. മുനീറും വി.എസ്. ശിവകുമാറും സ്വീകരിക്കുന്നു**

# റിപ്പബ്ലിക് ദിന പരേഡ്

**ഇക്കൊല്ലത്തെ** റിപ്പബ്ലിക് ദിന പരേഡിലെ ഏറ്റവും മികച്ച ടാബ്ലോക്കുള്ള സ്വർണമെഡൽ കേരളത്തിന്. കായൽ സഞ്ചാരത്തിന് ശേഷം കരയിലേക്കടുക്കുന്ന രീതിയിൽ രൂപകൽപന ചെയ്ത ഹൗസ്ബോട്ടായിരുന്നു പരേഡിൽ കേരളം അവതരിപ്പിച്ചത്. വിദേശികളും അന്യസംസ്ഥാന ടൂറിസ്റ്റുകളും ജീവനക്കാരുമടക്കമുള്ളവരുടെ വേഷമിട്ട പത്ത് കലാകാരും ടാബ്ലോയിൽ ഉണ്ടായിരുന്നു. തീമിന് യോജിക്കുന്ന തരത്തിൽ കലാകാരൻമാരുടെ ശരീരഭാഷയും യോജിച്ച വേഷവിധാനവും ബോട്ടിന്റെ രൂപകൽപനയും പശ്ചാത്തലസംഗീതവുമാണ് കേരളത്തിന്റെ ടാബ്ലോയ്ക്ക് സ്വർണപതക്കം നേടാൻ കാരണമായതെന്ന് ഐ പി.ആർ.ഡി ദൽഹി ഡെപ്യൂട്ടി ഡയറക്ടർ കെ.സന്തോഷ്കുമാർ പറഞ്ഞു. കൊൽക്കത്തയിൽ നിന്നുള്ള ബാപ്പാ ചക്രവർത്തിയാണ് ടാബ്ലോ രൂപകൽപന ചെയ്തത്.



**റിപ്പബ്ലിക് ദിന പരേഡിലെ ഏറ്റവും മികച്ച ടാബ്ലോക്കുള്ള ട്രോഫി കേന്ദ്ര പ്രതിരോധമന്ത്രി എ.കെ.ആന്റണിയിൽ നിന്ന് ഐ -പി.ആർ.ഡി സെക്രട്ടറി ടി.ജെ.മാത്യുവും ഡയറക്ടർ എ.ഫിറോസും ചേർന്ന് ഏറ്റുവാങ്ങുന്നു.**



ടി.എസ്. ചന്ദ്രൻ

**വ്യവസായ മേഖലയുടെ പുത്തൻ ഉണർവിന് സംരംഭകത്വ പദ്ധതി**

# സംരംഭകർക്ക് താങ്ങും തണലും



സംസ്ഥാന സ്വയം സംരംഭകമിഷൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

വ്യവസായ വകുപ്പിൽ സംരംഭകത്വ സഹായപദ്ധതി (Entrepreneur Support Scheme ഇ.എസ്.എസ്.) നടപ്പാക്കിത്തുടങ്ങി. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതിയാണിത്. 2012 ഏപ്രിൽ ഒന്നു മുതൽ പ്രവർത്തനം ആരംഭിക്കുകയോ, വായ്പ അനുവദിക്കുകയോ, കൈപ്പറ്റുകയോ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കും. ഡിസംബർ 28 നാണ് ഇതിനുള്ള ചട്ടങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവിറക്കിയത്. ഇതനുസരിച്ച് 2012 ഏപ്രിൽ ഒന്നിനു മുമ്പുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ മാർജിൻമണി വായ്പ, മൂലധന നിക്ഷേപപദ്ധതി എന്നിങ്ങനെ ആ വർഷം നിലവിലുള്ള പദ്ധതി അനുസരിച്ചായിരിക്കും നൽകുക. ഉത്പാദന സംരംഭങ്ങൾക്കു മാത്രമാണ് ഈ പദ്ധതി പ്രയോജനം ചെയ്യുക. ബാങ്ക് വായ്പ ഇല്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കും ഇ.എസ്.എസ്. പ്രകാരമുള്ള ആനുകൂല്യം ലഭിക്കും.

## പദ്ധതികൾ ഏകോകിപ്പിച്ചു

സൂക്ഷ്മ-ചെറുകിട സംരംഭകരെ സഹായിക്കുന്നതിനായി ഒട്ടനവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കിയിരുന്നു. യുവാക്കൾ, വനിതകൾ, പൊതുവിഭാഗക്കാർ, പട്ടികജാതി-വർഗ വിഭാഗക്കാർ എന്നിവർക്കായി പ്രത്യേകം പദ്ധതികൾ നടപ്പാക്കിയിരുന്നു. ഇവ പലപ്പോഴും സങ്കീർണമാവുകയും കാര്യക്ഷമതയെ ബാധിക്കുകയും ചെയ്തിരുന്നു. അർഹതയുള്ളവർക്ക് ആനുകൂല്യങ്ങൾ സമയത്ത് ലഭിക്കാതെ പോകുന്നതിനും അത് കാരണമായിട്ടുണ്ടെന്നാണ് വിലയിരുത്തൽ. അതുകൊണ്ടാണ് അവയെ ഏകോപിപ്പിച്ച് ഒരൊറ്റ പദ്ധതിയായി നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചത്. മൂലധനനിക്ഷേപപദ്ധതി, വിമൻസ് ഇൻഡസ്ട്രീസ് പ്രോഗ്രാം, മാർജിൻമണി വായ്പാപദ്ധതി, എൻ.ആർ.കെ. വിഭാഗങ്ങൾക്കു വേണ്ടിയുള്ള മാർജിൻമണി വായ്പാപദ്ധതി, സാങ്കേതികവിദ്യാ വികസന സബ്സിഡി, ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് പ്രകാരം നൽകുന്ന ഫീസുകൾ തിരിച്ച് നൽകുന്ന പദ്ധതി, യുവാക്കൾക്കുള്ള സ്വയം തൊഴിൽ വായ്പാപദ്ധതി, പഴം-പച്ചക്കറി സംസ്കരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സബ്സിഡി എന്നീ പദ്ധതികളാണ് വ്യവസായ വകുപ്പ് നടപ്പാക്കിവന്നിരുന്നത്. അവയൊന്നും ഇനി തുടരില്ല. പകരം ഇ.എസ്.എസ്. ആയിരിക്കും നടപ്പാക്കുക.

## 30 ലക്ഷം രൂപവരെ സാമ്പത്തിക സഹായം

നെഗറ്റീവ് ലിസ്റ്റിൽ പരാമർശിക്കാത്ത എല്ലാത്തരം ഉത്പാദന സംരംഭങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹതയുണ്ട്. ഒരു സംരംഭം തുടങ്ങുന്നതിന് ആവശ്യമായ സ്ഥിരനിക്ഷേപങ്ങളെ പരിഗണിച്ചാണ് ആനുകൂല്യങ്ങൾ നൽകുക. ഭൂമി, ഭൂമി വികസനം, കെട്ടിടം, ഉത്പാദന പ്രക്രിയയിൽ ആവശ്യമായിവരുന്ന മെഷിനറികൾ, അച്ചുകൾ, ഉപകരണങ്ങൾ, ജനറേറ്ററുകൾ, മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ, വൈദ്യുതീകരണ ചെലവുകൾ എന്നിവയിലെ നിക്ഷേപത്തിന്റെ തോതനുസരിച്ച് പരമാവധി 30 ലക്ഷം രൂപവരെയാണ് ഈ പദ്ധതി പ്രകാരം സബ്സിഡി നൽകുക. സംസ്ഥാനത്ത് ആരംഭിക്കുന്ന സാധാരണ സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്ക് അവയുടെ സ്ഥിരനിക്ഷേപത്തിന്റെ 15 ശതമാനം (പരമാവധി 20 ലക്ഷം രൂപ വരെ) സബ്സിഡി നൽകുന്നു. എന്നാൽ വനിതകൾ, പട്ടികജാതി-വർഗ വിഭാഗക്കാർ, യുവാക്കൾ (45 വയസ്സിൽ താഴെ) എന്നിവർക്ക് ഇത് 20 ശതമാനവും പരമാവധി 30 ലക്ഷം രൂപവരെയുമാണ്.

മുൻഗണനാവിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾക്കും പിന്നാക്ക ജില്ലയിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ വരെ) അധിക സബ്സിഡി ലഭിക്കുന്നതാണ്. റബർ, കാർഷിക-ഭക്ഷ്യസംസ്കരണം, റെഡിമെയ്ഡ് വസ്ത്രനിർമാണം, പാരമ്പര്യേതര ഊർജ ഉത്പങ്ങൾ, ബയോടെക്നോളജി, 100 ശതമാനം കയറ്റുമതി സ്ഥാപനങ്ങൾ, മണ്ണിൽ നശിക്കുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകളുടെ പുനരുപയോഗ സംരംഭങ്ങൾ, ജൈവവളം എന്നീ മേഖലകളാണ് മുൻഗണനാവിഭാഗത്തിൽ വരിക. ഇടുക്കി, വയനാട്, കാസർകോട്, പത്തനംതിട്ട ജില്ലകളെ പിന്നാക്ക ജില്ലകളുടെ ഗണ

ത്തിൽപ്പെടുത്തിയിരുന്നു. പദ്ധതിവിഹിതത്തിന്റെ 30 ശതമാനം സൂക്ഷ്മ സംരംഭങ്ങൾക്കായി നീക്കിവക്കണമെന്ന് പ്രത്യേകം നിർദേശിച്ചിരിക്കുന്നു.

## ആനുകൂല്യങ്ങൾ മൂന്നു ഘട്ടങ്ങളിലായി

ഇ.എസ്.എസ്. പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ മൂന്നു ഘട്ടങ്ങളിലായി സംരംഭകർക്ക് ലഭ്യമാക്കും. സംരംഭം ആരംഭിക്കുന്നതിനു മുമ്പും അതിനു ശേഷവും ആനുകൂല്യങ്ങൾ നൽകുന്നു. സംരംഭം ആരംഭിക്കുന്നതിനുമുമ്പ് 'തുടങ്ങാനുള്ള സഹായവും' ആരംഭിച്ച് കഴിഞ്ഞാൽ 'നിക്ഷേപ സഹായവും' മെച്ചപ്പെട്ട സാങ്കേതിക വിദ്യസമ്പാദിച്ചാൽ 'സാങ്കേതിക സഹായവും' നൽകാൻ ഇതിൽ വ്യവസ്ഥ ചെയ്യുന്നു. ഇതിൽ തുടങ്ങാനുള്ള സഹായം ബാങ്ക് വായ്പ എടുക്കുന്നവർക്കുമാത്രം നൽകുന്ന ഒന്നാണ്. അതിനായി ഓൺലൈൻ അപേക്ഷ നൽകണം. അതിന് ലഭിച്ച നമ്പരും ഒറിജിനൽ രേഖകളും ജില്ലാ വ്യവസായകേന്ദ്രം, അല്ലെങ്കിൽ അതിന്റെ കീഴിലുള്ള താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിൽ സമർപ്പിക്കണം. കാലാവധി വായ്പ അനുവദിച്ചു കൊണ്ടുള്ള ബാങ്കിന്റെ ശുപാർശയും അപേക്ഷയോടൊപ്പം വേണം. അംഗീകരിച്ച രൂപരേഖയിൽ കണക്കാക്കിയിരിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ അർഹമായ സബ്സിഡിയുടെ 50 ശതമാനത്തിൽ കവിയാത്തത്ര തുകയാണ് തുടങ്ങാനുള്ള സഹായമായി നൽകുക. എന്നാൽ ഇത് പരമാവധി മൂന്നു ലക്ഷം രൂപ വരെ ആയിരിക്കും. ഇപ്രകാരം വായ്പയെടുക്കുന്നതിനുള്ള അപേക്ഷകൾ വ്യവസായ വകുപ്പു വഴി ധനകാര്യസ്ഥാപനത്തിന് നൽകിയിരിക്കണം. സാങ്കേതിക പ്രായോഗികക്ഷമതാ റിപ്പോർട്ടാണ് വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടത്. വ്യവസായ-സമന്വയ വായ്പയുടെ മുതൽ, മടക്കി അയക്കുന്നതിലേക്കായി ഈ തുക ധനകാര്യസ്ഥാപനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

നിക്ഷേപ സഹായത്തിനുള്ള അപേക്ഷ ഉത്പാദനം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ന്യായമായ കാരണങ്ങളുണ്ടെങ്കിൽ രണ്ടു വർഷം വരെ ഇതിൽ ഇളവ് നൽകാവുന്നതാണ്. ഉത്പാദനം ആരംഭിച്ചതിനുശേഷം വൈവിധ്യവത്കരണം, വിപുലീകരണം, ആധുനികവത്കരണം എന്നിവ നടപ്പാക്കിയ സ്ഥാപനങ്ങൾക്കും സഹായം ലഭിക്കും. സ്ഥിരനിക്ഷേപത്തിൽ നടത്തിയ അധിക നിക്ഷേപത്തിനാണ് ഇത് ലഭിക്കുക. ഇങ്ങനെയുള്ള ആനുകൂല്യങ്ങൾക്ക് മെഷിനറി നിക്ഷേപത്തിൽ 25 ശതമാനത്തിന്റെയും, വിപുലീകരണത്തിന് ഉത്പാദന ശേഷിയിൽ 25 ശതമാനത്തിന്റെയും വർധനവ് ഉണ്ടായിരിക്കേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങൾ വഴിയാണ് തുക വിതരണം

> വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിലാണ് അപേക്ഷ പരിഗണിക്കുന്നത്. തുടങ്ങാനുള്ള സഹായം പൂർണമായും വിതരണം ചെയ്യുന്നത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരാണ്.

ചെയ്യുക. നിക്ഷേപസഹായം സ്വീകരിക്കുന്ന ഒരു സ്ഥാപനം ഉത്പാദനം ആരംഭിച്ച തീയതി മുതൽ അടുത്ത അഞ്ചു വർഷക്കാലം തുടർച്ചയായി പ്രവർത്തിച്ചു കൊള്ളാമെന്ന് മുദ്രപത്രത്തിൽ സമ്മതപത്രം നൽകേണ്ടതാണ്.

സാങ്കേതിക സഹായമാണ് മൂന്നാമത്തെ ആനുകൂല്യം. സ്ഥാപനത്തിന്റെ പുരോഗതിക്കായി പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനാണ് ഈ സഹായം. ആറു മാസത്തിനുള്ളിൽ ഇതിനുള്ള അപേക്ഷ സമർപ്പിക്കണം. പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. പരമാവധി 10 ലക്ഷം രൂപവരെ അധിക സഹായമായി ലഭിക്കും. CFTRI, CSIR, DFRL, DRDO, Rubber Board, CTCRI തുടങ്ങിയ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക കാര്യങ്ങൾക്കാണ് സഹായം നൽകുക. ആയതിന് പണം ചെലവാക്കിയതിന്റെ രേഖകൾ ഹാജരാക്കണം. ഗവൺമെന്റ് എൻജിനീയറിങ് കോളേജ് പോലുള്ള സ്ഥാപനങ്ങൾ വ്യവസായ പുരോഗതിക്ക് ഉതകുന്ന സാങ്കേതികവിദ്യ കണ്ടെത്തുകയാണെങ്കിലും ഈ ആനുകൂല്യത്തിന് അർഹരാണ്. മെച്ചപ്പെട്ട പാക്കേജിങ് സംവിധാനങ്ങൾ, ഊർജ ഉത്പാദന-സംരക്ഷണ സംവിധാനങ്ങൾ എന്നിവയ്ക്കും ഇതുപ്രകാരമുള്ള സഹായം ലഭിക്കുന്നതാണ്. ഈ സഹായങ്ങൾക്കായി പൂർണതോതിൽ സമർപ്പിക്കുന്ന അപേക്ഷയിൽ ഒരു മാസത്തിനുള്ളിൽ തീരുമാനം എടുത്തിരിക്കണമെന്നാണ് നിർദേശം.

## അപേക്ഷയിലെ നടപടികൾ

വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിലാണ് അപേക്ഷ പരിഗണിക്കുന്നത്. തുടങ്ങാനുള്ള സഹായം പൂർണമായും വിതരണം ചെയ്യുന്നത് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരാണ്. നിക്ഷേപ സഹായവും സാങ്കേതിക സഹായവും അനുവദിക്കുന്നത് ജില്ലാതലത്തിലുള്ള കമ്മിറ്റിയാണ്. ജില്ലാ കളക്ടറാണ് ഇതിന്റെ ചെയർമാൻ. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഇതിന്റെ മെമ്പർ സെക്രട്ടറിയായിരികകും. ലീഡ് ജില്ലാ ബാങ്ക് മാനേജർ, കെ.എഫ്.സി., കെ.എസ്.എസ്.ഐ.എ., ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഈ കമ്മിറ്റിയിലുണ്ടായിരിക്കും. രണ്ടു കോടി രൂപ വരെ സ്ഥിരനിക്ഷേപത്തിനുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ജില്ലാതല കമ്മിറ്റിയാണ്. അതിനു മുകളിൽ ഉള്ളവയെ സംസ്ഥാനതല കമ്മിറ്റിക്ക് വിടുന്നു. വ്യവസായ-വാണിജ്യ ഡയറക്ടറാണ് ഇതിന്റെ ചെയർമാൻ. ധനകാര്യ വകുപ്പ്, കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി., എം.ഏ.എം.ഇ.ഡി.ഐ., കെ.എസ്.എസ്.ഐ.എ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി എന്നിവയുടെ പ്രതിനിധികളുണ്ടാകും. വ്യവസായ വകുപ്പിലെ അഡീഷണൽ ഡയറക്ടറാണ് മെമ്പർ സെക്രട്ടറി. അപേക്ഷ സമർപ്പിക്കുമ്പോൾ ഫീസ് നൽകണം. സാധാരണ അപേക്ഷകർ 1000



രൂപയും പട്ടികജാതി-വർഗ വിഭാഗക്കാർ 500 രൂപയും ഫീസ് അടക്കണം.


തുടക്കക്കാർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ കൈത്താങ്ങ് സഹായം ആവശ്യമുണ്ട്. സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവ നിലനിർത്തുന്നതിനും പുരോഗതി ഉണ്ടാക്കുന്നതിനും ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകുകയാണ് ജില്ലാ-താലൂക്ക്-പ്രാദേശിക വ്യവസായ കേന്ദ്രങ്ങളുടെ കടമ. അവ നിറവേറ്റുന്നതിന് ആവശ്യമായ സാമ്പത്തിക സഹായപദ്ധതിയാണ് ഇ.എസ്.എസ്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട, ഇടത്തരം വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ ഈ പദ്ധതിക്ക് കഴിയാതിരിക്കില്ല. ■

ജേക്കബ് സാംസൺ മുട്ടട

# പഞ്ചാബിന്റെ ഹൃദയത്തിലൂടെ ഒരു യാത്ര

അമൃത്സറിലെ സുവർണ ക്ഷേത്രം എല്ലാവരെയും സ്വാഗതം ചെയ്യുന്നു. ജാതിമതവർഗ ഭേദമെന്യേ വിദേശികളെന്നോ, സ്വദേശികളെന്നോ, ധനികരെന്നോ, ദരിദ്രനെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും അവിടെ പ്രവേശനമുണ്ട്; എല്ലാവരും പ്രവേശിക്കുന്നുമുണ്ട്. ചെരിപ്പുകൾ ഊരി മാറ്റണം, തലയിൽ തുണിയിടണം, ക്ഷേത്രത്തിൽ കയറാൻ ഇത്രമാത്രമേ നിബന്ധനകളുള്ളൂ. സിക്കുകാർ ക്ഷേത്രത്തിന്റെ ഓരോ പടിയും തൊട്ടുവന്ദിച്ച് ഭക്തിനിർഭരമായി മുന്നോട്ടു പോകുന്നു. ടൂറിസ്റ്റുകൾ ക്ഷേത്രത്തിലെ സ്വർണ നിർമിതമായ അലങ്കാരങ്ങളും ശില്പഭംഗിയും ആസ്വദിച്ച് നീങ്ങുന്നു. നാലുവരിയായി ഇഴഞ്ഞു നിങ്ങുന്ന ജനങ്ങൾക്കിടയിലൂടെ ഞാനും സുവർണ ക്ഷേത്രത്തിൽ പ്രവേശിച്ചു. ക്യൂവിൽ നിൽക്കുന്നവർക്ക് ഇടയ്ക്ക് കുടിവെള്ളം നൽകുന്നുണ്ടായിരുന്നു. ടൂറിസ്റ്റുകളുടെ തിരക്കുകൾ ശ്രദ്ധിക്കാതെ സിക്കുകാർ ക്ഷേത്രത്തിനുള്ളിൽ കമഴ്ന്നുവീണു പ്രാർഥിക്കുന്നതും കാണിക്ക സമർപ്പിക്കുന്നതും തിരക്കിൽപ്പെടാതെ ഒഴിഞ്ഞുമാറിനിന്ന് ഗ്രന്ഥം വായിക്കുന്നതും കാണാമായിരുന്നു. സ്വർണത്തിൽ തീർത്ത മനോഹരമായ ക്ഷേത്രം ജലാശയത്തിനു നടുവിലായി സൂര്യപ്രകാശത്തിൽ തിളങ്ങി നിൽക്കുന്നത് അപൂർവമായ കാഴ്ചയാണ്.

ക്ഷേത്രത്തിന്റെ പ്രധാനഭാഗത്ത് തോരണങ്ങൾപോലെയുള്ള അലങ്കാരപ്പണികൾക്കുപയോഗിച്ചിരിക്കുന്നത് വലിയ സ്വർണാഭരണങ്ങളാണ്. പക്ഷെ ഇതൊന്നുമല്ല, സുവർണക്ഷേത്രത്തെ സമ്പന്നമാക്കുന്നത്; ക്ഷേത്രത്തോടനുബന്ധിച്ചുള്ള ഊട്ടുപുരയിൽ പതിനായിരങ്ങൾക്കാണ് നിരന്തരമായി ഭക്ഷണം നൽകിക്കൊണ്ടിരിക്കുന്നത്. എത്രപേർ വന്നാലും ഭക്ഷണം തീർന്നുപോയി എന്നു പറയുന്നില്ല. എല്ലാവർക്കും മതിവരുവോളം ഭക്ഷണം നൽകുന്നു. മുടങ്ങാതെ ഭക്ഷണം നൽകാൻ കഴിയുന്നതിനെക്കാൾ സമ്പന്നത മറ്റെന്താണ്? പാത്രങ്ങളിൽ ഭക്ഷണം ഇട്ടുകൊടുക്കുകയില്ല. രണ്ടു



സുവർണക്ഷേത്രം

കയ്യും നീട്ടി വാങ്ങണം. വിശക്കുന്നവനെ അതിഥിയായി കണ്ട് ഭക്ഷണം വിളമ്പിക്കൊടുക്കുന്ന ഹൃദയവിശാലത എത്ര പേർക്കുണ്ട്.


ഭക്തജനങ്ങളുടെ കാർഷിക വിളവിന്റെ ദശാംശവും വരുമാനത്തിന്റെ ദശാംശവും കൊണ്ട് ഈ ചെലവുകളെല്ലാം സമൃദ്ധമായി നടക്കുന്നു. എല്ലാവരും അവരുടെ അധ്വാനത്തിന്റെ ദശാംശവും ക്ഷേത്രജോലികൾക്കായി മാറ്റിവച്ചിരിക്കുന്നു. ഇവിടെ ഏതു ജോലി ചെയ്യുന്നതിനും വലുപ്പച്ചെറുപ്പമില്ല. ഒരിക്കൽ പഞ്ചാബിലെ മുഖ്യമന്ത്രിപോലും ഒരു ദിവസം സുവർണ ക്ഷേത്രത്തിൽ ചെരുപ്പു സൂക്ഷിക്കുന്ന ജോലി ശ്രമദാനമായി ചെയ്തിട്ടുണ്ട്. ഊട്ടുപുരയുടെ വശങ്ങളിൽ സർദാർജിമാർ ചാക്കുകണക്കിന് ഇഞ്ചി തൊലികളഞ്ഞ് അരിഞ്ഞുകൂട്ടുന്നത് കാണാം. ഇവരെല്ലാം സമൂഹത്തിന്റെ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്നവരാണ്. പ്രതിഫലം കൂടാതെ സേവനമായാണ് ഇതു ചെയ്യുന്നത്.

സുവർണക്ഷേത്രത്തിലെ ഊട്ടുപുരയിൽ നിന്ന് ഭക്ഷണവും ലഡുവും ഹലുവയും കഴിച്ച് പുറത്തുവന്നപ്പോൾ ബ്ലൂസ്റ്റാർ ഓപ്പറേഷനെക്കുറിച്ച് അറിയാതെ ഓർത്തുപോയി. അന്നത്തെ മുറിവുകൾ പൂർണമായി ഉണങ്ങിക്കഴിഞ്ഞിരിക്കുന്നു. എല്ലാം മറന്നതുപോലെ പുഞ്ചിരിയോടെ സർദാർജിമാർ എല്ലാവരെയും ഉൾക്കൊള്ളുന്നു.

ജയ് ജവാൻ! ജയ് കിസാൻ! എന്ന മുദ്രാവാക്യം അർഥവത്താകുന്നത് പഞ്ചാബിലാണ്. ലക്ഷണമൊത്ത സൈനികരും ലക്ഷണമൊത്ത കൃഷിയിടങ്ങളും പഞ്ചാബിന്റെ പ്രത്യേകതയാണ്. ഗോതമ്പുവയലുകൾ പ്രതീക്ഷിച്ച എനിക്ക് പുഷ്ടിയോടെ വിളഞ്ഞുനിൽക്കുന്ന നെൽപ്പാടങ്ങളാണ് കാണാൻ കഴിഞ്ഞത്. പഞ്ചാബിൽ നെല്ലും ഗോതമ്പും ഒരേ വയലിൽ മാറിമാറി കൃഷിചെയ്യുന്നു. നെൽകൃഷിയുടെ സമയത്താണ് ഞാൻ ചെന്നത്. ഏതു കൃഷിക്കാരനും അമ്പരന്നു നോക്കിനിൽക്കുന്ന വിളവാണ് പഞ്ചാബിലെ കൃഷിഭൂമി സമ്മാനിക്കുന്നത്. ഭക്ഷണം വിശക്കുന്നവനുള്ളതാണെന്ന തിരിച്ചറിവുള്ള ജനതയെ സമൃദ്ധമായി വിളവുകൾ നൽകി ദൈവം അനുഗ്രഹിച്ചില്ലെങ്കിലേ അതിശയമുള്ളൂ.

ആഹാരത്തിനുവേണ്ടി മോഷ്ടിക്കാനും പിടിച്ചുപറിക്കാനും വ്യഭിചരിക്കാനും തെണ്ടാനുമുള്ള സാഹചര്യം ഒരിക്കലും മനുഷ്യസമൂഹത്തിൽ ഉണ്ടാകാൻ പാടില്ല. വിശപ്പ് എല്ലാവർക്കും ഉള്ളതുപോലെ ഭക്ഷണവും എല്ലാവർക്കുമുള്ളതാണ്. ഗുരുദ്വാരകൾ ഈ സന്ദേശമാണ് ലോകത്തിനു നൽകുന്നത്. ജാതിമത സ്ത്രീപുരുഷ ഭേദമെന്യേ തൊഴിൽതേടി പട്ടണങ്ങളിലെത്തിയ എത്രയോ പേർ ഗുരുദ്വാരകളിൽ നിന്ന് ഭക്ഷണം കഴിച്ച് ജീവിതം പടുത്തുയർത്തിയിട്ടുണ്ട്. ജീവിതം വഴിമുട്ടുമ്പോഴും തൊഴിൽ നഷ്ടപ്പെടുമ്പോഴുമെല്ലാം ഗുരുദ്വാരകൾ അന്നദാതാവായ ദൈവമായി മാറുന്നു.

വൈകുന്നേരം പഞ്ചാബിലെ എന്റെ



**വെടിയുണ്ട പതിച്ച ഭിത്തി; ജാലിയൻവാലാബാഗിലെ ദൃശ്യം**

സ്നേഹിതൻ സുബേദാർ എം.എൻ. നായരുമായി സംസാരിച്ചപ്പോൾ ബ്ലൂസ്റ്റാർ ഓപ്പറേഷനെക്കുറിച്ചുള്ള ചില വിവരങ്ങൾ അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ആർമിയുടെ ജനറൽ, ക്ഷേത്ര മര്യാദകൾ പാലിച്ചുകൊണ്ട് ബൂട്ടുകൾ അഴിച്ചുമാറ്റി ക്ഷേത്രത്തിൽ പ്രവേശിക്കാനാണ് ആദ്യം സൈനികർക്ക് നിർദേശം നൽകിയത്. തീവ്രവാദികൾ തറയിൽ വെള്ളം കോരിയൊഴിച്ചശേഷം വൈദ്യുതി കടത്തിവിട്ടു. ആദ്യം ഇറങ്ങിയവരെല്ലാം ക്ഷണനേരം കൊണ്ട് മരിച്ചുവീണു. തന്റെ തീരുമാനം തെറ്റായിപ്പോയെന്ന് ജനറൽ തിരിച്ചറിഞ്ഞു. പട്ടാളം അതിന്റെ യുദ്ധവീര്യം പുറത്തെടുത്തു. കനത്ത പോരാട്ടത്തിലൂടെ തീവ്രവാദികളെ അമർച്ച ചെയ്തു. ആയുധങ്ങൾ പിടിച്ചെടുത്തു. വർഷങ്ങൾ കടന്നുപോയി. ആഘാതങ്ങളും പ്രത്യാഘാതങ്ങളും പലതുകഴിഞ്ഞു. പഞ്ചാബ് ഇന്ത്യയുടെ അഭിമാനമായി നിലനിൽക്കുന്നു. അധ്വാനത്തിന്റെ കരുത്തും നന്മയുടെ വെളിച്ചവും പകർന്നുകൊണ്ട് സുവർണ ശോഭയോടെ ഇന്ത്യയുടെ സ്വന്തം പഞ്ചാബ്.

സുവർണക്ഷേത്രത്തിൽ നിന്ന് നടന്നെത്താവുന്ന അകലത്തിൽ സ്ഥിതിചെയ്യുന്ന ജാലിയൻ വാലാബാഗ് സന്ദർശിച്ചപ്പോൾ സ്വാതന്ത്ര്യസമരചരിത്രത്തിലേക്ക് എന്റെ മനസ്സ് പാളിവീണു. മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്ന സംഭവമായിരുന്നല്ലോ 1919 ൽ ജാലിയൻ വാലാബാഗിൽ നടന്ന കൂട്ടക്കുരുതി. വെടിയുണ്ടകൾ പതിച്ച പാടുകൾ ജാലിയൻ വാലാബാഗിന്റെ ഇഷ്ടിക കെട്ടിയ ചുവരുകളിൽ ഇപ്പോഴും തെളിഞ്ഞു കാണാം. മൈതാനത്തിന്റെ കവാടങ്ങൾ അടച്ചശേഷം ആരെയും പുറത്തുപോകാൻ അനുവദിക്കാതെ നിരായുധരായ ജനക്കൂട്ടത്തിനു നേർക്ക് ജനറൽ ഡയറിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് പടയാളികൾ 650 റൗണ്ട് വെടിവെച്ചു. ആയിരങ്ങൾ മരിച്ചുവീണു. മരണവെപ്രാളത്തോടെ പരക്കം പാഞ്ഞ നൂറുകണക്കിനാളുകൾ മൈതാനത്തിന്റെ അരികിലുള്ള കിണറ്റിൽ ചാടി. 120 ശവശരീരങ്ങളാണ് കിണറ്റിൽ നിന്ന് കണ്ടെടുത്തത്. രക്തസാക്ഷികളുടെ സ്മാരകമായി ഒരു സ്തൂപം മൈതാനത്തിനു നടുവിൽ സ്ഥാപിച്ചിട്ടുണ്ട്. മരണക്കിണറും വെടിയൊച്ചകൾ പതിച്ച സ്ഥാനങ്ങളും പ്രത്യേകമായി അടയാളപ്പെടുത്തിയിട്ടുണ്ട്. പടയാളികൾ നിന്നു വെടിയുതിർത്ത സ്ഥാനങ്ങളിൽ കമ്പികൊണ്ട് ആൾരൂപമുണ്ടാക്കി സ്ഥാപിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമര ചരിത്രത്തിൽ പഞ്ചാബിന്റെ സ്ഥാനം ചോരയിൽ എഴുതിച്ചേർത്തുകൊണ്ട് ജാലിയൻ വാലാബാഗ് ഇന്നും ദേശാഭിമാനികൾക്ക് ആവേശം പകരുന്നു.

സന്ദർശകരുടെ ഏറ്റവും വലിയ ആകർഷണ കേന്ദ്രമാണ് വാഗാ അതിർത്തി. ഒരു മുള്ളുവേലിക്കപ്പുറവും ഇപ്പുറവുമായി ഇന്ത്യയുടെയും പാകിസ്ഥാന്റെയും സൈനിക പരേഡുകളും ഇരുവശത്തേയും ഗേറ്റുകളടയ്ക്കുന്നതും കാണാൻ പതിനായിരങ്ങളാണ് ഇരുപക്ഷത്തും വന്നുചേരുന്നത്.

ഭാരത് മാതാ കി ജയ് എന്ന് ആർത്തുവിളിച്ചും ദേശീയപതാക ഉയർത്തി വീശിയും സന്ദർശകർ ഇന്ത്യൻ സൈനികർക്ക് ആവേശം പകരുന്നു. എല്ലാ ദിവസവും ഇവിടെ എത്തുന്ന ജനക്കൂട്ടം സൈനികർക്ക് നൽകുന്ന ഊർജം കുറച്ചൊന്നുമല്ല. ഇന്ത്യ മുഴുവനും ഒരൊറ്റ ജനതയായി അവർക്കൊപ്പമുണ്ടെന്ന ബോധം ജവാന്മാരെ പതിന്മടങ്ങ് കരുത്തരാക്കുന്നു. പൊടിപാറുന്ന സൈനിക പരേഡുകളും ആൾക്കൂട്ടത്തിന്റെ മുദ്രാവാക്യം വിളികളും പാകിസ്ഥാനെ പിന്നിലാക്കുന്ന ശക്തിപ്രകടനമാക്കാൻ അവിടെയെത്തുന്ന ഓരോ ഭാരതീയനും ശ്രമിക്കുന്നു.

ദേശാഭിമാനം ഏറ്റവും വലിയ വികാരവും ആവേശവുമാണെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അത്. ■

■ സുരേഷ് മുതുകുളം



# പാടങ്ങൾ ഹരിതാഭമാക്കാൻ പച്ചപ്പട



**ഗ്രീൻ ആർമി!** എന്താ പേരിലൊരു പുതുമയില്ലേ? ഹരിതസേന എന്നു മൊഴിമാറ്റാം. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ഈ വിദഗ്ധതൊഴിൽസേന അഥവാ ഗ്രീൻ ആർമി ലേബർ ബാങ്ക് ഇന്ന് പാടത്ത് വിതക്കാനും കൊയ്യാനും ആളെക്കിട്ടുന്നില്ലെന്നു പരിതപിക്കുന്നവർക്ക് ആശയും ആശ്വാസവുമാകുന്നു. ഒന്നു വിളിച്ചു പറയുകയേ വേണ്ടൂ... പായ് ഞാറ്റടി ഒരുക്കൽ, യന്ത്രവത്കൃത ഞാറുനടീൽ, കൊയ്ത്ത് തുടങ്ങി നെൽകൃഷിയുമായി ബന്ധപ്പെട്ട ഏതു ജോലിയും ഗ്രീൻ ആർമി സന്തോഷം ഏറ്റെടുക്കുന്നു. നിശ്ചിത ഫീസ് അടയ്ക്കണമെന്നു മാത്രം.

ഇത് ഒറ്റപ്പെട്ട സംഭവമല്ല; ഗ്രീൻ ആർമിപോലെ കർമസന്നദ്ധരായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് തൊഴിൽ സേനകൾ എല്ലാവിധ കൃഷിപ്പണികളും ചെയ്തു കൊടുക്കാൻ തയാറായി രംഗത്തുണ്ട്. കൊയ്യാൻ ആളെ കിട്ടാതെ കതിർ തൂങ്ങി കളനിറഞ്ഞ പാടവും ഇറുന്നുവീഴാൻ പാകത്തിൽ വിളഞ്ഞുണങ്ങിയ നാളികേരവുമായി നിൽക്കുന്ന കൊന്നത്തെങ്ങുകളും ഒക്കെ ഇന്ന് തൊഴിൽ സേനകൾക്ക് സ്വാഗതമോതാൻ കാതോർത്തിരിക്കുന്നു. കാർഷിക കേരളത്തിന്റെ പുതിയ മുഖമാണിത്. ഭക്ഷ്യസുരക്ഷയ്ക്കു വേണ്ടിയുള്ള സംഘടിത ശ്രമങ്ങൾ ഒരു ഭാഗത്ത് അരങ്ങേറുമ്പോൾ വിളകൊയ്യാനും വിളവെടുക്കാനും എന്തിനേറെ വിളവിറക്കാൻപോലും ആളെക്കിട്ടുന്നില്ല എന്ന വിരോധാഭാസത്തിന് മികച്ച മറുപടിയാകുന്നു ഇത്തരം തൊഴിൽ സേനകൾ. സേവനത്തിന്റെ പുതിയ മുഖവുമായി

പാടത്തെയും പറമ്പിലെയും ഏതുതരം കൃഷിപ്പണികളും സമയബന്ധിതമായി ഏറ്റെടുത്തു നടത്താൻ മുന്നോട്ടു വരുന്ന തൊഴിൽ സേനകൾ ഇന്ന് കാർഷികമേഖലയിലെ വലിയൊരനിശ്ചിതത്വത്തിനാണ് വിരാമമിട്ടിരിക്കുന്നത്. കൃഷിപ്പണികളിൽ പരിശീലനവും വൈദഗ്ധ്യവും നേടിയ തൊഴിൽ സേനാംഗങ്ങൾ നിറപ്പകിട്ടാർന്ന യൂണിഫോമും ധരിച്ച് കൃഷിയിടങ്ങളിലേക്കിറങ്ങുമ്പോൾ കാർഷികമേഖലയ്ക്കാകെ ഒരു പ്രൊഫഷണൽ ടച്ച് കൈവരുന്നു എന്നതാണ് വാസ്തവം. രാജ്യരക്ഷാ സേനകളെപ്പോലെ ഭക്ഷ്യസുരക്ഷ നേടുന്നതിലും കാത്തുസൂക്ഷിക്കുന്നതിലും നിഷ്കർഷ പുലർത്തുന്ന തൊഴിൽസേനകൾക്ക് വർത്തമാനകാല സമൂഹത്തിൽ ഏറെ ശ്രദ്ധയും ആദരവും പിടിച്ചുപറ്റാനായിട്ടുണ്ടെങ്കിൽ അതിൽ തെല്ലും അതിശയിക്കാനില്ല; കാരണം കൃഷിയിൽ അമാന്തമോ കാത്തുനിൽപ്പോ ഇല്ലായെന്ന അടിസ്ഥാന തത്ത്വത്തിലൂന്നി കാലാനുസൃതമായി കൃഷിപ്പണികൾ സമയബന്ധിതമായി നടപ്പാക്കാൻ സദാ സന്നദ്ധരാകുന്നവരാണ് തൊഴിൽ സേനകൾ. വനിതകളുടെ സാന്നിധ്യവും തൊഴിൽ സേനകളെ ഏറെ ശ്രദ്ധേയമാകുന്നു. സാധാരണക്കാരായ വീട്ടമ്മമാർ ഞാറുനടീൽ യന്ത്രങ്ങളുടെ വളയം തിരിച്ച് നാടിൻെറയും വീടിന്റെയും പട്ടിണിമാറ്റാൻ അരയും തലയും മുറുക്കി പാടത്തിറങ്ങുമ്പോൾ ആർക്കാണ് അതിൽ അഭിമാനവും മതിപ്പും തോന്നാത്തത്?

## ഭക്ഷ്യസുരക്ഷാ സേനയിൽ നിന്നു തുടക്കം

ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന തൊഴിൽ സേനകളുടെ തുടക്കം അറിയാൻ പത്തു വർഷമെങ്കിലും പിന്നിലേക്കു പോകണം; അവിടെ നാമെത്തുന്നത് കേരള കാർഷിക സർവകലാശാലയുടെ തൃശൂർ മണ്ണുത്തി കാർഷികഗവേഷണ കേന്ദ്രത്തിലാണ്. കേന്ദ്രം മേധാവിയായ ഡോ. യു. ജയകുമാരനാണ് കൃഷിപ്പണിക്ക് ആളെക്കിട്ടാനില്ലെന്നു പറഞ്ഞ് കാർഷികവൃത്തിയുപേക്ഷിച്ചാൽ ഭാവിയിൽ പട്ടിണിമരണങ്ങൾ തുടർക്കഥയാകും എന്ന മുന്നറിയിപ്പുമായി ആദ്യമായി ഒരു തൊഴിൽ സേനയ്ക്ക് രൂപം നൽകുന്നത്. ദീർഘവീക്ഷണത്തോടെ അദ്ദേഹം ഈ കൂട്ടായ്മയ്ക്ക് ഒരു പേരും നൽകി 'ഭക്ഷ്യസുരക്ഷാ സേന'. രാജ്യസുരക്ഷിതത്ത്വത്തിനുവേണ്ടി പടപൊരുതുന്ന ഒരു സേനയ്ക്ക് രൂപം നൽകുകയായിരുന്നു ഇതിന്റെ ലക്ഷ്യം. 1994 ൽ ഒരു നടീൽ യന്ത്രം വാങ്ങി പാടത്തിറക്കിയായിരുന്നു സേനയുടെ പ്രഥമ പരീക്ഷണം. പുതിയ ഗവേഷണപദ്ധതികൾ ചേർത്ത് സേനയെ കൂടുതൽ പ്രവർത്തനസജ്ജമാക്കി. സ്വയം മുന്നോട്ടുവന്ന കുടുംബശ്രീ യൂണിറ്റുകളെ കൃഷി യന്ത്രങ്ങൾ ഉപയോഗിക്കാൻ പരിശീലിപ്പിച്ചു. അവയുടെ അറ്റകുറ്റപ്പണികൾ, കൃഷിയിടമൊരുക്കൽ, ഞാറ്റടി തയാറാക്കൽ തുടങ്ങി വിവിധ രംഗങ്ങളിൽ ഇരുപത്തിയൊന്നു ദിവസത്തെ പ്രായോഗിക പരിശീലനം നൽകി അംഗങ്ങളുടെ ആത്മവിശ്വാസം വർധിപ്പിച്ചു. ഭക്ഷ്യസുരക്ഷാസേന കൃഷിയിടങ്ങളിൽ സജീവമാകുന്നതിന്റെ ചരിത്രമിതാണ്. ഇന്ന് ഭക്ഷ്യസുരക്ഷാസേനയുടെ കീഴിൽ മൂവായിരത്തോളം പേർ പരിശീലനം പൂർത്തിയാക്കി പ്രവർത്തന രംഗത്തുണ്ട്; ഇതിൽ 1200 ലേറെപ്പേർ വനിതകളാണ് എന്നറിയുക.

## വടക്കാഞ്ചേരിയിലെ ഗ്രീൻ ആർമി

വാർഡുതലത്തിൽ അഞ്ചു തൊഴിലാളികൾവീതമടങ്ങുന്ന ലേബർ ഗ്രൂപ്പുകളും പഞ്ചായത്തുതലത്തിൽ ഈ ലേബർ ഗ്രൂപ്പുകൾ ചേരുന്ന ലേബർ ടീമും പഞ്ചായത്തുതലത്തിൽ ഈ ലേബർ ഗ്രൂപ്പുകൾ ചേരുന്ന ലേബർ ടീമും ബ്ലോക്കുതലത്തിൽ സംഘടിപ്പിച്ചിരിക്കുന്ന ലേബർ ബാങ്കും – ഇതാണ് വടക്കാഞ്ചേരി ഗ്രീൻ ആർമിയുടെ ഘടന. ബാങ്കിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നടീൽ മുതൽ കൊയ്ത്തുവരെ നെൽകൃഷിയുമായി സമസ്തമേഖലകളിലും പരിശീലനം നൽകും. വിവിധ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനും ഇവർ സജ്ജരാണ്. ഓരോ ഏക്കർ പാടത്തിലെയും ജോലികൾക്കുള്ള നിർദിഷ്ട ഫീസ് ലേബർ ബാങ്കിൽ അടക്കണമെന്നുമാത്രം. അപ്പോൾ തൊഴിലാളികളും യന്ത്രങ്ങളും ആവശ്യാനുസരണം റെഡി. തൊഴിലാളികൾക്ക് അവരുടെ സാങ്കേതികശേഷിയും തൊഴിൽ മികവും കണക്കിലെടുത്ത് സ്ഥിരവരുമാനം ലഭിക്കുന്നുണ്ട്. പായ് ഞാറ്റടിയൊരുക്കൽ, ഞാറു നടീൽ എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഒരു ഏക്കറിന് വടക്കാഞ്ചേരി ബ്ലോക്കിനുള്ളിൽ 3000 രൂപയും ബ്ലോക്കിനു പുറത്ത് 3500 രൂപയുമാണ് ഈടാക്കുന്നത്. കൊയ്ത്ത് യന്ത്രം ഒരു മണിക്കൂർ ബ്ലോക്കിനുള്ളിൽ ഉപയോഗിക്കാൻ 1800 രൂപയും. ബ്ലോക്കിനു പുറത്താകുമ്പോൾ ഇതിനു പുറമെ യാത്രാബത്തയും ചെലവും നൽകണം.

## തൊഴിൽ സേനയിലും പ്രവർത്തന വൈവിധ്യം

മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽനിന്ന് പരിശീലനം നേടി വിജയകരമായി കൃഷിപ്പണികൾ ഏറ്റെടുത്ത് ചെയ്യുന്ന നിരവധി തൊഴിൽ സേനകൾ ഇന്ന് പലയിടത്തുമുണ്ട്. ജനശക്തി കാർഷികയന്ത്ര സേവനകേന്ദ്രം, വള്ളുവനാട് ഭക്ഷ്യസുരക്ഷാസേന, ഈസ്റ്റേൺ ആഗ്രോ ആർമി എന്നിവ അവയിൽ ചിലതു മാത്രം. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ നെൽകൃഷിവികസന പദ്ധതികളുടെ ഭാഗമായി തൊഴിൽ സേനകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെല്പാടത്തെ വിത മുതൽ കൊയ്ത്തുവരെയുള്ള പണികൾക്കു പുറമെ ഗാർഡനിങ്, ലാൻഡ്സ്കേപ്പിങ്, കുളം വൃത്തിയാക്കൽ, വെള്ളം പമ്പുചെയ്യുക, കാടുവെട്ട്, മരംമുറിക്കൽ, തെങ്ങുകയറ്റം തുടങ്ങി വൈവിധ്യമാർന്ന ജോലികൾ ഏറ്റെടുത്തു നടത്തുന്ന തൊഴിൽ സേനകളും ഇന്നും സജീവമാണ്. ഇതിനുദാഹരണമാണ് കൃഷി വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതിയുടെ സഹായത്തോടെ തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ, കണ്ണൂർ ജില്ലകളിലാരംഭിച്ച യന്ത്രവത്കൃത തൊഴിൽ സേന ആധുനിക കാർഷികരംഗത്തിന്റെ പുതിയ മുഖമായ ഹൈ-ടെക് കൃഷിയിൽ പരിശീലനം നൽകാനും പ്രചരിപ്പിക്കാനും കഴിവു നേടിയ ഹൈടെക് കാർഷിക കർമസേനകളും ഇന്ന് രംഗത്തുണ്ട്.



കേരളത്തിൽ കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങൾ എന്താണെന്ന് ആരോടു ചോദിച്ചാലും പറയുന്ന ഒരു മുഖ്യവിഷയം തൊഴിലാളി ദൗർലഭ്യമാണ്. തൊഴിലാളി ദൗർലഭ്യം നിമിത്തം തന്നെ പലരും കാർഷിക വൃത്തി ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയാണിന്ന്. ഈ സാഹചര്യത്തിന് ശാശ്വത പരിഹാരമാകുകയാണ് തൊഴിൽ സേനകൾ. വർത്തമാനകാല കേരളത്തിന്റെ കാർഷികരംഗം സാക്ഷ്യം വഹിക്കുന്ന പുരോഗതിയിലേക്കുള്ള സുധീരമായ ചുവടുവയ്പായി ഈ ഹരിതസേനകളെ വിശേഷിപ്പിക്കാം.

ഗ്രീൻ ആർമി, വടക്കാഞ്ചേരി - 9446153103, 9447350892

ജനശക്തി കാർഷിക യന്ത്രസേവന കേന്ദ്രം - 9947719652

വള്ളുവനാട് ഭക്ഷ്യസുരക്ഷ സേന - 9947201592

തിരുവനന്തപുരം തൊഴിൽ സേന - 0471 - 2466674 ■

■ രമേഷ് കുമാർ വെള്ളമുണ്ട

# വയൽനാടിന്റെ കമ്പള നർത്തകർ

സാംസ്കാരിക പൈതൃകത്തിന്റെ ഈറ്റില്ലമായ ഗോത്ര ഭൂമിയിൽ ഇന്നലെയോളം പാരമ്പര്യത്തനിമയ്ക്ക് കുടപിടിച്ചുനിന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും ആധുനിക പെരുമഴയിൽ അലിഞ്ഞില്ലാതാവുകയാണ്. തലമുറകളോളം കൈമാറ്റംചെയ്യപ്പെട്ട അനുഷ്ഠാന കലകളിൽനിന്നും മുഖംതിരിച്ചു നടക്കുകയാണ് പുതുതലമുറകൾ. ആദിവാസി ജീവിതത്തിന്റെ ശിഥിലചിത്രങ്ങളിൽ ഇടംതേടിയ പണിയരുടെ അനുഷ്ഠാനകലകളും മൺമറയുകയാണ്. ആദിവാസികളുടെ സ്വന്തം നാടായ വയനാടിന്റെ ഓർമകളിൽനിന്നും ഇവയൊക്കെ മങ്ങിമായുമ്പോൾ ചരിത്രപുസ്തകത്തിന്റെ താളുകളിലായിരിക്കാം ഇനി ഇവയുടെ അരങ്ങേറ്റം.

പുകമണക്കുന്ന ചെറിയ കൂരയും ചുരുളൻ മുടിയും ചുളിവുവീണ മുഖവും വേറിട്ടുനടക്കുന്ന ജീവിതശൈലിയും മാത്രമായിരുന്നില്ല ആദിവാസികൾക്കു സ്വന്തമായുള്ളത്. തനതു ജീവിതത്തിന്റെ തുടിപ്പുകൾക്കു താളം പകർന്നിരുന്ന പകരംവക്കാൻ ഒന്നുമില്ലാത്ത മഹത്തായൊരു സംസ്കാരവും അവർക്കു സ്വന്തമായിരുന്നു.

ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മുമ്പിൽ നടത്തിയാണ് പണിയകുലം ജീവിതം ഏറെക്കാലം മുന്നോട്ടുകൊണ്ടുവന്നത്. അതിനിടയിൽ എവിടെയൊക്കെയോ ചുവടുകൾ പിഴച്ചു. പുതിയ ലോകത്തിന്റെ അരങ്ങിൽ ഈ അനുഷ്ഠാനങ്ങളൊക്കെയും പാർശ്വവത്കരിക്കപ്പെട്ടു. ഒറ്റപ്പെട്ടുനിൽക്കുമ്പോഴും ഇനിയും പുറംലോകത്തിന് ഏറെ പരിചയമൊന്നുമില്ലാതെ മൃതിയടയാനാണ് ഇവയുടെ നിയോഗം. കല വിനോദത്തിനെന്ന നൂതന ആശയംപോലും സംസ്കാരത്തിന് അളവുകോലായി മാറിയതോടെ ഇവിടെനിന്നും തുടങ്ങുകയാണ് തായ്വേരുകൾ മുറിഞ്ഞുപോയ ആദിവാസികളുടെ വേറിട്ട ജീവിതം.

വയനാടിന്റെ സംസ്കൃതിയിലേക്ക് ആദ്യം ഇണങ്ങിച്ചേർന്നവരാണ് ആദിവാസികൾക്കിടയിൽ ഇന്നും തനിമ സൂക്ഷിക്കുന്ന പണിയ വിഭാഗക്കാർ. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കെട്ടുപിണഞ്ഞ ജീവിതമായിരുന്നു ഇവരുടെ പൈതൃകമായ ഭൂതകാലം. ഭാഷയിലും വേഷത്തിലും ഏറെ മാറ്റങ്ങളൊന്നും ഇതുവരെയും വന്നിട്ടില്ലെങ്കിലും ആചാര



ങ്ങളോടും അനുഷ്ഠാനങ്ങളോടും ഇവർ അതിവേഗം വിടപറയുകയാണ്.

മുമ്പുകാലത്തൊക്കെ സന്ധ്യമയങ്ങുന്നതോടെ ഗ്രാമാന്തരങ്ങളിലെ പണിയ കുടിലുകളിൽനിന്നും ചീനി വിളിയും തുടിനാദവും കേൾക്കാമായിരുന്നു. കുഴൽവിളിക്കും തുടിനാദത്തിനുമൊപ്പം ചുവടുവച്ചുതുടങ്ങുന്ന പണിയ സ്ത്രീകളടങ്ങിയ സംഘം ഇപ്പോൾ വള്ളിയൂർക്കാവിന്റെ ആറാട്ടുത്സവത്തിനുപോലും അപൂർവമായ കാഴ്ചയാണ്. കാവ് ഒരുകാലത്ത് ആദിവാസികളുടെ സ്വന്തമായിരുന്നു. ഉത്സവമായാൽ കാവിൽ അന്തിയുറങ്ങുന്ന ഈ ജനത ഇവിടെനിന്നും പണ്ടെപ്പോഴോ പടിയിറങ്ങി നടന്നുകഴിഞ്ഞു. വരേണ്യസംസ്കാരത്തിന്റെ തള്ളിക്കയറ്റത്തിൽ പ്രതിരോധം തീർക്കാൻ ഇവരുടെ പുതിയ തലമുറയ്ക്കു ശേഷിയില്ലാതെപോയി.

## കൂളികെട്ടും മലാരികൂട്ടലും

പണ്ടുകാലം മുതലേ ജീവിതവ്യഥകൾ മറക്കാൻ ആചാരങ്ങളെയും അനുഷ്ഠാന കലയെയും മാറോടുചേർത്തവരാണിവർ. പണിയർ ദിനചര്യപോലെ കാത്തുസൂക്ഷിക്കുന്ന അനുഷ്ഠാനമായിരുന്നു *കൂളികെട്ട്.* ഇതിന് സമുദായത്തിന്റെ ആവിർഭാവത്തോളം പഴക്കമുണ്ട്. മലാരിക്കൂട്ടൽ, വയസ്സറിയിക്കൽ, വിവാഹം, രോഗപീഢ എന്നിവയ്ക്കെല്ലാം ഇവർ കൂളികെട്ട് നടത്തുന്നതു പതിവാണ്. കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗമായ പണിയർ കൂളികെട്ട് നടത്തുന്നത് ആഘോഷപൂർവമാണ്. പ്രധാനപ്പെട്ട ഒരു മൂപ്പനും മൂന്ന് സഹായികളുമാണ് ഈ അനുഷ്ഠാനത്തിനുള്ളത്. മൂപ്പൻ വെള്ള മുണ്ടും മുണ്ടിനുമീതെ ഉറമാലും കാലിൽ ചിലമ്പും ധരിക്കുന്നു. ഒരു ചീനിയും മൂന്നു തുടിയും മൂപ്പന്റെ ചുവടുകൾക്ക് താളം പകരും. തിരി, വാൾ, ചൂരൽ, വടി എന്നിവയെ വണങ്ങിയശേഷമാണ് കൂളികെട്ട് തുടങ്ങുക. ഇതിനു മുമ്പായി എല്ലാവരും ചാന്തുപൊട്ട് തൊടുന്ന സമ്പ്രദായവുമുണ്ട്.

രോഗപീഢ, പ്രേതബാധ, കൂടോത്ര ദോഷം ഇവയ്ക്കെതിരെ കൂളിക്ക് നേർച്ച കൊടുക്കുന്ന ചടങ്ങാണ് മേലാരികൂട്ടൽ. നേർച്ചക്കാരൻ തലേന്ന് കാട്ടിൽപ്പോയി ആരും തൊടാവിറകുകൊണ്ടുവന്ന് കത്തിച്ച് കനലാക്കുന്നതോടെയാണ് ചടങ്ങു തുടങ്ങുക. ഉറഞ്ഞുതുള്ളുന്ന മൂപ്പൻ ആഴിയിൽച്ചാടിയാണ് പ്രതിവിധി ചൊല്ലുക. നേർച്ചക്കാരനും കൂളിവച്ചുകെട്ടുന്നത് ചടങ്ങിന്റെ പ്രത്യേകതയാണ്.

മരിച്ചയാളുടെ പ്രേതത്തെ കുടിയിരുത്താനും പണിയർക്ക് അനുഷ്ഠാനമുണ്ട്. എഴുപാടൽ എന്നാണ് ഈ അടിയന്തിരത്തിന് പേര്. മരിച്ചവരുടെ ആത്മാവാകുന്ന നിഴൽപിടിച്ച് ദൈവത്തിന് നൽകുന്ന ആചാരമാണിത്. ഒഴിഞ്ഞ കലത്തിലേക്കാണ് നിഴലിനെ ആവാഹിക്കുക. ഭക്തിനിർഭരവും ശോകാത്മകവും താളനിബദ്ധവുമാണ് ഈ ചടങ്ങ്. ചിലങ്കമണികൾ മുറത്തിലാട്ടിക്കൊണ്ടാണ് ഏഴുപാടൽ നടക്കുന്ന്. മലദൈവങ്ങളാണ് ഇവരുടെ ആരാധനാ മൂർത്തികൾ. വില്ലികല്ല്, കാളിക്കല്ല് തുടങ്ങിയവയെയും ഇവർ ആരാധിക്കുന്നു. മരണം നടന്ന വീടുകൾ മരണാനന്തര ചടങ്ങുകൾക്കുശേഷം തീവെച്ച് പലായനം ചെയ്യുന്നും ഈ ഗോത്രവിഭാഗത്തിന്റെ ആചാരങ്ങളിലൊന്നായിരുന്നു. *എപ്പി* എന്ന ആദൃശ്യശക്തിയെയും പണിയർ അന്ധമായി ഭയക്കുന്നു. വരേണ്യവർഗങ്ങളുടെ അടിമയായി ജീവിക്കുകയെന്നതായിരുന്നു ഇവരുടെ ചരിത്രം. വള്ളിയൂർക്കാവ് ഉത്സവത്തോടനുബന്ധിച്ച് മേലാളന്മാരുടെ *നിഷ്ഠപണവും* (അടിമകൾക്ക് ഒരു വർഷത്തേക്കു നൽകുന്ന പ്രതിഫലം) കാത്ത് അടിമപ്പണിക്ക് തലനീട്ടിനിന്നവരുടെ കൂട്ടത്തിൽ പണിയർക്ക് വിലയേറിവന്ന കാലവുമുണ്ടായിരുന്നു.





വയനാടിന്റെ കാർഷിക ജീവിതത്തിലേക്ക് ഇവർ പങ്കാളിയാവുന്നത് ഗോത്രസ്മൃതികളുണർത്തുന്ന കമ്പള നൃത്തത്തിലൂടെയാണ്. യജമാനന്മാരുടെ കൃഷിയിടങ്ങളിൽ പണിതീരാതെവരുമ്പോൾ മേലാളന്മാർ സ്പോൺസർ ചെയ്യുന്ന ഉത്സവമാണ് കമ്പളനാട്ടിയെന്ന് ചിലർ നിരീക്ഷിക്കുന്നു. വളരെയധികം ഗൗരവത്തോടും ബഹുമാനത്തോടെയുമാണ് ഈ ചടങ്ങുകൾ നടത്തിയിരുന്നത്. ചെളിനിറഞ്ഞ വിശാലമായ നെൽപ്പാടങ്ങളിൽ തുടിതാളത്തിനൊപ്പം നൃത്തംവെച്ചാണ് ഇവർ ഞാറുനടുക. നൂറിലധികം തൊഴിലാളികൾ ഒന്നായി കമ്പള നാട്ടിയിൽ പങ്കുകൊള്ളാറുണ്ട്. ആണുങ്ങളും പെണ്ണുങ്ങളും കൂട്ടത്തോടെ വയലിലെ പണി തീർക്കുമ്പോൾ യജമാനരും പങ്കുകൊള്ളുന്ന അപൂർവ സൗഭാഗ്യത്തിൽ മനംമയങ്ങുകയായിരുന്നു പണിയ വിഭാഗത്തിലെ പഴയതലമുറകൾ.

വനവാസജീവിതത്തിന്റെ പരിശ്രമങ്ങളിൽനിന്നും ഉടലെടുത്ത മഹനീയ പൈതൃകമായിരുന്നു പണിയകുലത്തിന്റെ ശക്തി. കാരിരുമ്പിന്റെ കായബലമെന്ന് വില്യംലോഗൻ വിശേഷിപ്പിച്ച പണിയരുടെ ജീവിതക്രമങ്ങളും ഇന്ന് മാറ്റത്തിന്റെ ദിശയിലാണ്. ■




കേരളാശാസ്ത്ര കോൺഗ്രസ് ടെക്നോപാർക്കിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

# ശാസ്ത്രഭാവനകൾക്ക് മിഴിവേകി ശാസ്ത്ര കോൺഗ്രസ്

ധാന്യങ്ങളിലും പച്ചക്കറികളിലും ഉണ്ടാകുന്ന പൂപ്പ്, നെല്ലിന്റെ പോള ചീയൽ എന്നിവയ്ക്ക് രാസകീട നാശിനികൾ ഇനി വേണ്ട. പകരം പരിസ്ഥിതിക്ക് കുഴപ്പമില്ലാത്ത ഗാനസോൾ എന്ന കീടനാശിനി ഗാനോസർമ ഔഷധ കൂണിൽ നിന്നും ഉത്പാദിപ്പിക്കാം. രജത ജൂബിലിയിലെത്തിയ കേരള ശാസ്ത്ര കോൺഗ്രസിന്റെ ടെക്നോപാർക്കിൽ നടന്ന സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങളിലെ ശ്രദ്ധേ



യമായ കണ്ടെത്തലുകളിൽ ഒന്നാണിത്. കേരള കാർഷിക സർവകലാശാലയുടെ തിരുവല്ല കാംപസിൽ അസി. പ്രൊഫസറായ എ. സജീനയ്ക്ക് കാർഷിക വിഭാഗത്തിൽ അവതരിപ്പിച്ച ഈ പ്രബന്ധത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.

ശാസ്ത്രകോൺഗ്രസിലെ മത്സരവിഭാഗത്തിൽ അവതരിപ്പിച്ച വൈവിധ്യമാർന്ന പ്രബന്ധങ്ങളിൽ നിത്യജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്ന പല പഠനങ്ങളും ശ്രദ്ധേയമായി. കായലിലെ പായലുകൾ നീക്കിയെടുത്ത് ജലഗതാഗതം സുഗമമാക്കുന്നതോടൊപ്പം പാചകത്തിനുൾപ്പെടെ ഉപയോഗിക്കാൻ കഴിയുന്ന ജൈവവാതകമായി മാറ്റാം, കൂടാതെ വാഴനാരിൽ നിന്നും ജൈവവാതകം, ഇഞ്ചിയുടെ ഭക്ഷ്യയോഗ്യമായ ഭാഗങ്ങളിലെ കലകളിൽനിന്നും സ്രവം ഉത്പാദിപ്പിച്ച് ഫംഗസ് നാശിനി നിർമാണം എന്നിവയും പ്രബന്ധങ്ങളായി. ഇടുക്കിയിലെ ഏലത്തോട്ടങ്ങളിലെ കീടനാശിനി പ്രയോഗം വ്യാപകമായതിനാൽ കയറ്റുമതിയെ ബാധിക്കുന്നു. കീടനാശിനിരഹിത ഏലം ഉത്പാദിപ്പിക്കാൻ കർഷകർക്ക് അവബോധം നൽകണം.

മതിയായ സുരക്ഷാ സംവിധാനങ്ങളുടെ അഭാവത്തിൽ പണിയെടുക്കുന്ന ആലപ്പുഴയിലെ ഉൾനാടൻ ജലാശയ തൊഴിലാളികളിൽ ശ്രവണശേഷി കുറയുന്നുവെന്നും തിരുവനന്തപുരം നഗരങ്ങളിലെ കേശവദാസപുരം, ശ്രീകാര്യം ഉള്ളൂർ എന്നിവിടങ്ങളിൽ ട്രാഫിക് ഡ്യൂട്ടിയിലുള്ളവർക്ക് ശബ്ദമലിനീകരണഫലമായി ശ്രവണശേഷി കുറയുന്നുവെന്നും പ്രബന്ധങ്ങളവതരിപ്പിച്ചവർ മുന്നറിയിപ്പും നൽകി. കാസർകോട് ഭീഷണിയായി നിൽക്കുന്ന എൻഡോസൾഫാൻ അന്തരീക്ഷം, വെള്ളം, മണ്ണ് എന്നിവിടങ്ങളിൽ നിന്നും വേർതിരിച്ചെടുക്കുന്ന രീതി ശാസ്ത്രവും സമൂഹവും വിഭാഗത്തിൽ അവതരിപ്പിക്കപ്പെട്ടത് കേൾവിക്കാരിൽ പ്രതീക്ഷയുണർത്തി. ഫിഷറീസ്, ബയോടെക്നോളജി, എൻജിനീയറിങ്, ആരോഗ്യം, തുടങ്ങി 12 മേഖലകളിൽ നടന്ന പ്രബന്ധാവതരണങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് 25000 രൂപയും തുടർ ഗവേഷണങ്ങൾക്ക് ഒരു ലക്ഷം രൂപ വീതവും ലഭിച്ചു. 11 ഇനങ്ങളിൽ നടന്ന പോസ്റ്റർ അവതരണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി.

2012 ലെ യുവശാസ്ത്രജ്ഞർക്കുള്ള അവാർഡ് ജേതാക്കളായ എട്ടു പേർ വിവിധ വിഷയങ്ങളിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും ശ്രദ്ധേയമായി. മത്സരവിഭാഗങ്ങളിലെ 45 എണ്ണമുൾപ്പെടെ അവതരിപ്പിച്ച 190 ൽ അധികം പ്രബന്ധങ്ങൾ, 20 പ്രത്യേക ക്ഷണിതാക്കളുടെ പ്രഭാഷണങ്ങൾ എന്നിവയും പുറമെ കനകക്കുന്നിൽ ഒരുക്കിയ പുസ്തകപ്രദർശനവും ശാസ്ത്രമേളയും സയൻസ് കോൺഗ്രസ്സിന്റെ മുഖ്യ ആകർഷണങ്ങളായി. കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവ നൂതന പദ്ധതികളും ആശയങ്ങളും പങ്കുവെച്ച് ഒരുക്കിയ ശാസ്ത്രപ്രദർശനം അനേകായിരങ്ങൾ കാണാനെത്തി. ശാസ്ത്രകണ്ടുപിടുത്തങ്ങൾ പ്രകൃതിക്കിണങ്ങുംവിധം ഉപയോഗപ്പെടുത്തി പ്രകൃതിയുടെ തനിമ നിലനിർത്തുകയെന്ന സന്ദേശം ഓർമപ്പെടുത്താൻ പ്രദർശനം വഴിയൊരുക്കി.


ആദ്യദിനത്തിൽ നടന്ന അഞ്ച് പ്രഭാഷണങ്ങൾക്കും സയൻസ്കോൺഗ്രസ് അവലോകനത്തിനും ശേഷം മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വി. പ്രഭാഷണത്തിനെത്തിയത് ആവേശമായി. ശാസ്ത്രജ്ഞന്റെ ശത്രുവാണ് കവിയും കലാകാരനും എന്ന വാദം ശരിയല്ലെന്നും സൃഷ്ടിയുടെ രഹസ്യങ്ങൾ തേടുന്ന മഹാപ്രയാണത്തിലേർപ്പെടുന്നവരാണ് കലാകാരന്മാരും ശാസ്ത്രജ്ഞരുമെന്നും ഒ.എൻ.വി. പറഞ്ഞു. ശാസ്ത്രകോൺഗ്രസിനുവേണ്ടി പ്രസിഡന്റ് പ്രൊഫ. വി.എൻ. രാജശേഖരൻ പിള്ള പ്രശസ്തി പത്രവും പൊന്നാടയും നൽകി കവിയെ ആദരിച്ചു.

പ്രബന്ധങ്ങളും പോസ്റ്റർ അവതരണവും രണ്ടു സെഷനുകളും ഉൾപ്പെടുന്നതായിരുന്നു രണ്ടാം ദിന പരിപാടികൾ. മൂന്നാം ദിനത്തിൽ യുവശാസ്ത്രജ്ഞ അവാർഡ് നേടിയ എട്ടു പേരുടെ പ്രബന്ധാവതരണവും ആറു പ്രഭാഷണങ്ങളും നാലു പ്രത്യേക സെഷനും നടന്നു. വർഷങ്ങൾക്കുശേഷം ശാസ്ത്രകോൺഗ്രസിൽ ഗണിതം ഒരു വിഷയമായി എത്തിയതും പ്രത്യേകതയായി.

സമാപനദിനത്തിൽ നടന്ന ബാലശാസ്ത്രകോൺഗ്രസിൽ 14 ബാലപ്രതിഭകൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വാരണാസിയിൽ നടന്ന ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ എ പ്ലസ് ഗ്രേഡിന് അർഹരായ കാസർകോട് ചീമേനി ഗവ. സ്കൂളിലെ ശ്രുതി പി.പി., വള്ളിക്കുന്ന് സി.ബി.എച്ച്.എസ്സിലെ യദുനാഥ് കെ., എ ഗ്രേഡ് നേടിയ മീനങ്ങാട് ഗവ. സ്കൂൾ വിദ്യാർഥിനി ഏഞ്ചൽ എബ്രഹാം തുടങ്ങിവർ പ്രത്യേക ശ്രദ്ധനേടി. പി.ടി. ഭാസ്കര പണിക്കർ സ്മാരക പ്രഭാഷണം, ശാസ്ത്രരംഗത്ത് സ്ത്രീകൾ എന്നിങ്ങനെ ആറു പ്രഭാഷണങ്ങൾ വിവിധ വേദികളിലായി നടന്നു.

വികസനവും പരിസ്ഥിതി സംരക്ഷണവും ഒരുപോലെ നാടിന്റെ ആവശ്യമാണെന്നും ഇക്കാര്യത്തിൽ പ്രായോഗിക സമീപനമാണ് വേണ്ടതെന്നും സാസ്ത്ര കോൺഗ്രസിന്റെ ഉദ്ഘാടനം നിർവഹിച്ച് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും പുതിയ തലമുറ സ്വപ്രവർത്തനത്തിലൂടെ പുത്തൻ ആശയങ്ങളുമായി വ്യവസായവിപ്ലവം സൃഷ്ടിക്കുമെന്ന് വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയും പറഞ്ഞു.

ശാസ്ത്രസാഹിത്യരംഗത്തെ മികച്ച രചനകൾക്കും യുവശാസ്ത്രജ്ഞർക്കും പുരസ്കാരങ്ങൾ ഉദ്ഘാടന ചടങ്ങിൽ വിതരണം ചെയ്തു. സംസ്ഥാന സർക്കാരിന്റെ 2013 ലെ ശാസ്ത്രസാങ്കേതിക നയത്തിന്റെ കരട് മുഖ്യമന്ത്രി പ്രകാശനം ചെയ്തു. പ്രബന്ധാവതരണത്തിൽ വിജയികളായവർക്ക് സമാപനച്ചടങ്ങിൽ മന്ത്രി കുഞ്ഞാലിക്കുട്ടി സമ്മാനങ്ങൾ വിതരണം ചെയ്തു. രത്നകുമാർ സിൻഹ, എം.ആർ. മൂർത്തി, എം.എസ്. വല്യത്താൻ, എൻ. മുകുന്ദ തുടങ്ങി ഒട്ടനവധി അതുല്യപ്രതിഭകളുടെ സാന്നിധ്യവും പ്രഭാഷണങ്ങളും പ്രചോദനമേറ്റിയ ശാസ്ത്രകോൺഗ്രസ് പങ്കെടുത്തവർക്ക് ഓർമയിൽ മായാത്ത അനുഭവമായി. ■




**കേരളാശാസ്ത്ര കോൺഗ്രസിൽ വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നു**



പി.എം. മണി വെള്ളറട

# കുളിർമാരിയായ് തൃപ്പരപ്പ് വെള്ളച്ചാട്ടം

നീലാകാശത്തേക്ക് പടർന്നുകയറിയ സഹ്യാദ്രിശൃംഗങ്ങൾ, ശൈലാദ്രികാടുകളിൽ നിന്നും ഇണങ്ങിയും പിണങ്ങിയും കുതിച്ചു ചാടുന്ന അരുവിയും പുഴകളും, കുറുമി പാറകളിൽ തട്ടിയും മുട്ടിയും കുസൃതികൾ മെനയുന്ന കോതയാറിന്റെ പ്രവാഹവും ഒന്നുചേരുന്ന തൃപ്പരപ്പിന്റെ വിരിമാറിലൊരു വെള്ളച്ചാട്ടം.

പശ്ചിമഘട്ട മലനിരകളിൽ അഗസ്ത്യ മാമുനിയുടെ കരസ്പർശങ്ങളിലൊന്നായ കോതയാർ കാടുകളുടെ നിത്യശീതള പ്രവാഹമാണ് ഇന്ന് തൃപ്പരപ്പ്.

കാലം കൊടുംചൂടിൽ വിയർക്കുമ്പോൾ സാന്ത്വനം തേടിയെത്തുന്ന സഞ്ചാരികൾക്ക് കുളിർകോരുന്ന തെളിനീർ ഇവിടെ സ്വന്തം. കാലവും ചരിത്രവും ചവിട്ടിപ്പോയ കൽപ്പടവുകൾ, ശിലാപാളികൾ, ശിലയിൽ ഉയർന്ന അമ്പലമേടുകൾ, പൂർണത വരക്കുന്ന ശിലയുടെ മഹാദേവക്ഷേത്രം. കുളിക്കടവിലുടനീളം കൽമണ്ഡപങ്ങൾ. അനുയോജ്യ കൽപാലങ്ങൾ, രാജകീയ സ്നാനാലയങ്ങൾ, നീരാട്ടുകടവുകൾ, പ്രാഗ്സ്മരണകളിലെ ശിലാശിൽപങ്ങൾ, ഗുഹാമുഖങ്ങൾ. പഞ്ചാക്ഷരി മന്ത്രമോതുന്ന കാറ്റിന് പിച്ചിയും തെച്ചിയും പവിഴമല്ലിയും സുഗന്ധം പൂശുന്നു.

പ്രകൃതിയിലേക്ക് തുറന്നുവെച്ച മനസ്സുമായി വരുന്ന സഞ്ചാരിക്ക് ആനന്ദത്തിന്റെ തിരകളുണർത്താൻ തൃപ്പരപ്പിന്റെ നീലിമയാർന്ന വിശാല



തയും നിറഞ്ഞൊഴുകുന്ന വെള്ളച്ചാട്ടവും ശിൽപങ്ങളും മതിയാകും. എപ്പോഴും ശീതളിമയുടെ നൂറുമേനി വിളയുന്ന ഇവൾ കോപിച്ചാൽ ആധുനികതയുടെ പടവുകളെല്ലാം എടുത്തെറിയപ്പെടും. രാജസ്പർശമേറ്റ നിർമിതികൾക്ക് ഒരു പോറലുമില്ല. തിമിർത്തു ചൊരിയുന്ന മാരികണങ്ങൾ കലിതുള്ളിച്ച ചരിത്രങ്ങൾ ഏറെ ഇവൾക്കു പറയാനുണ്ട്.

2009-10 ൽ പെയ്തിറങ്ങിയ പേമാരി തൃപ്പരപ്പിന്റെ പുതുമയൊന്നാകെ അപഹരിച്ചു. കുട്ടികളുടെ ഉദ്യാനം, നീന്തൽക്കുളം, സുരക്ഷാഭിത്തികളും മലവെള്ളമെടുത്തു. കലുങ്കും കൈവരികളും പുതിയ വിശ്രമ സങ്കേതങ്ങളും ഒലിച്ചു പോയി. എന്നാൽ രാജഭരണകാലത്ത് ശിലാപാളികളിൽ നിർമിച്ച നടപ്പാലങ്ങൾ, സ്നാന മണ്ഡപങ്ങൾ, വിശ്രമമന്ദിരങ്ങളും പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്ന കാഴ്ച ചരിത്ര സാക്ഷ്യങ്ങളായി.

## ഐതിഹ്യങ്ങളും ചരിത്രവും

സംഘകാല രാജാക്കന്മാർ ആറാട്ടിനും നീരാട്ടിനുമായി തൃപ്പരപ്പിലെത്തുക പതിവായിരുന്നു. വേനൽക്കാല നീരാട്ടായിരുന്നു ഇവർക്ക് ഏറെ പ്രിയങ്കരം.

ചോള-പാണ്ഡ്യ രാജാക്കന്മാരുടെ കാലത്താണ് തൃപ്പരപ്പ് മഹാദേവ ക്ഷേത്രവും അനുബന്ധ സുരക്ഷാകവചങ്ങളും നിർമിച്ചതെന്ന് എഴുതപ്പെടാത്ത ചരിത്രസാക്ഷ്യം.

ഗുഹാമുഖങ്ങൾ, നീരാട്ടുകടവ്, കൽപ്പടവുകൾ, കൽപാലങ്ങൾ, ശിലാപാളികളിലെ വിശ്രമസങ്കേതങ്ങളും ഉദ്യാനപാർക്കും പാണ്ഡ്യരാജാക്കന്മാർ നിർമിച്ചതാണെന്ന് ചെമ്പോട് ലിഖിതങ്ങളെ ഉദ്ധരിച്ച് മുൻതലമുറക്കാർ വാചാലരാകുന്നു.

വിഴിഞ്ഞം ഭരിച്ചിരുന്ന കർണൻ തടേക്കൻ രാജാവാണ് തൃപ്പരപ്പിലെ നിർമിതികൾക്കു പിന്നിലെന്ന് മലയാണ്മ ലിപികളിൽ കാണുന്നുവെന്ന അഭിപ്രായവും നിലനിൽക്കുന്നു.

രാജാവിന്റെ കൊട്ടാര കാര്യസ്ഥനായ ഉദയവർമൻ ചേന്നൻ (അന്ന് നാടാർ സമുദായം ചേന്നൻ, സാനർ, സാനോർ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു). തൃപ്പരപ്പിൽ രാജകീയ വരവേൽപ്പിനുവേണ്ടി പണികഴിച്ച ശിൽപചാതുര്യങ്ങളാണിവയെന്നും അവകാശപ്പെടുന്നവരുണ്ട്.

മേൽക്കൂര, ചുമരുകൾ, അടിത്തറയും ശിൽപ്പങ്ങളും സ്തൂപികയുമെല്ലാം കൂറ്റൻ ശിലകളിൽ കൊത്തിയെടുത്തവയാണ്. കാലത്തെ വെല്ലുന്ന ഈ ശിൽപമഹിമ ചരിത്രകാർക്കും വിദ്യാർഥികൾക്കും ഏറെ അറിവുപകരുന്നു.

തൃപ്പാപ്പൂർ രാജകുടുംബങ്ങളുടെ അധീനതയിൽ തൃപ്പരപ്പ് ആധികാരികമുടി ചൂടിയതോടെ അതിന്റെ പ്രതാപങ്ങൾക്കും മാറ്റുകൂട്ടി. ഇവിടെ നിന്നും കുലശേഖരം, തിരുവട്ടാർ എന്നീ മലയോര പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളും ഇടപ്പാതകളും അക്കാലത്ത് നിർമിക്കപ്പെട്ടു. തൃപ്പരപ്പ് പുഴയുടെ വീതിയും ആഴവും വർധിപ്പിച്ചു. ആറ്റിൽനിറയെ കാണപ്പെട്ടിരുന്ന പാറക്കൂട്ടങ്ങൾ പൊട്ടിച്ചുമാറ്റിയും കരകൾ ഇടിച്ചും ജലപ്പരപ്പ് അതിവിശാലമായപ്പോൾ പ്രകൃതിരമണീയതയ്ക്ക് പത്തരമാറ്റ്.

രാജോചിത ഉദ്യാനങ്ങളും പ്രത്യേകം സജീകരിക്കപ്പെട്ട കുളിക്കടവുകളും കൽപ്പടികളും വികസനത്തിന്റെ പാതയൊരുക്കി. മറുകരയെ ബന്ധിപ്പിക്കുന്ന നടപ്പാലവും അക്കാലത്ത് നിർമിക്കപ്പെട്ടതാണെന്ന് പറയപ്പെടുന്നു.

തിരുവിതാംകൂറിന്റെ പിറവിയോടെ ഈ ഐശ്വര്യപ്പരപ്പ് തിരുവട്ടാർ, ശുചീന്ദ്രം ക്ഷേത്രം, കന്യാകുമാരിയുമെല്ലാം അനന്തപുരിയുടെ പതാക വഹിച്ചു.

കന്യാകുമാരി ജില്ലയിലെ പന്ത്രണ്ട് ശിവക്ഷേത്രങ്ങളിലൊന്നായ തൃപ്പരപ്പ് ക്ഷേത്രത്തിനുള്ളിൽ നിന്നും വെള്ളച്ചാട്ടത്തിലേക്ക് തൃപ്പാപ്പൂർ രാജവംശം വിശാലമായൊരു ഗുഹ നിർമിച്ചിരുന്നു. ശ്രീഭൂതബലി അർപ്പിക്കുന്നതിനുവേണ്ടി രാജകുടുംബത്തിൽപ്പെട്ട എട്ടുപേർ ഗുഹക്കുള്ളിൽ പ്രവേശിച്ചു. മണിക്കൂറുകൾ പലതുകഴിഞ്ഞിട്ടും ആരും മടങ്ങിവന്നില്ല. അന്വേഷണവും തിരച്ചിലും ദിവസങ്ങളോളം നടന്നു. ആരെയും കണ്ടെത്തിയില്ല. ആ ദുരന്തത്തിനുശേഷം ഗുഹാകവാടം എന്നന്നേക്കുമായി അടഞ്ഞതായി പറയപ്പെടുന്നു.

ഇപ്പോൾ തൃപ്പരപ്പിന്റെ മുഖം ഏറെ മിനുങ്ങി. പാർക്കുകൾ, വിശ്രമസ്ഥലങ്ങൾ, കുളിക്കടവുകൾ, വിശാലമായ പാർക്കിങ്, ഹോട്ടൽ ശൃംഖലകളും, വഴിയോര വിപണന കേന്ദ്രങ്ങളുമെല്ലാമായി വളർച്ചയുടെ ശ്രേണിയിൽ മുന്നേറുകയാണ് ഈ സഞ്ചാരകേന്ദ്രം.

വെള്ളച്ചാട്ടത്തിൽ കുളിക്കുന്നതിന് പത്തു രൂപ ഫീസ് നൽകണം. വാഹന പാർക്കിങ്ങിന് അഞ്ചു മുതൽ അൻപതു രൂപ വരെ വാങ്ങുന്നുണ്ട്. ഇരുചക്ര വാഹനങ്ങൾ അഞ്ചു മുതൽ പത്തു രൂപവരെ നൽകണം. ഹോട്ടലുകളിലും മറ്റു വിപണന കേന്ദ്രങ്ങളിലും തിരക്കനുസരിച്ച് വിലകൾ കൂടും.



തിരുവനന്തപുരത്തു നിന്നും നെയ്യാറ്റിൻകര-മാർത്താണ്ഡം-കുലശേഖരം വഴിയും കാട്ടാക്കട-വെള്ളറട-കടുക്കറ വഴിയും തൃപ്പരപ്പിലെത്താം. നെയ്യാറ്റിൻകരവഴി 74 കിലോമീറ്ററും വെള്ളറട വഴി 62 കിലോമീറ്ററും സഞ്ചരിച്ചാൽ തൃപ്പരപ്പിലെത്താം. ■




പട്ടികജാതി വകുപ്പിന്റെ കീഴിൽ പാലക്കാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു

# പാലക്കാടിന്റെ സ്വപ്നസാഫല്യമായി സർക്കാർ മെഡിക്കൽ കോളേജ്

പാലക്കാട് ജില്ലയുടെ സ്വപ്നമായ സർക്കാർ മെഡിക്കൽ കോളേജിന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ശിലാസ്ഥാപനം നിർവഹിച്ചു. ആരോഗ്യമേഖലയിൽ പരിമിതമായ സൗകര്യം മാത്രമുള്ള ജില്ലയിലെ ജനങ്ങൾ ചടങ്ങിനെ ഉത്സവഛായയിൽ മുക്കി.

എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന സംസ്ഥാന സർക്കാറിന്റെ ബജറ്റ് വാഗ്ദാനം പൂർത്തിയാക്കുന്ന ഒരു പടവ് കൂടിയായിരുന്നു ജനുവരി 14ന് യാക്കരയിൽ സർക്കാർ മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത സ്ഥലത്ത് നടന്ന ചടങ്ങ്.

മെഡിക്കൽ കോളേജ് മാത്രമല്ല, കഞ്ചിക്കോട്ടെ നിർദിഷ്ട കോച്ച് ഫാക്ടറിയുടെ നിർമാണപ്രവർത്തനങ്ങളും ഉടൻ ആരംഭിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ വൻ കരഘോഷത്തോടെയാണ് ജനം വരവേറ്റത്. കേരളത്തിന്റെ മറ്റൊരു സ്വപ്നമായ ഐ.ഐ.ടിയും പാലക്കാട്ട് തന്നെയെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നിർമിക്കുന്ന മെഡിക്കൽ കോളേജ് ഇതരസംസ്ഥാനങ്ങൾക്കും മാതൃകയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വകുപ്പു മന്ത്രി എ.പി. അനിൽകുമാർ ചൂണ്ടിക്കാട്ടി.

250 കോടി രൂപ ചെലവിട്ട് നിർമിക്കുന്ന മെഡിക്കൽ കോളേജ് 2014 മേയിൽ പൂർണമായും പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷ. ഷെഡ്യൂൾഡ് കാസ്റ്റ്സ് കംപോണന്റ് പ്ലാൻഡ് ഫണ്ടിൽനിന്നാണ് നിർമാണപ്രവർത്തനങ്ങൾക്കാവശ്യമായ പണം കണ്ടെത്തുന്നത്.

റസിഡൻഷ്യൽ സൗകര്യവും മെഡിക്കൽ കോളേജിൽ താമസിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ മറ്റ് സജ്ജീകരണങ്ങളുമുള്ള സംരംഭമാണ് വിഭാവനം ചെയ്യുന്നത്. സൗരോർജം, കാറ്റ് എന്നിങ്ങനെയുള്ള പാരമ്പര്യ ഊർജമാർഗങ്ങളെ ആശ്രയിച്ചുകൊണ്ട് പൂർണമായും ഹരിതസൗഹൃദമായ കെട്ടിടമാണ് പണി കഴിക്കുന്നത്.

ആരോഗ്യവിദ്യാഭ്യാസ മേഖലയിൽ മറ്റു സ്ഥാപനങ്ങൾക്ക് ഈ മെഡിക്കൽ കോളേജ് ഭാവിയിൽ മാതൃകയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കോളജിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന് കീഴിലുള്ള ഹോസ്പിറ്റൽ സർവീസസ് ആൻഡ് കൺസ്ട്രക്ഷൻ കോർപറേഷനെ (എച്ച്.എസ്.എസ്.സി) തെരഞ്ഞെടുത്തിട്ടുണ്ട്.

മെഡിക്കൽ കോളേജ് സ്പെഷൽ ഓഫീസർ എസ്. സുബ്ബയ്യ റിപ്പോർട്ട് അവതരിപ്പിച്ചു. എം.പിമാരായ എം.ബി. രാജേഷ്, പി.കെ. ബിജു, എം.എൽ.എമാരായ കെ. അച്യുതൻ, സി.പി. മുഹമ്മദ്, വി.ടി. ബൽറാം, കെ.വി. വിജയദാസ്, എൻ. ഷംസുദ്ദീൻ, വി. ചെന്താമരാക്ഷൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ, ജില്ലാ കലക്ടർ പി.എം. അലി അസ്ഗർ പാഷ, മുനിസിപ്പൽ ചെയർമാൻ എ. അബ്ദുൾഖുദ്ദൂസ് എന്നിവർ പ്രസംഗിച്ചു. ഷാഫി പറമ്പിൽ എം.എൽ.എ സ്വാഗതവും പട്ടികജാതി-പട്ടികവർഗ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ നന്ദിയും പറഞ്ഞു.

**സി. അയ്യപ്പൻ**
*ജില്ലാ ഇൻഫർമേഷൻഓഫീസർ, പാലക്കാട്*

# ജൈവവൈവിധ്യ പ്രദർശനം

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 ഡിസംബർ 21 മുതൽ 30 വരെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ സംഘടിപ്പിച്ച ദേശീയ ജൈവവൈവിധ്യ പ്രദർശനത്തിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ സ്റ്റാൾ ശ്രദ്ധനേടി. കേരളത്തിൽ കാണുന്ന വിവിധ മണ്ണിനങ്ങൾ, മൺ ശ്രേണികളുടെ മോണോലിത്തുകൾ, സൂക്ഷ്മമായ കളിമണ്ണു മുതൽ പാറക്കഷണം വരെയുള്ള വിവിധ വലിപ്പത്തിലുള്ള മൺതരികൾ എന്നിവ കാണികൾക്ക് പുതുമയും അതിശയവും പകർന്നു. കേരളം ഇന്നു നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളെയും നൂതന മണ്ണ്, ജലസംരംക്ഷണ മാർഗങ്ങളെയും കുറിച്ചുള്ള ചിത്രങ്ങൾ, നീർത്തടഭൂപടങ്ങൾ എന്നിവ മേളയിൽ പ്രദർശിപ്പിച്ചിരുന്നു. സമഗ്രവും സംയോജിതവുമായ പരിപാലനമുറകൾ അവലംബിച്ചുകൊണ്ടുള്ള നീർത്തടത്തിന്റെ മാതൃക കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വിജ്ഞാനപ്രദമായി.




ഇവകൂടാതെ ശാസ്ത്രീയ മണ്ണുപരിശോധനയ്ക്കായി മണ്ണ് സാമ്പിളുകൾ ശേഖരിക്കേണ്ടവിധം പ്രതിപാദിക്കുന്ന ലഘുലേഖകളും വകുപ്പ് പ്രസിദ്ധീകരിച്ച ഭൂവിഭവ റിപ്പോർട്ടുകളും നിരവധി കൈപ്പുസ്തകങ്ങളും ശാസ്ത്രീയ ഗ്രന്ഥങ്ങളും മേളയിൽ ലഭ്യമായിരുന്നു.

ദേശീയ ജൈവവൈവിധ്യ എക്സ്പോയുടെ ഭാഗമായി വകുപ്പ് ഒരുക്കിയ പ്രദർശനം സർക്കാർ വകുപ്പുകളുടെ വിഭാഗത്തിൽ രണ്ടാംസ്ഥാനം നേടി.

# മങ്കട മണ്ഡലത്തിൽ സർട്ടിഫിക്കറ്റുകൾ വിരൽത്തുമ്പിൽ

മങ്കടക്കാർക്കിനി സർട്ടിഫിക്കറ്റിനായി പഞ്ചായത്ത് ഓഫീസുകൾ കയറിയിറങ്ങേണ്ട. മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ മൗസ് ക്ലിക്കിൽ ലഭിക്കും. സമ്പൂർണ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഇന്ത്യയിലെ പ്രഥമ മണ്ഡലമാണ് മങ്കട. സമ്പൂർണ ഡിജിറ്റൈസേഷൻ പ്രഖ്യാപനം സാമൂഹിക നീതി മന്ത്രി ഡോ. എം.കെ. മുനീർ നിർവഹിച്ചു. പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ എസ്.എം.എസ് വഴി ലഭിക്കാൻ ഉടൻ സംവിധാനമൊരുക്കുമെന്ന് മന്ത്രി പറഞ്ഞു. ടി.എ അഹമ്മദ് കബീർ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എം.സി മോഹൻദാസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

മണ്ഡലത്തിലെ വിവാഹ, ജനന-മരണ സർട്ടിഫിക്കറ്റുകൾ അടക്കം പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭിക്കും. ലോകത്തിന്റെ ഏത് ഭാഗത്ത് നിന്നും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കാം. ഓൺലൈൻ വഴിയാണ് സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷ നൽകേണ്ടതും. രണ്ട് മിനിറ്റാണ് ഒരു സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എടുക്കുന്ന സമയം. വ്യത്യസ്ത ബാർകോഡാണ് ഓരോ സർട്ടിഫിക്കറ്റിനും നൽകുന്നത്. ബാർകോഡ് ഉപയോഗിച്ച് സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പ് വരുത്താനും സാധിക്കും.

സമ്പൂർണ ഡിജിറ്റൈസേഷൻ നടപ്പിലാക്കിയ ജില്ലയിലെ ആദ്യ പഞ്ചായത്ത് മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പാണ്. 2011 നവംബർ 17നാണ് മക്കരപ്പറമ്പ് സമ്പൂർണ ഡിജിറ്റൈസേഷൻ പഞ്ചായത്തായി പ്രഖ്യാപിച്ചത്. ജില്ലയിലെ നാൽപതോളം പഞ്ചായത്തുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി അവസാന ഘട്ടത്തിലാണ്.



മങ്കട മണ്ഡലത്തിൽ സമ്പൂർണ ഡിജിറ്റൈസേഷൻ പ്രഖ്യാപനം മന്ത്രി എം.കെ. മുനീർ നിർവഹിക്കുന്നു

മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. ഉസ്മാൻ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങളായ ഉമ്മർ അറക്കൽ, സലീം കുരുവമ്പലം, സക്കീന പുൽപ്പാടൻ, കുറുവ പഞ്ചായത്ത് പ്രസിഡന്റ് കെ. ജുവൈരിയ, മക്കരപ്പറമ്പ് പഞ്ചായത്ത് പ്രസിഡന്റ് പി. മുഹമ്മദ് മാസ്റ്റർ, പുഴക്കാട്ടിരി പഞ്ചായത്ത് പ്രസിഡന്റ് കെ. സുബൈദ, മങ്കട പഞ്ചായത്ത് പ്രസിഡന്റ് ടി. അബ്ദുൽ കരീം, കൂട്ടിലങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് എൻ.കെ മുഹമ്മദ് അഷ്റഫ്, അങ്ങാടിപ്പുറം പഞ്ചായത്ത് പ്രസിഡന്റ് കോറാടൻ റംല, മൂർക്കനാട് പഞ്ചായത്ത് പ്രസിഡന്റ് എം.റ്റി സലീന, ജില്ലാ പഞ്ചായത്തംഗം ഇ. പാത്തുമ്മക്കുട്ടി ടീച്ചർ, പഞ്ചായത്ത് അസി. ഡയറക്ടർ ജോസ് മാത്യു, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.എം ഷംസുദ്ദീൻ, ജില്ലാ കോഡിനേറ്റർ എം.പി. രാജൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സി.എൻ ബാബു എന്നിവർ സംസാരിച്ചു.

# സുതാര്യ കേരളം തങ്കച്ചന് ആലംബമായി

കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിലെ തങ്കച്ചൻ പുതുപ്പറമ്പിലിന് മുഖ്യമന്ത്രിയുടെ സുതാര്യകേരളം അനുഗ്രഹമായി. സുതാര്യകേരളം വഴി അനുവദിച്ച മോട്ടോർ വീൽ ചെയർ ഗ്രാമ വികസന - പബ്ളിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫ് കണ്ണൂർ കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ കൈമാറി. മരം വെട്ട് തൊഴിലാളിയായ തങ്കച്ചൻ ജോലിക്കിടെ അപകടത്തിൽ പെട്ട് അരക്ക് കീഴ്പോട്ട് തളർന്ന അവസ്ഥയിലായിരുന്നു. ആറുവർഷം മുമ്പായിരുന്നു സംഭവം. മുഖ്യമന്ത്രിയുടെ സുതാര്യകേരളത്തിൽ നൽകിയ പരാതി പ്രകാരം ആവശ്യമായ ചികിത്സാ സഹായം, ലോട്ടറി വിറ്റ് ഉപജീവനത്തിനായി മോട്ടോർ വീൽ ചെയർ എന്നിവ ആവശ്യപ്പെട്ടിരുന്നു. ചെറുപുഴയിൽ എട്ടാംവാർഡിൽപ്പെട്ട മീന്തുള്ളി റവന്യൂവിലാണ് തങ്കച്ചൻ നിരാലംബനായി താമസിക്കുന്നത്. കണ്ണൂർ ജില്ലാ കളക്ടർ ഡോ. രത്തൻ കേൽക്കറുമായും പരാതിക്കാരനായ തങ്കച്ചനുമായും മുഖ്യമന്ത്രി ഉമ്മൻചാണ്ടി വീഡിയോ കോൺഫറൻസ് വഴി സംസാരിക്കുകയും സഹായം അനുവദിക്കുന്നതിന് കളക്ടർക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു.

സുതാര്യകേരളം വഴി പ്രഖ്യാപിച്ച സൗജന്യ ചികിത്സ, വാട്ടർ ബെഡ് എന്നിവ എൻ.ആർ.എച്ച്.എം. മുഖേനയും ബി.പി.എൽ. റേഷൻ കാർഡും ഇതിനകം അനുവദിച്ചു. എസ്.ബി.ടി.യുടെ സ്പോൺസർഷിപ്പിലാണ് മോട്ടോർ വീൽ ചെയർ അനുവദിച്ചത്. മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടി യഥാർഥത്തിൽ ജനങ്ങളുടെ പരാതിക്ക് പരിഹാരം കണ്ടെത്തുന്ന മഹത്സംവിധാനം തന്നെയാണെന്ന് ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് ചടങ്ങിൽ ചൂണ്ടിക്കാട്ടി.



സുതാര്യകേരളം വഴി അനുവദിച്ച മോട്ടോർ വീൽചെയർ മന്ത്രി കെ.സി. ജോസഫ് തങ്കച്ചന് കൈമാറുന്നു

കളക്ടറേറ്റ് അങ്കണത്തിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ഡോ. രത്തൻ കേൽക്കർ, എ.ഡി.എം. സുരേഷ് ജോസഫ്, ഡി.എം.ഒ. ഡോ. ആർ. രമേഷ്, ചെറുപുഴ പഞ്ചായത്ത പ്രസിഡണ്ട് റോഷി ജോസ്, എസ്.ബി.ടി. ഡി.ജി.എം. നെമിരാജ, എ.ജി.എം. പി.വി. സുരേന്ദ്രൻ, ചീഫ് ജനറൽ മാനേജർ നാരായണ നായിക്, എസ്.ബി.ടി. എംപ്ലോയീസ് യൂണിയൻ വൈസ് പ്രസിഡണ്ട് സി. ഉമേശൻ തുടങ്ങിയവർ സംബന്ധിച്ചു.

***സുഗതൻ. ഇ.വി.,***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

ജില്ലകളിലൂടെ

# സംസ്ഥാന ഊർജസംരക്ഷണ പുരസ്കാരങ്ങൾ



സംസ്ഥാന ഊർജസംരക്ഷണ പുരസ്കാരങ്ങൾ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിതരണം ചെയ്യുന്നു.

കേരളത്തിൽ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സർക്കാർ ഏർപ്പെടുത്തിയ സംസ്ഥാന ഊർജസംരക്ഷണ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഡിസംബർ 14 ന് തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ് പുരസ്കാരങ്ങൾ സമ്മാനിച്ചത്.

കേരളത്തിലെ വ്യവസായങ്ങളിൽ എനർജി മാനേജർമാരെ നിയോഗിച്ച് ഊർജ സംരക്ഷണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

അവാർഡിനുവേണ്ടിയുള്ള അപേക്ഷകർ കഴിഞ്ഞ വർഷം നേടിയ ഊർജ ലാഭം 35 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 9975 ടൺ കൽക്കരിയും 547 ടൺ ഓയിലും രണ്ടു ടൺ എൽ.പി.ജിയും 9551 ടൺ വിറകുമാണ്.

13 വിഭാഗങ്ങളിലായി പ്രഖ്യാപിച്ച പുരസ്കാരങ്ങളിൽ വൻകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റും ഇടത്തരം ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡും, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിഭാഗത്തിൽ എനർജി കൺസർവേഷൻ സൊസൈറ്റിയും കെട്ടിടങ്ങളുടെ വിഭാഗത്തിൽ ബി.എസ്.എൻ. എൽ. കൊച്ചിയും ഊർജകാര്യക്ഷമ ഉപകരണ നിർമാതാക്കളുടെ വിഭാഗത്തിൽ അമ്മിണി എനർജി സിസ്റ്റംസും ഊർജ ക്ലിനിക് വാളണ്ടിയർ വിഭാഗത്തിൽ ത്രേസ്യാമ്മ ബേബിയും പുരസ്കാരങ്ങൾ നേടി.

എം.ആർ.എഫ്. കോട്ടയം, അപ്പോളോ ടയേഴ്സ് തൃശൂർ, കോക്കനട്ട് ലഗൂൺ, ലിക്വിഡ് പ്രൊപ്പൽഷൻ സെന്റർ, ദിനേശ് ഫുഡ്സ്, ഐ.ആർ.ടി.സി., കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ, ടീം സസ്റ്റൈൻ, സന്തോഷ് സി.ജെ., കെ. സോമൻ, എസ്. രത്നകുമാരൻ, ബി. സുരേന്ദ്രൻ, കിംസ്, വി ഗാർഡ്, ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, സെമിലോൺ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, അജിത് അസോസിയേറ്റ്സ്, ജെസ്സി ജെ. തട്ടിൽ, ദ് വില്ലേജ് ഇൻർനാഷണൽ സ്കൂൾ, ടോക്ക് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നീ സ്ഥാപനങ്ങളും വ്യക്തികളും ഊർജ സംരക്ഷണ പ്രശസ്തിപത്രത്തിന് അർഹതനേടി.

ഇന്നത്തെ സാഹചര്യത്തിൽ ഉത്പാദനത്തേക്കാൾ പ്രാധാന്യം ഊർജസംരക്ഷണത്തിന് നൽകേണ്ടതാണെന്നും അവാർഡിനർഹരായ വ്യവസായങ്ങൾ ലാഭിച്ച വൈദ്യുതി കണക്കിലെടുക്കുമ്പോൾ കേരളത്തിലെ നിലവിലുള്ള വൈദ്യുതി കമ്മി പരിഹരിക്കുന്നതിന് ഊർജസംരക്ഷണം കൊണ്ടു സാധിക്കുമെന്നും ചടങ്ങിൽ അധ്യക്ഷതവഹിച്ച വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാട്ടി.

അവാർഡ് ജേതാക്കളുടെ പ്രവർത്തങ്ങളെക്കുറിച്ചുള്ള കൈപ്പുസ്തകം കെ.എസ്.ഇ.ബി ചെയർമാൻ എം. രവിശങ്കറിന് നൽകി കെ. മുരളീധരൻ എം.എൽ.എ. പ്രകാശനം ചെയ്തു.

പ്രൊഫ. കെ. രവി, ഡോ. ജപമാലൈ വിനാഞ്ചി ആരാച്ചി, അനെർട്ട് ഡയറക്ടർ പി.വി. വത്സരാജ്, ജപ്പാൻ കൾച്ചറൽ ആൻഡ് ഇൻഫർമേഷൻ സെന്റർ, ചെയർ മാൻ, എസ്. രത്നകുമാർ, ഡോ. എം. ജയരാജ്, എ.എം. നാരായണൻ എന്നിവർ സംസാരിച്ചു.

# പൈതൽമല ടൂറിസം കോംപ്ലക്സ് ഉടൻ വൈദ്യുതീകരിക്കും : ടൂറിസം മന്ത്രി



പശ്ചിമഘട്ട മഹോത്സവം മന്ത്രി എ.പി. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി കെ.സി. ജോസഫ് സമീപം

പൈതൽമലയിലെ ടൂറിസം കോംപ്ലക്സ് വൈദ്യുതീകരണത്തിന് ഉടൻ നടപടിയെടുക്കുമെന്ന് ടൂറിസം മന്ത്രി എ.പി. അനിൽകുമാർ പ്രസ്താവിച്ചു. പൈതൽമല ടൂറിസം കൺസോർഷ്യം സംഘടിപ്പിച്ച പശ്ചിമഘട്ട മഹോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പൈതൽമല റോഡ് ടൂറിസം വകുപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ബജറ്റിൽ തുക വകയിരുത്തുമെന്നും അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് നൽകാൻ നടപടിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ അധ്യക്ഷത വഹിച്ച സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് മുന്നോട്ട് വെച്ച ആവശ്യങ്ങൾ സംബന്ധിച്ച മറുപടിയിലാണ് റോഡു വികസനത്തെപ്പറ്റി മന്ത്രി പ്രഖ്യാപനം നടത്തിയത്. മലയോര ടൂറിസത്തിൽ പൈതൽമലയോളം സാധ്യതയുള്ള മറ്റൊരു കേന്ദ്രം ഉത്തര മലബാറിലില്ലെന്ന് അധ്യക്ഷ പ്രസംഗത്തിൽ മന്ത്രി കെ.സി. ജോസഫ് അഭിപ്രായപ്പെട്ടു. ഇവിടത്തെ വികസനത്തിന് പ്രധാന തടസ്സം യാത്രാ സൗകര്യത്തിന്റെ അപര്യാപ്തതയാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടി ഉണ്ടായാലേ വികസനം സാധ്യമാകു

# വിവേകാനന്ദന് സ്മരണാഞ്ജലിയായി വൈവിധ്യമാർന്ന പരിപാടികൾ

**സ്വാ**മി വിവേകാനന്ദന്റെ 150 ാം ജന്മവാർഷികത്തിന്റ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കണ്ണൂർ ജില്ലയിൽ സംഘടിപ്പിച്ച പരിപാടികൾ വൈവിധ്യവും ജനപങ്കാളിത്തവും കൊണ്ട് ശ്രദ്ധേയമായി. ദീപശിഖാ പ്രയാണം, സെമിനാറുകൾ, സ്ത്രീസുരക്ഷാ പരിശീലനം, ക്വിസ് മത്സരങ്ങൾ എന്നിങ്ങനെ നിരവധി പരിപാടികളാണ് സംഘടിപ്പിച്ചത്.

കാസർകോട്ട് നിന്ന് ആരംഭിച്ച് കന്യാകുമാരിവരെയുള്ള വിവേകാനന്ദ ദീപശിഖാപ്രയാണത്തിന് ജനുവരി 14, 15 തീയതികളിൽ ജില്ലയിൽ 20 ലേറെ കേന്ദ്രങ്ങളിലാണ് സ്വീകരണം ഒരുക്കിയത്. 14 ന് രാവിലെ കണ്ണൂർ മുനിസിപ്പൽ ഹയർ സെക്കൻഡറി സ്കൂളിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ: കെ.എ. സരള, കണ്ണൂർ നഗരസഭാ ചെയർപേഴ്സൺ എം.സി. ശ്രീജ എന്നിവർ ദീപശിഖ ഏറ്റുവാങ്ങി സന്നദ്ധ ഭടന്മാർക്ക് കൈമാറി. ശിരസ്തദാർ കെ. രാധാകൃഷ്ണൻ, പ്രിൻസിപ്പൽ വാസുദേവൻ നമ്പൂതിരി, കെ. രാജൻ മാസ്റ്റർ, ഭാരതീയ വിചാരകേന്ദ്രം ജില്ലാ അധ്യക്ഷൻ എൻ.കെ. കൃഷ്ണൻ മാസ്റ്റർ, നെഹ്റു യുവകേന്ദ്ര, വിവേകാനന്ദ സാംസ്കാരിക വേദി ഭാരവാഹികൾ, വിദ്യാർഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കാളികളായി.

കണ്ണൂർ ഗവൺമെന്റ് വി.എച്ച്.എസ്സിൽ നടത്തിയ വിവിധ ജില്ലാതല മത്സരങ്ങളിൽ മയ്യിൽ ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ്സിലെ ഇ.കെ. അരുണിമയും ഉർസുലിൻ സീനിയർ സെക്കൻഡറി സ്കൂളിലെ പി. നേഖയും ഒന്നാമതെത്തി. പ്രസംഗ-പ്രബന്ധമത്സരങ്ങളിൽ അരുണിമ ഒന്നാം സ്ഥാനം നേടിയപ്പോൾ ഇരുവിഭാഗങ്ങളിലും ഉളിക്കൽ ഫ്ളവററ്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കെ.എസ്. ക്രിസ്റ്റിൻ രണ്ടാം സ്ഥാനം നേടി. ക്വിസ് മത്സരത്തിൽ കണ്ണൂർ ഉർസുലിൻ സീനിയർ സെക്കൻഡറി സ്കൂളിലെ പി. നേഖ ഒന്നാം സ്ഥാനം നേടി. പള്ളിക്കുന്ന് ഗവൺമെന്റ് എച്ച്.എസ്.എസ്സിലെ വി. ആകാശിനാണ് രണ്ടാം സ്ഥാനം. വിവിധ വിദ്യാലയങ്ങളിൽ നടന്ന മത്സരങ്ങളിലെ ജേതാക്കളാണ് ജില്ലാതല മത്സരങ്ങളിൽ പങ്കെടുത്തത്.




സ്വാമി വിവേകാനന്ദന്റെ 150 ാം ജന്മവാർഷികത്തിന്റ ഭാഗമായി നടന്ന കണ്ണൂർ ജില്ലാതല സെമിനാർ ഡെപ്യൂട്ടി കളക്ടർ വി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച സ്വാമി വിവേകാനന്ദൻ ജീവിതവും ഉപദേശങ്ങളും എന്ന പുസ്തകത്തെ ആസ്പദമാക്കി കടമ്പൂർ നോർത്ത് യു.പി. സ്കൂളിൽ നടത്തിയ ക്വിസ് നവ്യാനുഭവമായി. ജീവകാന്തം സൊസൈറ്റിയുടെ സഹകരണത്തോടെ നടന്ന പരിപാടിയിൽ എം.എസ്. ആനന്ദ് അധ്യക്ഷത വഹിച്ചു. കടമ്പൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം.വി. മുകുന്ദൻ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. എം.എം. സുരേഷൻ മാസ്റ്റർ, എ.വി. അനിൽകുമാർ, കെ.വി. ജയരാജൻ മാസ്റ്റർ, മോഹനൻ കോറോത്ത് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

കണ്ണൂർ പഞ്ചായത്ത് ഭവൻ ഹാളിൽ നടന്ന ജില്ലാതല സെമിനാർ ഡെപ്യൂട്ടി കളക്ടർ വി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ശിരസ്തദാർ കെ. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ ആകാശവാണി പ്രോഗ്രാം മേധാവി കെ. ബാലകൃഷ്ണൻ ഭാരതീയ വിചാരകേന്ദ്രം പ്രതിനിധി എൻ.കെ. കൃഷ്ണൻ പാരലൽ കോളേജ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി കെ.എൻ. രാധാകൃഷ്ണൻ എന്നിവർ പ്രഭാഷണം നടത്തി. ജില്ലാ ഇൻഫർമേഷൻ ഓഫീസർ സുഗതൻ ഇ.വി. സ്വാഗതവും അസിസ്റ്റന്റ് എഡിറ്റർ എൻ. രാജേഷ് നന്ദിയും പറഞ്ഞു.

കയുള്ളൂവെന്നും കെ.സി. ജോസഫ് പറഞ്ഞു. എല്ലാ വർഷവും നടത്തുന്ന വലിയ മേളയാക്കി പശ്ചിമഘട്ട മഹോത്സവം നടത്താൻ ടൂറിസം വകുപ്പിന്റെ പിന്തുണയും മന്ത്രി തേടി. ഫാ. കുര്യാക്കോസ് കളരിക്കൽ, പ്രൊഫ. ഇ. കുഞ്ഞിരാമൻ, കെ.സി. കടമ്പൂരാൻ, ചന്ദ്രൻ തില്ലങ്കേരി, മാർഗരറ്റ് മാത്യു തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ബ്ലോക്ക്-ഗ്രാമ-പഞ്ചായത്ത് പ്രസിഡന്റുമാർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ഡി.ടി.പി.സി. അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു. ഉത്തര മലബാറിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായി മലയോരത്തെ മാറ്റാനുള്ള കർമപദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായാണ് പശ്ചിമഘട്ട മഹോത്സവം ഒരുക്കിയിരി ക്കുന്നത്. പൈതൽമലയിലെ സമീപ പഞ്ചായത്തുകളും ടൂറിസം കൺസോർ ഷ്യവും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

*ഇ കെ. പത്മനാഭൻ*
*അസി. ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

## കലാക്ഷേത്രം



**ചി**ത്രകലയിൽ ജന്മസിദ്ധമായി കഴിവുള്ള കുട്ടികളെ സൗജന്യ പരിശീലനം നൽകുന്നതിലേക്ക് കൊല്ലത്ത് കുണ്ടറയിൽ മൂന്നു വർഷമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കലാക്ഷേത്രം.

ശനിയും ഞായറും രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെയാണ് ഇവിടെ പരിശീലനം. ഫ്രീഹാന്റ് ലോവർ മുതൽ ഡിപ്ലോമ വരെയുള്ള ശാസ്ത്രീയ പരിശീലനവും ഇവിടെ നൽകുന്നു. സർക്കാർ പാട്ടത്തിനു നൽകിയ അഞ്ചു സെന്റ് സ്ഥലത്ത് രണ്ടു മുറിയുള്ള ഒരു താത്കാലിക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്വന്തം കെട്ടിടത്തിന്റെ പണികൾ ഉടൻ ആരംഭിക്കും.

# ഗ്രാൻഡ് കേരള ഷോപ്പിംങ് ഫെസ്റ്റിവലിന് കൊടിയിറങ്ങി




**ഗ്രാൻഡ് കേരള ഷോപ്പിംങ് ഫെസ്റ്റിവൽ ആറാം സീസന്റെ ഭാഗമായി നടന്ന റോഡ് ഷോയ്ക്ക് തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകിയപ്പോൾ**

ഗ്രാൻഡ് കേരള ഷോപ്പിംങ് ഫെസ്റ്റിവൽ ആറാം സീസണ് കൊടിയിറങ്ങി. 2012 ഡിസംബർ 15ന് പാലക്കാട്ട് മുഖ്യമന്ത്രി ഉമ്മൻചാണ്ടി തിരിതെളിച്ച മഹോത്സവത്തിന് ജനുവരി 31ന് പാലക്കാട്ടാണ് സമാപനമായത്. ഇന്ദിരാഗാന്ധി മുനിസിപ്പിൽ സ്റ്റേഡിയത്തിൽ നടന്ന വിപുലമായ സമാപന സമ്മേളനം വിനോദസഞ്ചാര വകുപ്പ് മന്ത്രി എ.പി.അനിൽകുമാർ ഉദ്ഘാടനം ചെയ്തു. 48 ദിവസം നീണ്ട ആറാം സീസൺ കൂടുതൽ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. റോഡ് ഷോകളും ആകർഷകമായ സമ്മാനങ്ങളും കിഴിവുകളും കൊച്ചിയിൽ അരങ്ങേറിയ വ്യാപാരമേളയും മറ്റും ഫെസ്റ്റിവലിനെ കൂടുതൽ ജനകീയമാക്കി. തദ്ദേശ സ്വയംഭരണ-വ്യവസായ-ധന വകുപ്പുകളുടെ സഹകരണത്തോടെ വിനോദസഞ്ചാര വകുപ്പാണ് ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. കേരളത്തെ അന്താരാഷ്ട്ര വാണിജ്യ കേന്ദ്രങ്ങളുടെ നിരയിലേക്ക് ഉയർത്താനും വിനോദ സഞ്ചാര സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താനും സംസ്ഥാനത്തെ വ്യാപാര-വാണിജ്യ മേഖലയുടെ വികസനവും ലക്ഷ്യമിട്ടാണ് മേളയ്ക്ക് രൂപം നൽകിയിരിക്കുന്നത്.

സമാപന സമ്മേളനത്തിൽ എം.പിമാരായ എം.ബി.രാജേഷ്, പി.കെ.ബിജു, എം.എൽ.എമാരായ ഷാഫി പറമ്പിൽ, എം.ചന്ദ്രൻ, എം.ഹംസ, എൻ.ഷംസുദ്ദീൻ, ചലച്ചിത്ര താരങ്ങളായ ജഗദീഷ്, നവ്യനായർ എന്നിവരും പങ്കെടുത്തു.



**ഗ്രാൻഡ് കേരള ഷോപ്പിംങ് ഫെസ്റ്റിവൽ ആറാം സീസന്റെ സമാപന സമ്മേളനം പാലക്കാട്ട് വിനോദസഞ്ചാര വകുപ്പ് മന്ത്രി എ.പി.അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

■ **സതീഷ് പൂവത്തൂർ**

# വനിതാ സംരക്ഷണ ബില്ലിന് അംഗീകാരം

**സ്ത്രീ**കൾക്കു നേരെയുള്ള ഗാർഹികവും സാമൂഹികവുമായ അക്രമങ്ങൾക്കും പീഡനശ്രമങ്ങൾക്കുമെതിരെ ഫലപ്രദ നടപടിയുമായി കേരളം ഇന്ത്യയ്ക്ക് മാതൃകയാകുന്നു.

കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ 2013 ന് മന്ത്രിസഭ അംഗീകാരം നൽകി. ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ പാസാക്കുമെന്ന് ജനുവരി 30 ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിച്ച് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു.

അപമര്യാദയോടെയുള്ള ഏതൊരു പെരുമാറ്റവും ബിൽ പ്രകാരം പീഡനത്തിന്റെ പരിധിയിൽ വരും. സ്ത്രീകളെ പ്രലോഭിപ്പിക്കുന്നതിന് വാക്കുകളിലൂടെയോ രേഖാമൂലമോ ഇലക്ട്രോണിക് ഉപകരണത്തിലൂടെയോ നടത്തുന്ന ചേഷ്ടകളും ആംഗ്യങ്ങളും ഇതിൽ ഉൾപ്പെടും. സ്ത്രീയെ അശ്ലീല വസ്തുക്കളോ അല്ലെങ്കിൽ അശ്ലീല സാഹിത്യമോ കാണിക്കുക, അപമാനിക്കണമെന്ന ഉദ്ദേശ്യത്തോടെ വനിതയുടെ ശരീരഭാഗങ്ങളെ സംബന്ധിച്ച് അഭിപ്രായം പറയുക, സ്ത്രീയെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിന് അധികാരം ദുരുപയോഗപ്പെടുത്തുക, എസ്.എം.എസ്., ഫോൺ കോൾ, വീഡിയോഗ്രാഫി തുടങ്ങിയവയിലൂടെ വനിതയുടെ സ്വകാര്യതയിൽ കടന്നുകയറുക തുടങ്ങിയവയ്ക്കു പുറമെ വനിതയെ അപകീർത്തിപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുന്നതും പീഡനത്തിന്റെ പരിധിയിൽവരും.

പീഡനത്തിന് ഏഴു വർഷം വരെ തടവു ശിക്ഷയും പിഴശിക്ഷയും ബിൽ വ്യവസ്ഥചെയ്യുന്നു. പീഡനം വഴി മരണം സംഭവിച്ചാൽ ജീവപര്യന്തം തടവുശിക്ഷയും പിഴയും ലഭിക്കും. പബ്ലിക് സർവീസ് വാഹനത്തിനുള്ളിൽ പീഡനം നടന്നിട്ടുണ്ടെങ്കിൽ വാഹനത്തിന്റെ ചുമതലയുള്ള ആൾ വിവരം പൊലീസ് സ്റ്റേഷനിൽ അറിയിക്കണം. പീഡനത്തിന് ഇരയായ ആളോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളോ പരാതി നൽകിയിട്ടുണ്ടെങ്കിൽ അത് പൊലീസ് സ്റ്റേഷനിലേക്ക് അയക്കണം. വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ സിനിമാ തിയേറ്ററിന്റെയോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിന്റെയോ ചുമതലയുള്ളയാൾ, പീഡന വിവരം പൊലീസ് സ്റ്റേഷനിൽ അറിയിച്ചില്ലെങ്കിൽ അയാൾക്ക് മൂന്നു മാസം വരെ തടവു ശിക്ഷയോ അല്ലെങ്കിൽ അയ്യായിരം രൂപ പിഴയോ നൽകേണ്ടിവരും.

വിദ്യാർഥികളുടെ സ്വകാര്യതയിൽ കടന്നുകയറ്റം നടത്താൻ ഉപയോഗിച്ചേക്കാവുന്ന ഏതൊരു ഉപകരണത്തിന്റെയും ഉപയോഗം സ്ഥാപനത്തിന്റെ മേധാവിക്ക് നിയന്ത്രിക്കാവുന്നതാണ്. അത് ലംഘിച്ചാൽ 2000 രൂപ വരെ പിഴ നൽകേണ്ടതായിവരും. പൊലീസ് സ്റ്റേഷനിൽ പരാതി ബോധിപ്പിക്കുമ്പോൾ അവരുടെ പരാതി വനിതാ ഓഫീസറെക്കൊണ്ട് എഴുതി എടുപ്പിക്കണം. ഫോൺ വഴിയോ ഇ-മെയിലിലൂടെയോ എസ്.എം.എസ് മുഖേനയോ പരാതി ബോധിപ്പിക്കാവുന്നതാണ്.

ക്യാമറ, കംപ്യൂട്ടർ, മൊബൈൽ ഫോൺ, അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഒരു വനിതയുടെ സഭ്യമല്ലാത്ത രീതിയിലുള്ള ഫോട്ടോ ഗ്രാഫുകളുടെ ക്ലിപ്പിങ്ങുകളോ, ചിത്രങ്ങളോ കൈവശം വച്ചതായി കണ്ടെത്തിയാൽ അയാൾക്ക് മൂന്നു വർഷം വരെ തടവു ശക്ഷയോ അല്ലെങ്കിൽ ഇരുപത്തി അയ്യായിരം രൂപ പിഴയോ രണ്ടും കൂടിയോ നൽകാം.

ഇരയാക്കപ്പെട്ടവരുടെ ഫോട്ടോഗ്രാഫുകളോ പേരുകളോ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്താൻ പാടില്ല. അത് ലംഘിച്ചാൽ ആറു മാസം വരെ തടവുശിക്ഷയോ അല്ലെങ്കിൽ പതിനായിരം രൂപ വരെ പിഴയോ ഒടുക്കേണ്ടതായി വരും. പീഡനത്തിന് ഇരയായ സ്ത്രീയെ പൊലീസ് സ്റ്റേഷനിലേക്ക് വിളിപ്പിക്കാൻ പാടില്ല. അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള സ്ഥലത്തല്ലാതെ മറ്റേതൊരു സ്ഥലത്തും അന്വേഷണ ഉദ്യോഗസ്ഥന്റെ മുന്നിൽ ഹാജരാകുന്നതിന് നിർബന്ധിക്കാൻ പാടില്ല. കുറ്റത്തിന്റെ അന്വേഷണവും വിചാരണയും സ്വകാര്യമായി നടത്തേണ്ടതാണെന്നും ബിൽ പറയുന്നു.

# കേരളാ പൊലീസിലും സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നു

ജനങ്ങൾക്കു ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലാക്കാൻ ഓൺലൈൻ സർവീസ് ഉടൻ ആരംഭിക്കുമെന്ന് പൊലീസ് വകുപ്പിൽ നടപ്പാക്കുന്ന സേവനാവകാശ നിയമം ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു.

പൊലീസ് വകുപ്പിൽ പതിനാലിന സേവനങ്ങളാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്. പാസ്പോർട്ട് അന്വേഷണം, ഘോഷയാത്രയ്ക്കുള്ള അനുവാദം, പൊലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളുടെ അന്വേഷണം പരാതി സ്വീകരിച്ചുകൊണ്ട് രസീതു നൽകൽ, പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ്, പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ്, പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ആയുധങ്ങളും സ്ഫോടക വസ്തുക്കളും സംബന്ധിച്ച ലൈസൻസ്, ജോലി സംബന്ധമായ വെരിഫിക്കേഷൻ, വിദേശികളുടെ രജിസ്ട്രേഷൻ, കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി മടക്കിക്കൊടുക്കുന്നത് സംബന്ധിച്ച്, സമൻസുകൾ നൽകുന്നതും വാറന്റുകൾ നടപ്പിലാക്കുന്നതും സംബന്ധിച്ച്, പട്ടിക ജാതി-വർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതിയിൻമേലുള്ള അന്വേഷണം എന്നിവയാണ് സേവനപരിധിയിൽ വരുന്നത്. ഇത്തരം സേവനങ്ങൾക്കായി അപേക്ഷ നൽകി നിശ്ചിത ദിവസത്തിനകം ലഭിച്ചില്ലെങ്കിൽ അപേക്ഷകന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ പിഴ ഒടുക്കേണ്ടി വരും.

കേരളാ പൊലീസ് കണക്റ്റിവിറ്റി പേജസ് 2013 ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രകാശനം ചെയ്തു. ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഡി.ജി.പി. കെ.എസ്. ബാലസുബ്രഹ്മണ്യൻ, തിരുവനന്തപുരം മേയർ കെ. ചന്ദ്രിക, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി. നായർ, ചീഫ് സെക്രട്ടറി കെ. ജോസ് സിറിയക്, ആഭ്യന്തര സെക്രട്ടറി സാജൻ പീറ്റർ എന്നിവർ സന്നിഹിതരായി.

# പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

64 ാം റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ വൈദഗ്ധ്യം തെളിയിച്ച പ്രതിഭകൾക്ക് രാഷ്ട്രം സിവിലിയൻ ബഹുമതിയായ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പ്രമുഖ മലയാള ചലച്ചിത്ര നടനും നിർമാതാവുമായ മധു പത്മശ്രീ പുരസ്കാരത്തിന് അർഹനായി.

പ്രമുഖ ശാസ്ത്രജ്ഞനും മുൻ യു.ജി.സി. ചെയർമാനുമായ പ്രൊഫ. യശ്പാൽ, പ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫ. റോഡം നരസിംഹ, പ്രമുഖ ശില്പി രഘുനാഥ് മഹാപത്ര, വിഖ്യാത ചിത്രകാരൻ സയിദ് ഹൈദർ റാസ എന്നീ പ്രതിഭകൾക്കാണ് രാജ്യത്തെ രണ്ടാമത്തെ ഉയർന്ന സിവിലിയൻ പുരസ്കാരമായ പത്മ വിഭൂഷൺ ബഹുമതി ലഭിച്ചത്.

പ്രശസ്ത ഗായിക എസ്. ജാനകി, ശാസ്ത്രജ്ഞനും ബ്രഹ്മോസ് എയ്റോ സ്പേസിന്റെ സ്ഥാപക സി.ഇ.ഒയുമായ ഡോ. എ. ശിവതാണുപിള്ള, വി.എസ്.എസ്.സി. മുൻ ഡയറക്ടർ ഡോ. ബി.എൻ. സുരേഷ്, ക്രിക്കറ്റ് താരം രാഹുൽ ദ്രാവിഡ്, ബോക്സിങ് താരം മേരി കോം, ബോളിവുഡ് നടൻ രാജേഷ് ഖന്ന (മരണാനന്തരം), നടി ശർമിള ടാഗോർ, എഴുത്തുകാരൻ മങ്കേശ് പാഡ്ഗാവോർ എന്നിവർ പത്മഭൂഷൺ ജേതാക്കളിൽ ഉൾപ്പെടുന്നു.

ഗായിക ബോംബെ ജയശ്രീ, നടി ശ്രീദേവി, നടൻ നാനാ പടേക്കർ, സംവിധായകൻ രമേശ് സിപ്പി, നർത്തകി സരോജ വൈദ്യനാഥൻ, പഞ്ചാബി ഗായകൻ ജസ്പാൽ ഭട്ടി, ഒളിമ്പ്യൻ യോഗേശ്വർ ദത്തെ, ഷൂട്ടർ വിജയകുമാർ, ഫാഷൻ ഡിസൈനർ റിതുകുമാർ എന്നിവർ പത്മശ്രീ പുരസ്കാരം ലഭിച്ച പ്രമുഖരിൽപ്പെടുന്നു.

108 പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചപ്പോൾ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്നം ഇക്കുറിയും പ്രഖ്യാപിച്ചിട്ടില്ല.

# ക്രിമിനൽ ട്രാക്കിങ് സംവിധാനത്തിന് കേരളം തുടക്കമിട്ടു

ഇന്ത്യയിലെ എല്ലാ പൊലീസ് സ്റ്റേഷനുകളിലും കംപ്യൂട്ടർ ശൃംഖലയിലൂടെ പരസ്പരം ബന്ധപ്പെടുത്തുന്ന ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിങ് നെറ്റ്വർക്ക് ആൻഡ് സിസ്റ്റംസിന്റെ (സി.സി.ടി.എൻ.എസ്.) കേരളത്തിലെ പ്രവർത്തനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ജനുവരി 10 ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ പരാതികൾ നൽകാനും കേസുകളുടെ നിജസ്ഥിതി, വിചാരണ എന്നിവയെക്കുറിച്ചറിയുന്നതിനും ഇതിലൂടെ സാധിക്കും. പൊലീസ് കമ്മീഷണറേറ്റ് കുറ്റകൃത്യങ്ങൾ നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് ശാസ്ത്രീയമായി കണ്ടെത്തുന്നതിലൂടെ പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ആദ്യഘട്ടം തിരുവനന്തപുരം ജില്ലയിലാണ് നടപ്പാക്കുന്നതെന്ന് കഴക്കൂട്ടം പൊലീസ് സ്റ്റേഷനിൽ നിന്ന് ഓൺലൈനായി ഗീതാകുമാരിയുടെ പരാതി സ്വീകരിച്ചുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന കുറ്റവാളികൾ പ്രധാന പ്രശ്നമാണെന്ന് ചടങ്ങിൽ സംബന്ധിച്ച തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. പൊലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യൻ, എ.ഡി.ജി.പി. മാരായ എ. ഹേമചന്ദ്രൻ, അനിൽകാന്ത്, ഐ.ടി. മിഷൻ ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ്, ബി.എസ്.എൻ.എൽ. ഡി.ജി.എം. ടി.എം. സോമസുന്ദര റാവു തുടങ്ങിയവർ പങ്കെടുത്തു.

# സ്ത്രീപീഡനക്കേസുകൾ ഹൈക്കോടതിയിൽ പ്രത്യേക ബെഞ്ച്

സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങളും കുറ്റകൃത്യങ്ങളും പരിഗണിക്കാൻ ഹൈക്കോടതിയിൽ പ്രത്യേക ബെഞ്ച് രൂപീകരിച്ചു. ജസ്റ്റിസ് ടി.ആർ. രാമചന്ദ്രൻ നായർ, ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചും ജസ്റ്റിസ് ഭവദാസിന്റെ സിംഗിൾ ബെഞ്ചുമാണ് രൂപീകരിച്ചത്. ഫെബ്രുവരി നാലിന് സിറ്റിങ് ആരംഭിക്കുന്ന കേരളത്തിലെ ഈ ബെഞ്ച് രാജ്യത്തിനാകെ മാതൃകയാണ്.

മാനഭംഗത്തിനിരയായി സ്ത്രീകൾ കൊല്ലപ്പെടുന്ന കുറ്റകൃത്യങ്ങളിൽ വിചാരണ കോടതിയുടെ വധശിക്ഷയും ജീവപര്യന്തം ശിക്ഷയ്ക്കും മേലെയുള്ള അപ്പീൽ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയ്ക്കെത്തും. ഇതിൽ കുറഞ്ഞ ശിക്ഷയുൾപ്പെട്ട കേസുകളും എഫ്.ഐ.ആർ. റദ്ദാക്കാനുള്ള ഹർജികളും മറ്റും സിംഗിൾ ജഡ്ജി പരിഗണിക്കും.

ഗാർഹിക പീഡനകേസുകളും ചെക്കുകേസുകളും ഒഴികെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളാണ് പ്രത്യേക കോടതിയുടെ പരിഗണനയിൽപ്പെടുന്നത്.

# ശാസ്ത്രസാഹിത്യത്തിന്റെ മലയാളത്തനിമ

**ഡോ. എം.കെ. ചാന്ദ്‌രാജ്**




മലയാളത്തിൽ ശാസ്ത്രസാഹിത്യ കൃതികൾ വേണ്ടത്രയുണ്ടാവുന്നില്ല. ശാസ്ത്രസാങ്കേതിക വിഷയങ്ങൾ പ്രതിപാദിക്കാൻ തക്കവണ്ണം മലയാളഭാഷ വളർന്നിട്ടില്ല, അല്ലെങ്കിൽ അത്തരം വിഷയങ്ങളുടെ ഭാഷ ആംഗലമാണെന്ന് ഭൂരിപക്ഷം വരുന്ന മലയാളികളുടെ തെറ്റിദ്ധാരണയാണ് ഈ അവസ്ഥയ്ക്ക് മുഖ്യകാരണം. പത്തൊമ്പതാം നൂറ്റാണ്ടു മുതൽക്കെങ്കിലും അടിസ്ഥാനശാസ്ത്രവിഷയങ്ങൾ മലയാളഭാഷയിൽ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. പലരും വിസ്മരിക്കുന്ന വസ്തുതയാണിത്. പ്രശസ്ത ശാസ്ത്രസാഹിത്യ രചയിതാവായ ഡോ. വേണു തോന്നക്കൽ എഴുതിയ *കാൻസറും കാബേജും* എന്ന കൃതി മേൽപ്പറഞ്ഞ തെറ്റിദ്ധാരണയെ സാർഥകമായി പ്രതിരോധിക്കുന്ന ഒന്നാണ്.

ശാസ്ത്രീയ ചിന്തയുടെയും ശാസ്ത്രീയ വീക്ഷണത്തിന്റെയും അഭാവം മനുഷ്യജീവിതത്തെ എത്രമേൽ നരകതുല്യമാക്കില്ല! ഈ ലളിതസത്യം നമ്മെ നിരന്തരം ഓർമപ്പെടുത്തുന്ന കൊച്ചു കൊച്ചു ലേഖനങ്ങളുടെ സമാഹാരമാണ് ഈ കൃതി. ആരോഗ്യകാര്യത്തിൽ മലയാളികൾ വച്ചുപുലർത്തുന്ന അലംഭാവവും അജ്ഞതയും പലവിധത്തിലുള്ള രോഗങ്ങൾ ക്ഷണിച്ചുവരുത്തുന്നതായിക്കാണാം. പലതരം ജീവിത ശൈലീരോഗങ്ങളും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാണ്. ഉപഭോക്തൃസമൂഹമെന്നതരത്തിലുള്ള മലയാളിയുടെ ജീവിതക്രമം രോഗങ്ങൾ വർധിക്കാൻ കാരണമാണ്. *കാൻസറും കാബേജും* എന്ന ലേഖനത്തിൽ ഈ വസ്തുത വളരെ ഫലപ്രദമായ രീതിയിൽ വിവരിക്കുന്നുണ്ട്.

കാൻസർ പോലെയുള്ള മാരകരോഗങ്ങളെ പ്രതിരോധിക്കാൻ അല്പം ശ്രദ്ധയോടെയുള്ള ജീവിതക്രമം അനുവർത്തിക്കേണ്ടതാണെന്ന് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നു. പരിസരമലിനീകരണവും ആധുനിക ഭക്ഷണക്രമവും ഇത്തരം രോഗങ്ങളെ ക്ഷണിച്ചുവരുത്തുകയും രോഗികളെ അകാലമരണത്തിനിരയാക്കുകയും ചെയ്യുന്നു. ഹരിതകം കൂടുതലായി അടങ്ങിയിരിക്കുന്ന ഭക്ഷ്യവസ്തുക്കൾ പ്രകൃതി നമുക്കനിഞ്ഞു നൽകിയിട്ടുണ്ട്. അവ കണ്ടെത്തി ഭക്ഷിക്കുകയെന്നത് ആരോഗ്യം സംരക്ഷിക്കാനുതകും. കാബേജ്, കോളിഫ്ളവർ, ബ്രൊക്കോളി, സ്പ്രൗട്ട് എന്നിവ ഹരിതകത്തിന്റെ കലവറകളാണ്. കൂടാതെ ഇവ അർബുദഹാരികളുമാണ്. ആരോഗ്യം പരിപാലിക്കാനുള്ള ഇത്തരം എളുപ്പവഴികൾ ഈ പുസ്തകത്തിലെ പല ലേഖനങ്ങളിലും ഉണ്ട്.

എത്രയോ കോടി വർഷം മുൻപ് തന്നെ ഭൂമിയിൽ അവകാശമുറപ്പിച്ച ഷഡ്പദങ്ങളെക്കുറിച്ചും *(ഭൂമിയുടെ അവകാശികൾ, വർണശലഭങ്ങൾ, ഒരു ആകാശയാത്രയുടെ ഓർമയ്ക്ക് എന്നിവ)* തവളകളുടെ വൈവിധ്യമാർന്ന ജീവിതത്തെക്കുറിച്ചും *(വിഷം തിന്നുന്ന ജീവികൾ)* ഫ്ളൂറൈഡെന്ന രാസപദാർഥത്തിന്റെ ദോഷഫലത്തെപ്പറ്റിയും *(കുടൽ ഛർദിക്കുന്ന പക്ഷികൾ)* കൂണുകളുടെ സവിശേഷതകളെപ്പറ്റിയും *(കൈക്കുമ്പിളിൽ വിരുന്നുമായി)* രസകരമായി, കാവ്യാംശം തുളുമ്പുന്ന ഭാഷയിൽ വിവരിക്കുമ്പോൾ വായനക്കാർ അവയെക്കുറിച്ച് കൂടുതൽ അറിയാനും ചിന്തിക്കാനും തയാറാവും.

അമ്മയുടെ മുലപ്പാൽ വളരെയേറെ പോഷകസമൃദ്ധമാണെനന്ന് ഏവർക്കും അറിയാം. എന്നാൽ മുലപ്പാലിന്റെ ഘട്ടം കഴിഞ്ഞാൽ മനുഷ്യർ ശീലിക്കേണ്ടത് കുതിരപ്പാലാണെന്ന് *കുതിരപ്പാൽ ഔഷധമാകുന്നു* എന്ന ലേഖനത്തിൽ സമർഥിക്കുന്നു. ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. കുതിരപ്പാൽ രക്തസമ്മർദത്തിനും ഹൃദ്രോഗത്തിനും ആമാശയരോഗങ്ങൾക്കുമെല്ലാം പറ്റിയ ഔഷധമാണ്. സാധാരണ വായനക്കാരെ സംബന്ധിച്ചിടത്തോളം ഇവയൊക്കെ പുതിയ അറിവുകൾ തന്നെയാണ്. ഭക്ഷ്യവിഷബാധയെക്കുറിച്ച് വളരെയേറെ വാർത്തകൾ വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഭക്ഷ്യവിഷങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന *അഫ്ളാടോക്സിൻ* എന്ന ലേഖനം ഏറെ ശ്രദ്ധാർഹമാണ്. കുമിൾവിഷമായ അഫ്ളാടോക്സിൻ നാം കഴിയുന്ന പലതരം ആഹാരവസ്തുക്കളിലും കാണാം. പൂപ്പൽ പിടിച്ചതോ പഴയതോ ആയ ആഹാരവസ്തുക്കളിൽ ഇത് അടങ്ങിയിരിക്കുന്നു. ഇത്തരം ഭക്ഷ്യവസ്തുക്കൾ അർബുദകാരികളാണെന്നും അവ ഒഴിവാക്കണമെന്നും ഈ ലേഖനം മുന്നറിയിപ്പു തരുന്നു. വെള്ള ആസ്ബസ്റ്റോസ് വളരെയേറെ അപകടകാരിയായ വസ്തുവാണെന്നും ഇതുമൂലം മാരകമായ കാൻസർ പിടിപെടുമെന്നും പഠനങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ട്. ശ്വാസകോശങ്ങൾ, ഉദരം, ഹൃദയം, സ്ത്രീജനനേന്ദ്രിയനാളികൾ എന്നിവയെ ബാധിക്കുന്ന മിസോത്തലിയോമ എന്ന കാൻസർ ഉണ്ടാകാൻ ആസ്ബറ്റോസിന്റെ നാരുകൾ ഇടയാക്കുമെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. *വെള്ള ആസ്ബറ്റോസ് കാൻസറുണ്ടാക്കുന്നു* എന്ന ലേഖനം ഈ വസ്തുതകളിലേക്ക് വെളിച്ചം വീശുന്നു.

ചിരി ആയുസ് കൂട്ടുമെന്ന് പറയപ്പെടുന്നു. ചിരിച്ച മുഖത്തെ ഇഷ്ടപ്പെടാത്തവർ ചുരുക്കമാണ്. എന്നാൽ ഒരു വാതകം ശ്വസിച്ചാൽ ചിരിവരുമെന്നുവന്നാലോ? നൈട്രജൻ, ഓക്സിജൻ എന്നിവ കൂടിച്ചേർന്നുണ്ടാകുന്ന നൈട്രസ് ഓക്സൈഡ് എന്ന വാതകത്തിന് മനുഷ്യരിൽ ചിരിയുണർത്താനുള്ള കഴിവുണ്ട്. അധികമായാൽ അമൃതും വിഷമാണല്ലോ. ഈ വാതകവും കൂടുതൽ ശ്വസിച്ചാൽ അത് ശ്വസിക്കുന്നയാളിന്റെ അവസാനത്തെ ചിരി തന്നെയാവും. *ചിരിയോ ചിരി* എന്ന ലേഖനം രസകരമായി വായിക്കാനാവും.

ശാസ്ത്രീയ വിഷയങ്ങൾ അവയുടെ ഗൗരവം ഒട്ടും ചോർന്നുപോകാതെ തന്നെ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വായിച്ച് ഉൾക്കൊള്ളാൻ പാകത്തിലാണ്, വേണു തോന്നക്കലിന്റെ ഇതര ശാസ്ത്രസാഹിത്യ കൃതികളെന്നപോലെ തന്നെ, ഈ പുസ്തകത്തിന്റെയും രചനാരീതി.

*കാൻസറും കാബേജും (ശാസ്ത്ര ലേഖനങ്ങൾ)*
*ഡോ. വേണു തോന്നക്കൽ*
*പ്രസാധനം : പൂർണ പ്രിന്റിങ് ആൻഡ് പബ്ലിഷിങ് ഹൗസ്*
*വില: 48 രൂപ*

പെൺജീവിതം

**മീന കൂട്ടാല**

# രാത്രി 12.30 ഈറോഡ് ബസ് സ്റ്റാന്റ്




ഇരുണ്ട മരുഭൂമിയിൽ നിന്നും വീശിക്കയറിയ കൊടുങ്കാറ്റിലേക്ക് എടുത്തെറിയപ്പെട്ട ശലഭത്തെപ്പോലെയായിരുന്നു ഞാൻ. ഊതിവീശുന്ന മണൽക്കാറ്റിലേക്ക് ഒരു നിലവിളിപോലുമില്ലാതെ ആർത്തലച്ചു വീഴുകയായിരുന്നു പിന്നെ. സ്നേഹിക്കുന്നവർ ഉയർത്തുന്ന ഒരു വിലാപം പോലും കേൾക്കാതെ ആശുപത്രിയിലെ മങ്ങിയ വെളിച്ച

ത്തിൽനിന്നും ഒച്ചയില്ലാതെ പടിയിറങ്ങി കൂരിരുട്ടിലേക്കെന്നപോലെ...

ഈ ജനുവരിയിൽ ഹൂബ്ലിയിലേക്ക് നടത്തിയ രണ്ടാമത്തെ യാത്രയായിരുന്നു അത്. രാവിലെ ആറേകാലിന് ഉണർന്നപ്പോൾ ത്തന്നെ മൊബൈലിൽ അഞ്ച് മിസ്ഡ് കോൾ. പിന്നെ എങ്ങു നിന്നും ഒരു സന്ദേശവും ലഭിക്കാതെ തന്നെ ഹൃദയം എടുക്കാനാവാതെ പോയ ഫോൺവിളിയുടെ സന്ദേശം പിടിച്ചെടുത്തു. എങ്ങനെയെങ്കിലും അവിടേക്കെത്തണം എന്ന ചിന്തവന്നത് വീണ്ടും ഒരു മണിക്കൂർ കഴിഞ്ഞാണ്. നേത്രാവതിയിൽ കയറിയാൽ മഡഗാവിൽനിന്ന് ഹുബ്ലിയിലേക്ക് ബസ് ഉണ്ടെന്നറിയാം.

ഓരോ മരവിപ്പിന്റെയും ഇടവേളയ്ക്കുശേഷം മനസ്സിന് തിരിച്ചു യാത്രചെയ്യാൻ കഴിയുമോ – ഉണ്ടെന്നുവേണം കരുതാൻ. മരിക്കുമ്പോൾ ഞാനായിരുന്നു അടുത്ത്. ഗീതയും അശ്വതിയും ഒരാഴ്ചയായി ഉറക്കമില്ലാതെ കൂട്ടിരുന്നതല്ലേ, അവരോട് ഉറങ്ങിക്കൊള്ളാൻ ഞാൻ പറഞ്ഞു. ഐലന്റ് എക്സ്പ്രസ്സിൽ തിരുവനന്തപുരത്തുനിന്ന് ബാംഗ്ലൂരിലേക്കുള്ള യാത്രയിൽ അമ്മ ഫോൺവിളിച്ചു പറഞ്ഞു. ചെറിയ തീപ്പെട്ടിക്കൂടുപോലുള്ള ബോഗിയിൽ കയറിപ്പറ്റുകതന്നെ അസാധ്യം. ടി.ടി.ആറിനെ കണ്ട് ബർത്ത് അന്വേഷിക്കാമെന്നുകരുതി രണ്ടും കല്പിച്ച് റിസർവേഷൻ കോച്ചിൽ കയറിയിരുന്നു.

വഴിയരികിലെ ഒരു വൃക്ഷത്തിനോട് നിങ്ങൾ ഹൃദയം തുറക്കുകയാണെങ്കിൽ അനുഭവിക്കുന്ന ആനന്ദം അനിർവചനീയമാണെന്ന് ഓഷെ. മാനത്ത് കരിമഷിപോലെ മേഘം നിറഞ്ഞുനിന്ന കിണാശേരിയിലെ ഞങ്ങളുടെ വീടിന്റെ മഴസന്ധ്യ നൽകിയൊരു ഓർമചിത്രമുണ്ട്. നിറയെ നിറങ്ങളുള്ള ജെംസ് മിട്ടായിയുടെ ഒരു കവർ. മുത്തച്ഛൻ വൈകിട്ട് കടയിൽപ്പോയി വരുമ്പോൾ കൊണ്ടുവന്നു തരാറുള്ള ചുവന്ന, വായിലിട്ടാൽ അലിഞ്ഞുതിരുന്ന തേൻമിട്ടായി, ആരോറൂട്ട് ബിസ്കറ്റ്, നാരങ്ങാമിഠായി എന്നിയ്ക്കു പുറമെ വേറൊരു രുചിയും അറിയാത്ത കുട്ടിക്കാലം. ഏതൊരു മധുരത്തിന്റെയും തനതിനുപുറമെ ചേർത്തിരുന്ന ആ അപൂർവ (മരുന്നു)മണം ഞങ്ങളെ സംശയാലുക്കളാക്കി. ഇനിയത് വല്ല വിഷയവുമാണെങ്കിലോ എന്ന അമ്മയുടെ സംശയത്തിനു പുറകെ ഉത്തരം തേടി ഞാൻ അടുത്ത വീട്ടിലെ ശോഭചേച്ചിയുടെ വീട്ടിലേക്കു പോവുകയും പൊട്ടിച്ചിരിച്ചുകൊണ്ട് ചേച്ചി അതിലെ നിറഗുളികകൾ കുറേയെണ്ണം അകത്താക്കുകയും ചെയ്തു.



അന്ന് വീട്ടിൽവന്നതിനുശേഷം അശോകേട്ടൻ ഹുബ്ലിയിൽ നിന്നു നാട്ടിലേക്കെത്തുമ്പോഴെല്ലാം ഞങ്ങളുടെ കിണാശേരിയിലെ തറവാട്ടുവീട്ടിലെയും സന്ദർശകനായി മാറി. വലിയച്ഛന്റെ പെങ്ങളുടെ മകനായിരുന്നു അശോകേട്ടൻ. ഇടയ്ക്കിടെ സിഗരറ്റ് വലിക്കാനായി ചെല്ലപ്പന്റെ കടയിൽപ്പോയിവരുമ്പോൾ ഒരു ചെറിയ പൊതി എനിക്കു നീട്ടിയിട്ടു പറയും ആരെയും കാണിക്കണ്ട തിന്നോ. ചുണ്ടുകളെ കളിയാക്കി തത്തയെന്ന വിളിപ്പേര് കടുകുമണിയോളം പിൽകാലം വിഷമമുണ്ടാക്കിയെങ്കിലും എന്റെ കുട്ടിക്കാലം ഹൃദയത്തിലേറ്റിയിരുന്നു അശോകേട്ടനെയും.

പാലക്കാട് എത്തിയപ്പോഴേക്കും ട്രെയിനിലെ റിസർവേഷൻ കംപാർട്ടുമെന്റുകൾ നിറഞ്ഞു. എസ്. 4 ൽ നിന്നും എസ്. 12 ലെ വാഷ്ബേസിനരികിലേക്ക് സീറ്റ് മാറ്റിയിരുന്നു അപ്പോഴേക്കും ഞാൻ. കോയമ്പത്തൂരിൽ നിന്നും മാറിക്കയറിയ ടി.ടി.ആർ പരുക്കനായും വിട്ടുവീഴ്ചയില്ലാതെയും പറഞ്ഞു – അടുത്ത തിരുപ്പൂർ സ്റ്റേഷൻ ആകുമ്പോൾ എല്ലാവരും മാറി ജനറൽ കംപാർട്ടുമെന്റിലേക്ക് പോകണം. വെയ്റ്റിങ് ലിസ്റ്റിലുള്ളവരിൽ ഏറെപ്പേർ നിലത്തിരിക്കുന്നവരിലുണ്ടായിരുന്നു. തിരുപ്പൂർ മുതൽ ഈറോഡ് വരെ ജനറൽ കോച്ചിൽ കമ്പിയിൽത്തൂങ്ങി യാത്ര. പാലക്കാടു നിന്നു കയറിയ അനിയനും ആലുവയിൽ നിന്നുകയറിയ ഒരച്ഛനും മകളും പറഞ്ഞു ഈറോഡിൽ നിന്ന് ബസ്സിൽ പോകാം.

ഞാനിനിയും ഏതെല്ലാം കാഴ്ചകളിൽ തടയണം, എനിക്കിനിയുമെത്ര ദൂരം താണ്ടണം. എത്ര സത്യങ്ങൾ തിരിച്ചറിയണം എന്നദ്ഭുതപ്പെട്ടുകൊണ്ട് രാത്രി 12.30 ന് ഈറോഡ് ബെസ്റ്റാൻഡിൽ സേലത്തേക്കുള്ള ബസ്കാത്തുനിന്നു. പിറ്റേന്ന് ഒരു പകൽ മുഴുവൻ യാത്രക്കൊടുവിൽ അവിടെ എത്തിച്ചേർന്നു.

മരണം ഒരാൾക്കു നൽകുന്ന കാത്തരിപ്പിന്റെ ഏകാന്തതയെക്കുറിച്ച് മാധവിക്കുട്ടി ഒരു കഥയിൽ എഴുതിയിട്ടുണ്ട്. മനുഷ്യബന്ധങ്ങളെയെല്ലാം ഒരു വയലിനപ്പുറത്തേക്കുനിർത്തി നടന്നപ്പോഴൊക്കെയും ഒരു പിൻയാത്രയെക്കുറിച്ചോർത്ത് വെമ്പൽകൊണ്ടിട്ടുണ്ട്. അശോകേട്ടന്റെ കുടുംബവുമായുള്ള ബന്ധവും അങ്ങനെയായിരുന്നു. നിരവധി അഡ്രസുകൾ മാറിമാറിക്കഴിഞ്ഞ ജീവിതം ഓരോരുത്തരെയും പലയിടങ്ങളിൽ പറിച്ചുനട്ടു. രണ്ടുവർഷം മുൻപാണ് വീണ്ടും അശോകേട്ടനും കുടുംബവും ഞങ്ങളുടെ വീട്ടിലേക്കെത്തുന്നത്. ഇപ്പോൾ അങ്ങോട്ടുള്ള യാത്രയിൽ ആ ചിതറിയ കുറേ ചിത്രങ്ങളും ഓർമകളുമായിരുന്നു കൂട്ടിന്.

ഓരോ യാത്രയും ഓരോ മരണമാണെന്നു തോന്നി. യാത്രയുടെ ഒടുവിൽ നമ്മളെ ശൂന്യരാക്കി കടന്നുപോകുന്നു ഓരോ പ്രഹർഷങ്ങളും ഉന്മാദവും – മരണം തന്നെ പ്രണയം അല്ലെങ്കിൽ സ്നേഹം– മരണം തന്നെ ജീവിതവും. തന്റെ 48 ാം വയസ്സിലാണ് അശോകേട്ടൻ ഈ ലോകത്തുനിന്നും യാത്രയാവുന്നത്. അപൂർണമായിപോകുന്ന ജീവിതം ബാക്കിവെക്കുന്ന ആശങ്കകൾ. ആയുസിന്റെ കണക്കുപുസ്തകത്തിന്മേൽ നമ്മുടെ വിധി എങ്ങനെയായിരിക്കും എന്നിങ്ങനെ എണ്ണമറ്റ ചിന്തകൾകൊണ്ട് ഓരോരുത്തരും ഹൃദയംതുറക്കുകയും ആശ്വാസവാക്കുകളുടെ ചെറിയൊരു തണലിലേക്ക് മാറിനിൽക്കുകയും ചെയ്യുന്നു. ■

■ ഡോ. ബീന വേണുഗോപാൽ

# വേപ്പ് സമം ആരോഗ്യം



ഔഷധ സസ്യങ്ങളിൽ രാജാവ് എന്ന സ്ഥാനം നൽകിയാണ് നാം വേപ്പിനെ ആദരിക്കുന്നത്. ദന്തരോഗങ്ങൾ മുതൽ എയ്ഡ്സിനുവരെ ഇത് ഔഷധമായി കരുതപ്പെടുന്നു. സർവരോഗ സംഹാരിണിയായി ഇതിനെ ആയുർവേദം കാണുന്നു. പണ്ടുകാലങ്ങളിൽ വേപ്പെണ്ണ ഇല്ലാത്ത വീടുകൾ അപൂർവമായിരുന്നു.

ചർമരോഗങ്ങൾ, വാതരോഗങ്ങൾ, മുറിവുകൾ, വ്രണങ്ങൾ എന്നീ രോഗങ്ങൾക്ക് ഇത് ഉത്തമമാണ്. മൃഗങ്ങളുടെ കടിയേറ്റുണ്ടാവുന്ന മുറിവുകൾ വേഗത്തിൽ കരിയാനും ടെറ്റനസ് ആക്രമണം ഉണ്ടാവാതിരിക്കാനും വേപ്പെണ്ണ കുരുമുളക് ഇലയിൽ പുരട്ടി ചൂടാക്കി മുറിവിൽ പിടിപ്പിച്ചിരുന്നു.

വേപ്പിൻ പട്ടയിൽ നിന്നെടുക്കുന്ന ചില തയാറാക്കലുകൾ മലമ്പനി, മഞ്ഞുനോവ്, ദന്തരോഗങ്ങൾ എന്നിവയ്ക്ക് ഔഷധമായി ഉപയോഗിച്ചിരുന്നു. മലശോധനയ്ക്ക് വേപ്പെണ്ണ ഉത്തമം. ചർമത്തിലുണ്ടാകുന്ന ചൊറിച്ചിലുകൾക്ക് ഇതുപയോഗിക്കാവുന്നതാണ്. കുഷ്ഠം, ഉദരകൃമി, അർശസ്, മൂത്രാശയ രോഗങ്ങൾ എന്നിവയ്ക്ക് വേപ്പിൻകായ് നന്ന്.

വേപ്പിലയിൽ ധാരാളം ഗന്ധകസംയുക്തങ്ങൾ അടങ്ങിയിരിക്കുന്നതിനാൽ വസൂരി, അഞ്ചാംപനി എന്നീ രോഗമുള്ളവരുടെ ചർമത്തിലെ ചൊറിച്ചിൽ മാറ്റാൻ വേപ്പില തൂവിയാൽ മതി. മുടികൊഴിച്ചിൽ, താരൻ, പേൻ, ചർമരോഗങ്ങൾ എന്നിവയുള്ളവർ വേപ്പിലയിട്ട് തിളപ്പിച്ചാറിയ വെള്ളത്തിൽ കുളിക്കുക.

പല്ലുകൾ വൃത്തിയാക്കാൻ വേപ്പിന്റെ ഇളം ചില്ല ചതച്ചുപയോഗിക്കുന്നതുമൂലം വായ്നാറ്റം മാറുകയും പല്ലുകൾക്കും മോണയ്ക്കും ഉറപ്പും വെടിപ്പും കിട്ടുകയും ചെയ്യും. വേപ്പ് ഒരു രോഗാണുനാശിനിയാണ്. അത് രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നു. രാവിലെ പ്രാഥമിക കർമങ്ങൾക്കുശേഷം ഏതാനും തളിർവേപ്പില ചവച്ച് തിന്നുന്നത് നന്നായിരിക്കും.

കീടനിയന്ത്രണശേഷിയിലും ഇത് മുൻപന്തിയിലാണ്. ഇതിൽ നിന്നും കീടനാശിനി നിർമിക്കാനുള്ള ശ്രമത്തിലാണ്. വേപ്പെണ്ണയിൽനിന്നും അസഡിറാക്ടിൻ വേർതിരിച്ചെടുക്കുന്നു. അതിന് കീടങ്ങളുടെ ആക്രമണം ചെറുക്കാനുള്ള കഴിവുണ്ട്. നിങ്ങളുടെ വീട്ടുവളപ്പിൽ ഇന്നുതന്നെ ഒരു വേപ്പുമരം നടുക. ■



ശാസ്ത്രലോകം

ഡോ. എം. രാജഗോപാൽ കമ്മത്ത്


# സൂര്യനും കാലാവസ്ഥയും

സൂര്യനിപ്പോൾ ഉച്ചതമഘട്ടത്തിലാണ്. സോളാർ മാക്സിമ എന്ന ഏറ്റവും ഉഗ്രാവസ്ഥ കൈവരിക്കുന്ന വേള. ഭൂമിയിൽ ഈ കാലയളവ് ചൂടേറിയതായി അനുഭവപ്പെടുന്നു. വരൾച്ചയും മഴയുടെ കുറവും ഈ വേളയിൽ കൂടുതലായി കാണപ്പെടും. സൂര്യന്റെ ഉപരിതലത്തിൽ കാന്തികപ്രവർത്തനം അധികമായി കാണപ്പെടുന്ന പ്രദേശങ്ങളാണ് സൂര്യകളങ്കങ്ങൾ. ഓരോ 11 വർഷം കൂടുമ്പോഴും സൂര്യകളങ്കങ്ങളുടെ തീവ്രതയും എണ്ണവും വ്യതിയാനപ്പെടുന്നു. 22 വർഷത്തെ കാലയളവിൽ ആദ്യത്തെ 11 വർഷം സൂര്യകളങ്കങ്ങൾ സൂര്യന്റെ ഉത്തരാർധഗോളത്തിലും പിന്നത്തെ 11 വർഷം ദക്ഷിണാർധഗോളത്തിലും ദൃശ്യമാകും. അവയ്ക്കു ചുറ്റുമുള്ള പ്രദേശങ്ങളേക്കാൾ ഇരുണ്ടും കാണപ്പെടും. ചിലവയ്ക്ക് 80,000 കി.മീ. വരെ വ്യാസമുണ്ടാകും. ശരാശരി സൂര്യകളങ്കത്തിന് ഭൂമിയുടെ വലിപ്പമുണ്ടാകും. അതിശക്തമായ കാന്തികമണ്ഡലം മൂലം ആ പ്രദേശത്തെ താപനില കുറവാണ്. സൂര്യന്റെ ഉപരിതലത്തിലെ പ്ലാസ്മ സൂര്യകളങ്കത്തിലെ കാന്തികമണ്ഡലവുമായി പ്രതിപ്രവർത്തിക്കുന്നു. ഇത് പൊട്ടിത്തെറിക്ക് കാരണമാകുന്നു. ഇത്തരം പ്രതിഭാസങ്ങളാണ് സൗരവാതങ്ങൾ (സോളാർ ഫ്ളെയർ) ഇത്തരം ഇരുണ്ട പ്രദേശങ്ങൾ മറ്റു നക്ഷത്രങ്ങളിലുമുണ്ട്. അവയെ നക്ഷത്രകളങ്കങ്ങൾ എന്നുവിളിക്കും. സൂര്യകളങ്കം പണ്ടു മുതൽക്കുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. നഗ്നനേത്രം കൊണ്ട് ഇവയെ കാണുക ദുഷ്കരമാണ്. ടെലിസ്കോപ്പിന്റെ ആവിർഭാവത്തോടെ ഇവയെക്കുറിച്ചുള്ള നിരീക്ഷണ വിവരം ലഭിച്ചുതുടങ്ങി. 17 ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സ്ഥിരമായി സൂര്യകളങ്കങ്ങൾ ദൃശ്യമായിരുന്നു. എന്നാൽ 17 ാം നൂറ്റാണ്ടിണ്ടിന്റെ അർഥഭാഗത്തിനുശേഷവും 18 ാം നൂറ്റാണ്ടിലും ഇവ അപ്രത്യക്ഷമായി. നിരീക്ഷണങ്ങളിൽ നിന്ന് വ്യക്തമാകുന്നത് സൂര്യകളങ്കചക്രത്തിന്റെ മാറ്റമനുസരിച്ച് സൂര്യനിൽനിന്നുള്ള ഊർജം ബഹിർഗമിക്കുന്നതിൽ മാറ്റമുണ്ടാകുന്നു എന്നാണ്. ചില സൂര്യകളങ്കചക്രങ്ങൾ അതി തീവ്രമാണ്. ഭൂമിയിലെ കാലാവസ്ഥാ മാറ്റത്തിനുപിന്നിൽ പ്രവർത്തിക്കുന്നത് സൗരോർജമായതിനാൽ അതിലെ വ്യതിയാനം കാലാവസ്ഥയേയും ബാധിക്കുന്നു.

1646–1715 കാലയളവിൽ സൂര്യകളങ്കങ്ങൾ കുറവായിരുന്നു. ഈ കാലഘട്ടത്തെ മൗണ്ടർ മിനിമം എന്നുവിളിക്കുന്നു. ഇതേ കാലയളവിലാണ് ചെറു ഹിമയുഗവും കാണപ്പെട്ടത്. ചെറുഹിമയുഗ കാലഘട്ടത്തിനുമുൻപ് സൂര്യൻ വളരെ സജീവമായിരുന്നതായും ഭൂവിജ്ഞാനീയത്തിലെ തെളിവുകൾ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ ഊർട്ട് മിനിമം (1010-1050), വുൾഫ് മിനിമം (1280-13-40), സ്പോറർ മിനിമം (14-20-15-30) എന്നീ കാലഘട്ടങ്ങളിലുണ്ടായിട്ടുണ്ട്. 11 വർഷത്തെ ചാക്രീയമായ കാലയളവിൽ സൂര്യന്റെ വികിരണത്തിൽ 0.1 ശതമാനം വ്യതിയാനമുണ്ടാകുന്നു. സൂര്യനിൽനിന്നുള്ള വികിരണം വർധിക്കുമ്പോൾ അന്തരീക്ഷത്തിന്റെ മുകൾ പാളിയിലെത്തുന്ന ഊർജത്തിൽ വർധനയുണ്ടാകുന്നു. ഇത് ഓസോണിന്റെ അളവിലും വർധനയുണ്ടാക്കുന്നു. ഇതുമൂലം അന്തരീക്ഷത്തിന്റെ മുകൾ പാളിയിൽ താപനില ഉയർന്നു.

സൂര്യന്റെ വികിരണം വർധിക്കുന്നതുമൂലം മേഘാവരണം വലുതാകുന്നു. കാറ്റിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ കാലാവസ്ഥയും മാറിമറിയുന്നു. സൂര്യകളങ്കങ്ങൾ തീവ്രമാകുമ്പോൾ വികിരണത്തിൽ 0.2 ശതമാനം വരെ കുറച്ചു ദിവസത്തേക്ക് മാറും. സൂര്യനിൽനിന്നുള്ള ഊർജത്തിലെ വർധനവും ഭൂമിയിലെ ഹരിതഗൃഹവാതകങ്ങളുടെ സാന്ദ്രതയിലെ വർധനവും ആഗോളതാപനത്തിന് കാരണമാകുന്നു. അന്തരീക്ഷത്തിനു മുകളിൽ 1350 വാട്ട്സ്-ചതുരശ്ര മീറ്റർ ഊർജമാണ് ഭൂമിക്ക് സൂര്യനിൽ നിന്ന് ലഭിക്കുന്നത്. ശരാശരി മൂല്യമാമിത്. ഭൂമിയുടെ ഭ്രമണപഥത്തിലെ മാറ്റമനുസരിച്ച് വർഷത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഈ അളവിൽ മാറ്റം വരുന്നു. സൂര്യനിൽ നിന്ന് ലഭിക്കുന്ന വികിരണത്തിന്റെ 36 ശതമാനം സ്പേസിലേക്ക് പ്രതിഫലിക്കുന്നു. മേഘങ്ങളും മഹാസമുദ്രങ്ങളുമാണ് ഈ പ്രതിഭലനത്തിനു പിന്നിൽ. ഗൃഹാന്തര ഗുരുത്വാകർഷണത്തിന്റെ വ്യതിയാനത്തിൽനിന്ന് ഭൂമിയുടെ ഭ്രമണപഥത്തിന് മാറ്റം വരുന്നതുമൂലം സൗരോർജമെത്തുന്നത് കുറഞ്ഞു ശൈത്യമേറി ഹിമയുഗങ്ങൾക്ക് കാരണമാകുന്നു.

സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് വികിരണം ഹാനികരമാണ്. രാവിലെ 10 മണി മുതൽ വൈകുന്നേരെ നാലു മണി വരെയുള്ള വികിരണത്തിൽ അൾട്രാവയലറ്റ് ശക്തി കൂടിയിരിക്കും. മേഘവൃതമായ ആകാശമുള്ളപ്പോൾ പോലും അൾട്രാവയലറ്റ് നിർബാധം ഭൗമോപരിതലത്തിലെത്തുന്നു. വസ്ത്രങ്ങൾ, കുട, തൊപ്പി, ക്രീമുകൾ, ലോഷനുകൾ എന്നിവ ഒരുപരിധി വരെ സംരക്ഷണം നൽകുന്നു. നിലത്തു നിന്ന് അൾട്രാവയലറ്റ് പ്രതിഫലിക്കുന്നതിനാൽ സൺസ്ക്രീനുകൾ ഉപയോഗിക്കേണ്ടിവരുന്നു. അൾട്രാവയലറ്റ് വികിരണം കൂടുതലായി ഏറ്റാൽ ചർമരോഗങ്ങളുണ്ടാകും. നേത്രങ്ങളിലെ കൺജെൻക്ടൈവയിൽ അസാധാരണമായ കോശവളർച്ചയുണ്ടാകാൻ കാരണം ഈ വികിരണമാണ്. ഇനി വരുന്നത് വേനൽക്കാലമാണ്. ആഗോളതാപനം മൂലം തീർച്ചയായും ഭൗമോപരിതലത്തിലെ താപനിലയിൽ വർധനയുണ്ടായിട്ടുണ്ട്. വൻനഗരങ്ങളിലും ജനസാന്ദ്രതയേറിയ ഗ്രാമപ്രദേശങ്ങളിലും പണ്ടത്തെ സുഖകരമായ അവസ്ഥകളില്ലാത്തതിന്റെ കാരണം ഒരു മാനദണ്ഡവുമില്ലാതെ പണിതുയർത്തിയ കെട്ടിടങ്ങളും തണലേകിയിരുന്ന വൃക്ഷങ്ങളും കോടാലിക്കിരയാക്കിയതാണ്. നമുക്ക് തീർച്ചയായും പഴയ അവസ്ഥയിലേക്ക് തിരിച്ചുപോകാൻ ആകും. ഒത്തു ശ്രമിക്കണമെന്നു മാത്രം. ■



■ എസ്. പി.

# കേരളത്തിൽ ജലസ്രോതസുകൾ കുറയുന്നതായി നാസ



അമേരിക്കൻ പ്രതിരോധശാസ്ത്ര ഏജൻസിയായ നാസ കേരളത്തിന്റെ ജല സ്രോതസുകളുടെ വിഭവഭൂപടം തയാറാക്കി. നെൽവയലുകളിൽ നിന്ന് നാണ്യ വിളകളിലേക്കുള്ള മാറ്റം കേരളത്തിന്റെ ജലവിതാനം വൻതോതിൽ താഴാൻ ഇടയാകുന്നുണ്ടെന്ന് നാസയുടെ പഠനത്തിൽ വ്യക്തമാകുന്നു. നാസയുടെ ലാൻഡ് കവർ, ലാൻഡ് യൂസേജ് പദ്ധതി മേധാവി ഡോ. ഗിരിക് ഗട്മാനാണ് ഇക്കാര്യം അറിയിച്ചത്.

എഴുപതുകളുടെ തുടക്കം മുതലുള്ള ഉപഗ്രഹഡാറ്റയുടെ അടിസ്ഥാനത്തിലാണ് നാസയുടെ ഏജൻസി കേരളത്തിന്റെ ജലമേഖലയെ വിലയിരുത്തിയത്. നെൽവയലുകളുടെ തിരോധാനത്തിനൊപ്പം കായലുകൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവ വ്യാപകമായി അപ്രത്യക്ഷമാകുന്നത് അപകടമാണെന്ന് പഠനം ചൂണ്ടിക്കാട്ടി.

തെക്കനേഷ്യൻ രാജ്യങ്ങളിലെ ശുദ്ധജലലഭ്യതയും നഗരവത്കരണത്തെത്തുടർന്ന് ഭൂമിയുടെ ഘടനയിൽ സംഭവിക്കുന്ന മാറ്റവും പരിശോധിക്കുന്നതിന്റെ ഭാഗമായാണ് അമേരിക്കൻ ഏജൻസി കേരളത്തിൽ ജലഭൂപട പരിശോധന നടത്തിയത്.

## താക്കോൽദ്വാര ശസ്ത്രക്രിയ: തിരുവനന്തപുരം മെഡിക്കൽ കോളേജിന് അപൂർവ നേട്ടം




വയറ് തുറന്നുള്ള ശസ്ത്രക്രിയകൂടാതെ ദാതാവിൽ നിന്നും വൃക്ക നീക്കം ചെയ്യുന്ന അത്യാധുനിക താക്കോൽദ്വാര ശസ്ത്രക്രിയയ്ക്ക് തുടക്കംകുറിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ചരിത്ര നേട്ടം കുറിച്ചു. വൃക്ക ദാതാവിന് ഏറ്റവും ആശ്വാസം നൽകുന്ന ഈ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത് തിരുവനന്തപുരം മെഡിക്കൽ കോളേജ് യൂറോളജി വിഭാഗം പ്രൊഫ. ഡോ. ജി. വേണുഗോപാലാണ്.

കൊട്ടാരക്കര സ്വദേശിയായ മോഹനനുവേണ്ടി അദ്ദേഹത്തിന്റെ ഭാര്യ സുമാദേവിയുടെ വൃക്കദാനത്തിലൂടെയാണ് ഈ അപൂർവനേട്ടം കൈവരിക്കാനായത്. കേരളത്തിൽ ആദ്യമായിട്ടാണ് ഈ ശസ്ത്രക്രിയാരീതി നടപ്പിലാക്കുന്നത്. ഇതിനുമുൻപ് ഇന്ത്യയിൽ ഗുജറാത്തിൽ മാത്രമാണ് ഇത് അവലംബിച്ചിട്ടുള്ളത്. ലോകത്തുതന്നെ അപൂർവം കേന്ദ്രങ്ങളിൽ മാത്രമാണ് ഈ രീതി നിലവിലുള്ളത്.

## ചാരക്കണ്ണുകളുമായി അവാക്സ്

ശത്രുരാജ്യത്തിന്റെ സൈനിക നീക്കങ്ങൾ ആകാശത്തുവച്ച് നിരീക്ഷിക്കാൻ ശേഷിയുള്ള അവാക്സ് എയർക്രാഫ്റ്റ് പദ്ധതിക്ക് ഇന്ത്യ തുടക്കം കുറിച്ചു. ശത്രുരാജ്യങ്ങളിലേക്ക് പ്രവേശിക്കാതെ തന്നെ റഡാറിന്റെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സഹായത്തോടെ നിരീക്ഷിക്കാൻ കഴിയുന്ന എയർബോൺ വാണിങ് ആൻഡ് കൺട്രോൾ സിസ്റ്റമുള്ള (അവാക്സ്) വിമാനമാണ് വികസിപ്പിച്ചെടുക്കുന്നത്.

വളരെ ദൂരത്തുനിന്നുതന്നെ ശത്രുരാജ്യങ്ങളെ നിരീക്ഷിക്കാനുള്ള ശേഷിയാണ് ഈ സംവിധാനത്തിനുള്ളതെന്ന് പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡി.ആർ.ഡി.ഒ ഡയറക്ടർ ജനറൽ വി.കെ. സാരസ്വത് പറഞ്ഞു. അമേരിക്ക, റഷ്യ, ഫ്രാൻസ്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങൾ ഇതിനകം തന്നെ ഈ നേട്ടം കൈവരിച്ചുകഴിഞ്ഞു. 6,000 കോടി രൂപയാണ് ഈ പദ്ധതിയുടെ ചെലവ് പ്രതീക്ഷിക്കുന്നത്.





# സ്ത്രീ സുരക്ഷ സർക്കാരിന്റെ ഉത്തരവാദിത്വം

നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ആശയമാണ് സ്ത്രീ-പുരുഷ സമത്വം. മതേതര ജനാധിപത്യരാജ്യത്ത് സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യനീതി ലഭിക്കേണ്ടത് ആരോഗ്യമുള്ള സാമൂഹികക്രമത്തിന് അനിവാര്യമാണ്. നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് സ്ത്രീകൾ നേരിടുന്ന അവഗണനയും പീഡനവും ഇന്ന് നിത്യവാർത്തയാണ്. മാധ്യമങ്ങളും സാമൂഹിക പ്രവർത്തകരും കണ്ണും കാതും തുറന്നിരിക്കുന്നതുകൊണ്ട് സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ നിമിഷങ്ങൾക്കകം നമുക്ക് അറിയാൻ കഴിയുന്നു.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിച്ച സാഹചര്യത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്ത്രീസംരക്ഷണ നിയമങ്ങൾ കർശനമാക്കുവാൻ തീരുമാനിച്ചത്. ഡൽഹിയിലെ പെൺകുട്ടികളുടെ ദാരുണമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീ സുരക്ഷയ്ക്കാവശ്യമായ നിർദേശങ്ങൾ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയ ജസ്റ്റീസ് വർമ കമ്മിഷൻ ശുപാർശകൾ ചില ഭേദഗതികളോടെ അംഗീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഓർഡിനൻസ് ഇറക്കിക്കഴിഞ്ഞു. പൊതുഇടങ്ങളിലും വീട്ടിലും ഉണ്ടാകുന്ന എല്ലാത്തരം സ്ത്രീ പീഡനങ്ങൾക്കും പരമാവധി ശിക്ഷ ഉറപ്പാക്കുന്നതാണ് ഓർഡിനൻസ്. സംസ്ഥാന സർക്കാരും സമാനമായ രീതിയിൽ സ്ത്രീസുരക്ഷാനിയമം നടപ്പാക്കിയിട്ടുണ്ട്.

കേരള വനിതകളുടെ സ്വകാര്യതയും അന്തസും സംരക്ഷണ ബിൽ 2013 ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുവാനാണ് സർക്കാർ തീരുമാനിച്ചത്. സ്ത്രീകൾ ഇടപെടുന്ന എല്ലാ മേഖലകളിലും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് ഈ നിയമം. സ്ത്രീപീഡനത്തിന് ഏഴു വർഷം വരെ തടവും പിഴയുമാണ് ശിക്ഷ. പീഡനം മൂലം സ്ത്രീ മരണപ്പെടുയാണെങ്കിൽ ജീവപര്യന്തം തടവും പിഴയും.

2007 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 8093 പേർ സ്ത്രീധനപീഡനങ്ങൾ മൂലം മരണമടഞ്ഞു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആധുനിക ജീവിതസാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുമ്പോഴും പുരുഷകേന്ദ്രീകൃതമായ മൂല്യസങ്കൽപ്പങ്ങൾക്കനുസരിച്ച് ജീവിക്കേണ്ടിവരുന്നുവെന്നത് സ്ത്രീ സുരക്ഷയ്ക്ക് ഭീഷണിയാകുന്നുണ്ട്. സ്ത്രീയെ പൂർണവ്യക്തിയായി അംഗീകരിക്കുവാൻ സമൂഹം ഇനിയും ശീലിച്ചിട്ടില്ല.

സംസ്കാരസമ്പന്നമായ സമൂഹത്തെ സൃഷ്ടിച്ചെടുക്കാൻ സ്ത്രീപുരുഷ സമത്വം അത്യാവശ്യമാണ്. വ്യക്തി എന്നനിലയിൽ സ്ത്രീയുടെ വ്യക്തിത്വം അംഗീകരിക്കുവാൻ തയാറുള്ള ജനാധിപത്യ കാഴ്ചപ്പാട് വികസിപ്പിക്കേണ്ടതുണ്ട്. സാമൂഹിക ക്രമങ്ങൾ അനുസ്യൂതമായ പരിവർത്തനത്തിന് വിധേയമാണ്. അതനുസരിച്ച് മൂല്യങ്ങൾ രൂപപ്പെടുകയും വേണം. നൂറു കൊല്ലം മുൻപുള്ള സാമൂഹിക-കുടുംബക്രമമല്ലല്ലോ ഇന്നുള്ളത്. നാളത്തെ സാമൂഹികക്രമം ഇന്നത്തേതായിരിക്കില്ലെന്ന് ഉറപ്പാണ്. സ്ത്രീകൾക്ക് ആദരവും പ്രാധാന്യവുമുള്ള സാമൂഹികക്രമം സൃഷ്ടിച്ചെടുക്കാനാണ് നാമെല്ലാം ശ്രമിക്കേണ്ടത്. നിയമങ്ങൾക്കൊപ്പം സാമൂഹികാവബോധവും ഇതിന് അനിവാര്യമാണ്. ■